മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24

Vol. 15 / Issue 9
September 2024

"For their sake I consecrate myself , that they also may be consecrated in truth" (John 17:19)

മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 15 സെപ്റ്റംബർ 2024 ലക്കം 9

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

ഉള്ളടക്കം

പൗരോഹിത്യ ആദ്ധ്യാത്മികത..... 5
രൂപതാ കച്ചേരി വാർത്തകൾ..... 12
മതബോധനരംഗം 14
ചെറുപുഷ്പ മിഷൻലീഗ്..... 17
തിരുബാലസഖ്യം 26
കെ.സി.വൈ.എം..... 27
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി..... 34
കുടുംബപ്രേഷിതത്വം..... 37
സീയോൻ വാർത്തകൾ 47
സാമൂഹ്യ സേവനരംഗം (WSSS)..... 48
ജീവസ് & കെ.എൽ.എം 54
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി..... 56
കത്തോലിക്കാ കോൺഗ്രസ്സ് 61
ബയോവിൻ അഗ്രോ റിസർച്ച്..... 66
റേഡിയോ മാറ്റൊലി 69
Mary Matha Arts & Science College..... 71
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി 73
ഫെഡാർ ഫൗണ്ടേഷൻ..... 80
ബിഷപ്സ് പ്രോഗ്രാം..... 81

നിർദ്ദേശങ്ങളും അഭിവാദനങ്ങളും

(തിരുവചനഭാഗം: 1 കോറിന്തോസ് 16,124)

മല്പാൻ മാത്യു വെള്ളാനിക്കൽ

കോറിന്തോസുകാർ എഴുതിചോദിച്ച കാര്യങ്ങൾക്കെല്ലാം മറുപടി നല്കിയ ശേഷം തുടർയാത്രയെക്കുറിച്ച് അവരെ അറിയിക്കുകയും അവർക്ക് അഭിവാദനങ്ങൾ അർപ്പിക്കുകയും ചെയ്യുന്നു. ഈ വചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം.

1. ധർമ്മശേഖരണം (16,14)
2. യാത്രാപദ്ധതികൾ (16,59)
3. തിമോത്തേയോസും അപ്പോളോസും (16,1012)
4. അഭ്യർത്ഥന (16,1318)
5. അഭിവാദനം (16,1924)

1. ധർമ്മശേഖരണം

''ഇനി വിശുദ്ധർക്കുവേണ്ടിയുള്ള സംഭാവനയെപ്പറ്റി പ്രതിപാദിക്കാം. ഗലാത്തിയായിലെ സഭകളോടു ഞാൻ നിർദേശിച്ചതുപോലെ നിങ്ങളും ചെയ്യുവിൻ. ഞാൻ വരുമ്പോൾ പിരിവൊന്നും നടത്താതിരിക്കുന്നതിന് നിങ്ങൾ ഓരോരുത്തരും കഴിവനുസരിച്ചുള്ള തുക ആഴ്ചയിലെ ആദ്യദിവസം നീക്കിവയ്ക്കണം. ഞാൻ വരുമ്പോൾ, നിങ്ങളുടെ സംഭാവന കൊണ്ടു പോകുന്നതിനുവേണ്ടി നിങ്ങൾ അംഗീകരിക്കുന്ന വ്യക്തികളെ എഴുത്തുമായി ജറുസലെമിലേക്കയച്ചുകൊള്ളാം. ഞാൻ കൂടെ പോകേണ്ട ആവശ്യമുണ്ടെങ്കിൽ അവർ എന്നോടൊപ്പം പോരട്ടെ'' (16,1–4).

പൗലോസിൽനിന്നു തീരുമാനം അറിയാൻവേണ്ടി എഴുതിചോദിച്ച കാര്യങ്ങളിൽ ഒന്ന് ജറുസലേം സഭയിലെ വിശ്വാസികൾക്കുവേണ്ടിയുള്ള സഹായശേഖരണമാണ്. പൗലോസ്ശ്ലീഹാ ജറുസലേം സന്ദർശിച്ച് വിജാതീയരുടെ ഇടയിലുള്ള തന്റെ പ്രേഷിതത്വത്തെക്കുറിച്ച് ശ്ലീഹന്മാരെ പരിചയപ്പെടുത്തിയ അവസരത്തിൽ രൂപംകൊണ്ട ഒരു പദ്ധതിയായിരിക്കാം ഇത്. സഹായശേഖരണം സംബന്ധിച്ച് കോറിന്തോസുകാർ എന്താണു ചോദിച്ചത് എന്ന് വ്യക്തമല്ല. ജറുസലേമിലുണ്ടായ കൊടിയ ക്ഷാമത്തിന്റെ ഫലമായി (ശ്ലീഹാ 11,28–30) അവിടെയുള്ള വിശ്വാസികൾ വലിയ സാമ്പത്തിക ഞെരുക്കത്തിലായിരുന്നിരിക്കണം. ക്രിസ്ത്യാനികൾക്കെതിരായുള്ള പീഡനങ്ങളും, ആദിമകാലത്തെ പൊതുവായ ജീവിതരീതിയുമെല്ലാം ഇതിന്റെ ആക്കം വർദ്ധി

പ്പിച്ചിരുന്നിരിക്കാം. വിജാതീയരുടെ ഇടയിലുള്ള പൗലോസിന്റെ പ്രേഷിത പ്രവർത്തനങ്ങളെ ജറുസലേം ക്രിസ്താനികൾ സംശയത്തോടെയാണ് വീക്ഷിച്ചിരുന്നത്. ഈ പശ്ചാത്തലത്തിൽ ഇരുസഭകളും തമ്മിലുള്ള ഐക്യവും സ്നേഹവും വളർത്താൻ ഇതു സഹായിക്കും എന്ന് പൗലോസ്ശ്ലീഹാ കരുതിയിരിക്കാം.

യൂദയായിലായിരുന്ന സമയത്ത് സാധുക്കളായ ജറുസലേം സഹോദരങ്ങളെ സഹായിക്കാൻ ഏഷ്യയിലെയും ഗ്രീസിലെയും സഭകളിൽനിന്ന് പണം സ്വരൂപിക്കാം എന്ന് പൗലോസ്ശ്ലീഹാ സമ്മതിച്ചിരുന്നു. കോറിന്തോസുകാർക്കുള്ള തന്റെ ആദ്യ കത്തിൽ ഇത്തരം ഒരു പണസമാഹരണത്തിന്റെ കാര്യം കോറിന്തോസുകാരെ അറിയിച്ചിരുന്നിരിക്കണം (5,9). ഇതിന്റെ അടിസ്ഥാനത്തിൽ തങ്ങൾ എങ്ങനെയാണ് ഇതു നടത്തേണ്ടതെന്നും കോറിന്തോസുകാർക്ക് വ്യക്തതയില്ലായിരുന്നിരിക്കാം. മറ്റു സഭകളും ഇപ്രകാരം ചെയ്യുന്നുണ്ടെന്നും ഇവിടെ സൂചനയുണ്ട് (16,2). ഞായറാഴ്ചകളിൽ സഭാംഗങ്ങൾ ഓരോരുത്തരും കഴിയുന്ന ഒരു തുക ഇതിനായി നീക്കിവയ്ക്കണം. എപ്രകാരം അത് ജറുസലേമിലെത്തിക്കാം എന്ന നിർദ്ദേശങ്ങളൊക്കെ നൽകുന്നു. ഞായറാഴ്ചകളിലെ സ്തോത്രകാഴ്ചയെക്കുറിച്ച് ശരിയായ കാഴ്ചപ്പാടുകൾ അജഗണങ്ങൾക്കു നൽകുവാൻ അജപാലകർ ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് ഇതിൽനിന്നു വ്യക്തമാണ്.

2. യാത്രാപദ്ധതികൾ

''ഞാൻ മക്കെദോനിയായിൽ പോയിട്ട് നിങ്ങളെ സന്ദർശിക്കുന്നതാണ്. എനിക്ക് അവിടെ പോകേണ്ടതുണ്ട്. ഞാൻ നിങ്ങളുടെ കൂടെ കുറെനാൾ, ഒരുപക്ഷേ ശീതകാലംമുഴുവൻ, ചെലവഴിച്ചെന്നുവരാം. തദവസരത്തിൽ, എന്റെ തുടർന്നുള്ള എല്ലായാത്രകൾക്കും വേണ്ട സഹായം ചെയ്തുതരാൻ നിങ്ങൾക്കു കഴിഞ്ഞേക്കും. നിങ്ങളെ തിടുക്കത്തിൽ സന്ദർശിച്ചുപോരാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. കർത്താവ് അനുവദിക്കുമെങ്കിൽ കുറെനാൾ നിങ്ങളോടൊത്തു കഴിയാമെന്ന് ഞാൻ ആശിക്കുന്നു. പന്തക്കുസ്താവരെ ഞാൻ എഫേസോസിൽ താമസിക്കും. ഫലപ്രദമായ പ്രവർത്തനത്തിനുള്ള ഒരു വലിയ വാതിൽ എനിക്കു തുറന്നുകിട്ടിയിട്ടുണ്ട്. പ്രതിയോഗികളും വളരെയാണ്'' (16,59).

കോറിന്തോസുകാർ ശേഖരിക്കുന്ന തുക ജറുസലേമിലേക്കു കൊണ്ടുപോകാൻ ആവശ്യമെങ്കിൽ താനും പോകാം എന്നു പറയുന്നതുകൊണ്ടാകാം തന്റെ യാത്രയുടെ കാര്യങ്ങളും പൗലോസ്ശ്ലീഹാ ഇവിടെ എടുത്തുപറയുന്നത്. താൻ കോറിന്തോസിലേക്കു വരുന്നതി

നെക്കുറിച്ച് നേരത്തെ അധികാരത്തിന്റെയും താക്കീതുകളുടെയും സ്വരത്തിലാണ് പൗലോസ്ശ്ലീഹാ പറഞ്ഞിട്ടുള്ളത് (4,18-21). എന്നാൽ ഇവിടെ വളരെ സൗഹൃദത്തിലാണ് തന്റെ വരവിനെക്കുറിച്ച് പൗലോസ്ശ്ലീഹാ സംസാരിക്കുന്നത്. എന്തുകൊണ്ടാണ് തനിക്ക് ഉടനെ വരാൻ സാധിക്കാത്തത് എന്നതും വിശദീകരിക്കുന്നുണ്ട്.

കോറിന്തോസിൽ കുറച്ചേറെക്കാലം താമസിക്കാൻ താൻ ആഗ്രഹിക്കുന്നെന്നും അതിനുശേഷം അവർ തന്നെ യാത്രയാക്കണമെന്നും സൂചിപ്പിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. തന്റെ സന്ദർശനം പ്രാധാന്യമുള്ളതാണ് എന്ന് കോറിന്തോസുകാർ മനസ്സിലാക്കണം എന്ന് ശ്ലീഹാ ആഗ്രഹിക്കുന്നു. 'എന്റെ തുടർന്നുള്ള എല്ലാ യാത്രകൾക്കും വേണ്ട സഹായം ചെയ്തുതരാൻ നിങ്ങൾക്കു കഴിഞ്ഞേക്കും' (16,6) എന്നതിന്റെ ധ്വനി തന്റെ യാത്രാചിലവുകൾക്കൂടി അവർ വഹിക്കണം എന്നതാണ്. ഇത് എല്ലാ സുവിശേഷപ്രഘോഷകരെയും സംബന്ധിച്ച് സാധാരണ പ്രതീക്ഷിക്കുന്ന കാര്യമായിരിക്കണം. അതിന്റെ സൂചന 1 കോറിന്തോസ് 9,14 ൽ കാണുന്നുണ്ട്. അവിടെ പൗലോസ് ഇങ്ങനെ പറയുന്നു: ''സുവിശേഷപ്രഘോഷകർ സുവിശേഷം കൊണ്ടുതന്നെ ഉപജീവനം കഴിക്കണമെന്നു കർത്താവു കല്പിച്ചിരിക്കുന്നു''. ഇപ്രകാരമുള്ള പ്രായോഗിക കാര്യങ്ങൾ അജപാലകർ അജഗണങ്ങൾക്ക് മനസ്സിലാക്കി കൊടുക്കണം.

3. തിമോത്തേയോസും അപ്പോളോസും

''തിമോത്തേയോസ് നിങ്ങളുടെ അടുത്തുവരുമ്പോൾ നിങ്ങളുടെയിടയിൽ നിർഭയനായി കഴിയാൻ അവനു സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. അവനും എന്നെപ്പോലെ കർത്താവിന്റെ ജോലിയിൽ വ്യാപൃതനാണല്ലോ. ആകയാൽ, ആരും അവനെ നിന്ദിക്കാൻ ഇടയാകരുത്. എന്റെ അടുത്തു വേഗം മടങ്ങിവരേണ്ടതിന് സമാധാനത്തിൽ അവനെ യാത്രയാക്കണം. സഹോദരരോടൊപ്പം അവനെ ഞാൻ പ്രതീക്ഷിക്കുന്നു. മറ്റു സഹോദരരോടൊത്ത് നിങ്ങളെ സന്ദർശിക്കണമെന്ന് ഞാൻ നമ്മുടെ സഹോദരൻ അപ്പോളാസിനെ വളരെ നിർബന്ധിച്ചതാണ്. എന്നാൽ, ഈ അവസരത്തിൽ നിങ്ങളുടെ അടുത്തുവരാൻ അവന് ഒട്ടും മനസ്സില്ലായിരുന്നു; സൗകര്യപ്പെടുമ്പോൾ വന്നുകൊള്ളും'' (16,10-12).

തിമോത്തേയോസിനെ കോറിന്തോസിലേക്കു പറഞ്ഞയയ്ക്കുന്നുണ്ട് എന്ന് പൗലോസ്ശ്ലീഹാ മുമ്പ് എഴുതിയിരുന്നു (4,17). തന്റെ ഒരു ഔദ്യോഗിക പ്രതിനിധിയായി അദ്ദേഹത്തെ സ്വീകരിക്കണമെന്നും, അദ്ദേഹം കോറിന്തോസിലെ യഥാർത്ഥ വിവരങ്ങൾ തന്നെ

വന്നു ധരിപ്പിക്കുമെന്നും ശ്ലീഹാ അവരെ അനുസ്മരിപ്പിക്കുന്നു. തിമോത്തേയോസിനെ കോറിന്തോസുകാർ എപ്രകാരം സ്വീകരിക്കും എന്നതിനെപ്പറ്റി പൗലോസ്ശ്ലീഹായ്ക്ക് ആശങ്കയുണ്ടെന്ന് ഇത് സൂചിപ്പിക്കുന്നു. പൗലോസിന്റെ പ്രതിനിധിയായി കോറിന്തോസുകാർ സ്വീകരിക്കാൻ ആഗ്രഹിച്ചത് അപ്പോളോസിനെയാണ്. അതിനാലാണ് അദ്ദേഹത്തിന്റെ സന്ദർശനത്തെപ്പറ്റി അവർ പൗലോസിനോട് ആരാഞ്ഞത് (16,12). കോറിന്തോസിലേക്കു പോകാൻ പൗലോസ്ശ്ലീഹാ അയാളെ നിർബന്ധിക്കുകയും ചെയ്തു. എങ്കിലും സാഹചര്യങ്ങൾ പരിഗണിച്ച് അയാൾ അതിനു വഴങ്ങാതെ തന്റെ യാത്ര പിന്നീടൊരിക്കലേക്കു മാറ്റിവയ്ക്കുകയായിരുന്നു.

തിമോത്തേയോസിന്റെയും അപ്പോളോസിന്റെയും യാത്രാപദ്ധതികളെക്കുറിച്ചുള്ള പരാമർശങ്ങൾ ചില പ്രധാനപ്പെട്ട വസ്തുതകൾ സൂചിപ്പിക്കുന്നുണ്ട്. തിമോത്തേയോസ് പൗലോസിന്റെ വിശ്വസ്ത ശിഷ്യനാണ്. അയാളെക്കുറിച്ച് ശ്ലീഹാ പറയുന്ന വിശേഷണം ശ്രദ്ധേയമാണ്. 'അവനും എന്നെപ്പോലെ കർത്താവിന്റെ ജോലിയിൽ വ്യാപൃതനാണല്ലോ' എന്നാണ് പൗലോസ് പറയുന്നത്. സുവിശേഷ ശുശ്രൂഷ ആരുടെയും സ്വന്തം ജോലിയല്ല. അതു കർത്താവിന്റെ ജോലിയാണ്. കോറിന്തോസുകാരുടെയിടയിൽ നിർഭയനായി കഴിയുവാൻ സാഹചര്യം സൃഷ്ടിക്കണം എന്ന പരാമർശം ആ സഭയിലെ സാഹചര്യം മോശമായിരുന്നു എന്നതിന്റെ സൂചനയാണ്. സഭയിലെ അനൈക്യവും കക്ഷിവഴക്കും നേതാക്കളുടെ പക്ഷം പിടിച്ചുള്ള നിലപാടുകളുമായിരിക്കാം ഇപ്രകാരം പറയുവാൻ പൗലോസിനെ പ്രേരിപ്പിച്ചത്. സഭയുടെ കൂട്ടായ്മാ സ്വഭാവത്തിനു വിരുദ്ധമായ അനൈക്യവും കക്ഷിവഴക്കുകളും ഉണ്ടാകാതിരിക്കാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

4. അഭ്യർത്ഥന

''നിങ്ങൾ ജാഗരൂകരായിരിക്കുവിൻ. വിശ്വാസത്തിൽ ഉറച്ചുനിൽക്കുവിൻ; പൗരുഷവും കരുത്തും ഉള്ളവരായിരിക്കുവിൻ. നിങ്ങളുടെ സകല കാര്യങ്ങളും സ്നേഹത്തോടെ നിർവഹിക്കുവിൻ. സഹോദരരേ, സ്തേഫാനാസിന്റെ കുടുംബാംഗങ്ങളാണ് അക്കായിയായിലെ ആദ്യഫലങ്ങളെന്നും അവർ വിശുദ്ധരുടെ ശുശ്രൂഷയ്ക്കായി തങ്ങളെത്തന്നെ സമർപ്പിച്ചുവെന്നും നിങ്ങൾ അറിഞ്ഞിരിക്കണമെന്നു ഞാൻ അഭ്യർഥിക്കുന്നു. ഇപ്രകാരമുള്ളവരെയും എന്നോടു സഹകരിച്ച് അധ്വാനിക്കുന്ന എല്ലാവരെയും നിങ്ങൾ അനുസരിക്കണമെന്ന് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. സ്തേഫാനാസും ഫൊർത്തുനാത്തൂസും ആകായിക്കോസും വന്നതിൽ ഞാൻ ആഹ്ലാദിക്കുന്നു. എന്തെന്നാൽ,

നിങ്ങളുടെ അസാന്നിധ്യം അവർ പരിഹരിച്ചു. അവർ എന്റേയും നിങ്ങളുടെയും ആത്മാവിനെ ഉന്മേഷപ്പെടുത്തി ഇങ്ങനെയുള്ളവരെ നിങ്ങൾ അംഗീകരിക്കണം'' (16,13-18).

കോറിന്തോസുകാരോട് നടത്തുന്ന അവസാന അഭ്യർത്ഥന ശ്രദ്ധേയമാണ്. പ്രധാനമായും നാലു കാര്യങ്ങളാണ് എടുത്തു പറയുന്നത്. ഒന്നാമത്തേത് 'ജാഗരൂകരായിരിക്കുവിൻ' എന്നാണ്. ഇത് ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന സ്വഭാവമായി കാണാം. കർത്താവിന്റെ രണ്ടാമത്തെ ആഗമനം പ്രതീക്ഷിച്ചുള്ള ക്രിസ്തീയ ജീവിതത്തെ സൂചിപ്പിക്കുന്നതാവാമത്. അതോടൊപ്പം തെറ്റായ പഠനങ്ങൾ നൽകുന്നവർക്കെതിരെ ജാഗ്രത പുലർത്തണമെന്നും അത് സൂചിപ്പിക്കുന്നുണ്ടാവും. 'വിശ്വാസത്തിൽ ഉറച്ചുനിൽക്കുവിൻ' എന്നത് മിശിഹായിൽ അധിഷ്ഠിതമായ ജീവിതശൈലിയാണ്. മിശിഹായിലുള്ള വിശ്വാസമാണല്ലോ ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം. മിശിഹായുടെ സുവിശേഷത്തിനനുസൃതമായ ജീവിതം നയിച്ചുകൊണ്ടാണ് മിശിഹായിലുള്ള വിശ്വാസത്തിൽ നാം നിലനില്ക്കേണ്ടത്. ക്രിസ്തീയവിശ്വാസത്തിന്റെ ഉള്ളടക്കവും അതിനനുസൃതമായ ജീവിതവും അത് സൂചിപ്പിക്കുന്നുണ്ട്.

''പൗരുഷവും കരുത്തും ഉള്ളവരാകുവിൻ എന്ന ആഹ്വാനം, ബാലിശമായ വാഗ്ദാനങ്ങളിലും തർക്കങ്ങളിലും വിഭാഗീയതകളിലും നിന്നു മാറാനുള്ള ആഹ്വാനമാണ്. അവർ ഇനിയും വളരേണ്ടതുപോലെ വളർന്നിട്ടില്ല എന്നതിന്റെ സൂചനയാണ് ഭിന്നതകൾ. ധൈര്യത്തോടെ പെരുമാറുക, യാതൊന്നിനെയും ഭയപ്പെടാതിരിക്കുക എന്നത് വിശ്വാസത്തിനായുള്ള പോരാട്ടത്തിൽ പ്രധാനമാണ്. ദൈവത്തിൽനിന്നാണ് ക്രിസ്തീയ സാക്ഷ്യത്തിനാവശ്യമായ കരുത്തുലഭിക്കുന്നത്. അവസാനം പറഞ്ഞിരിക്കുന്ന കാര്യം കോറിന്തോസിലെ പ്രത്യേക സാഹചര്യത്തിൽ ഏറ്റം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്: 'നിങ്ങളുടെ സകല കാര്യങ്ങളും സ്നേഹത്തോടെ നിർവ്വഹിക്കുവിൻ' (16,14). ഇവിടെ 'സ്നേഹത്തോടെ' എന്നു തർജ്ജമ ചെയ്തിരിക്കുന്നതിന്റെ ഗ്രീക്കുമൂലം 'സ്നേഹത്തിൽ' എന്നതാണ്. 'സ്നേഹത്തോടെ' എന്നതിനേക്കാൾ 'സ്നേഹത്തിൽ' എന്നു പറഞ്ഞിരിക്കുന്നത് അർത്ഥവത്താണ്. സ്നേഹം ക്രിസ്തീയജീവിതത്തിൽ വേണ്ട ഒരു കാര്യമല്ല. ക്രിസ്ത്യാനി ജീവിക്കുകയും പ്രവർത്തിക്കുകയും ആയിരിക്കുകയും ചെയ്യുന്ന സ്ഥായീഭാവം തന്നെയാണത്. എല്ലാ അജപാലകരും

അജഗണങ്ങൾക്കു നൽകേണ്ട അഭ്യർത്ഥനയായി ഇവയെ കാണാവുന്നതാണ്.

5. അഭിവാദനം

''ഏഷ്യയിലെ സഭകൾ നിങ്ങളെ അഭിവാദനം ചെയ്യുന്നു. അക്വീലായും പ്രിസ്ക്കായും അവരുടെ വീട്ടിലുള്ള സഭയും കർത്താവിൽ നിങ്ങളെ ഹൃദയപൂർവം അഭിവാദനം ചെയ്യുന്നു. സകല സഹോദരരും നിങ്ങളെ അഭിവാദനം ചെയ്യുന്നു. നിങ്ങൾ വിശുദ്ധ ചുംബനത്താൽ അന്യോന്യം അഭിവാദനം ചെയ്യുവിൻ. പൗലോസായ ഞാൻ സ്വന്തം കൈപ്പടയിൽ അഭിവാദനം രേഖപ്പെടുത്തുന്നു. ആരെങ്കിലും കർത്താവിനെ സ്നേഹിക്കുന്നില്ലെങ്കിൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ! ഞങ്ങളുടെ കർത്താവേ, വന്നാലും! കർത്താവായ മിശിഹായുടെ കൃപ നിങ്ങളോടു കൂടെ ഉണ്ടായിരിക്കട്ടെ! ഈശോമിശിഹായിൽ എന്റെ സ്നേഹം നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!'' (16,19-24).

പരസ്പരം ആശംസകൾ നേർന്നുകൊണ്ട് കത്തുകൾ അവസാനിപ്പിക്കുക സ്വാഭാവികമാണ്. 'ഏഷ്യയിലെ സഭകൾ' എന്നതും (16,19) സകല സഹോദരരും (16,20) എന്നതും സഭകൾ തമ്മിലുള്ള സാഹോദര്യത്തെയും ഒരുമയെയും വ്യക്തമാക്കുന്നു. ഒരു പ്രദേശത്തെ സഭകളെല്ലാം ആശംസകൾ അയയ്ക്കുന്നു എന്നത് ഈ ലേഖനഭാഗത്തുമാത്രമേ കാണുന്നുള്ളൂ. കോറിന്തോസിലെ സഭ ഒരു വലിയ സഭാകൂട്ടായ്മയുടെ, ആഗോള സഭയുടെ ഭാഗമാണെന്ന ഓർമ്മപ്പെടുത്തലാകാം അത്. അക്വീലായും പ്രിസ്ക്കായും പൗലോസ്ശ്ലീഹായുടെ പഴയകാല സുഹൃത്തുക്കളാണ്. സഭയുടെ ആരംഭകാലത്ത് ശ്ലീഹായോടൊപ്പം അവരുമുണ്ടായിരുന്നു (ശ്ലീഹാ 18,13). എഫേസോസിൽ തങ്ങളുടെ ഭവനത്തിൽ ഒരു സഭയ്ക്ക് ആതിഥ്യം കൊടുക്കാൻ കഴിയുംവിധം സ്വാധീനവും സൗകര്യവും അവർക്കുണ്ടായിരുന്നിരിക്കണം.

വിശുദ്ധ ചുംബനത്താൽ അന്യോന്യം അഭിവാദനം ചെയ്യുവിൻ എന്നത് ഒരു ആഹ്വാനം എന്നതിനേക്കാൾ സാംസ്കാരികമായ ഒരു പതിവ് സൂചിപ്പിക്കുന്നതാവാം. സമാധാനചുംബനം എന്ന നിലയിൽ ആരാധനാസമ്മേളനങ്ങളുടെ ഭാഗമായി വിശ്വാസികൾ പരസ്പരം ആശംസകൾ അർപ്പിക്കുന്ന പതിവ് പിന്നീടും സഭകളിൽ കാണുന്നുണ്ട്. ഇത് പരസ്പരാനുരഞ്ജനത്തിന്റെ ആശംസയുമാണ്. കുടുംബബന്ധത്തെയും സൂചിപ്പിക്കുന്ന ഈ വിശുദ്ധ ചുംബനം, വിശ്വാസികൾ ദൈവപിതാവിന്റെ കുടുംബത്തിലെ അംഗങ്ങളും പരസ്പരം സഹോദരങ്ങളുമാണെന്ന് ഓർമ്മപ്പെടുത്തുന്നു. സഭ പിതാവായ ദൈവത്തിന്റെ

മക്കളുടെ ഒരു കുടുംബമാണെന്ന് അജഗണങ്ങളെ ബോധവൽക്കരിക്കുവാൻ അജപാലകർ ശ്രദ്ധിക്കണം.

ജീവിതസൂചിക

1. കുർബാന മദ്ധ്യേയുള്ള സ്തോത്രകാഴ്ചകളെക്കുറിച്ച് സഭാത്മകമായ കാഴ്ചപ്പാടുകൾ ജനങ്ങൾക്കു കൊടുക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. അജപാലകർക്ക് ചെയ്തുകൊടുക്കേണ്ട ഭൗതികസൗകര്യങ്ങളെക്കുറിച്ച് ഞാൻ ജനങ്ങളെ ബോധവൽക്കരിക്കുന്നുണ്ടോ?
3. സഭയുടെ കൂട്ടായ്മാസ്വഭാവത്തിനു വിരുദ്ധമായ നിലപാടുകൾ ഇടവകയിൽ ഉണ്ടാകാതിരിക്കാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
4. പരസ്പരസ്നേഹം ക്രിസ്തീയജീവിതത്തിന്റെ സ്ഥായീഭാവമാണെന്ന് ഞാൻ ജനങ്ങളെ മനസ്സിലാക്കി കൊടുക്കുന്നുണ്ടോ?
5. സഭ ദൈവമക്കളുടെ കുടുംബമാണെന്ന ബോധവൽക്കരണം ഞാൻ സഭാംഗങ്ങൾക്ക് നല്കുന്നുണ്ടോ?

സ്നേഹസ്മരണ

ബഹു. സെബാസ്റ്റ്യൻ പാലക്കീൽ അച്ചന്റെയും, ബഹു. ജോസഫ് മഴുവഞ്ചേരി അച്ചന്റെയും ചരമവാർഷികം സെപ്റ്റംബർ 2-ാം തീയതിയും, ബഹു. മാത്യു അത്തിക്കൽ അച്ചന്റെ ചരമവാർഷികം സെപ്റ്റംബർ 17-ാം തീയതിയും, ബഹു. ജോർജ് കഴിക്കച്ചാലിൽ അച്ചന്റെയും, ബഹു. മാത്യു ഇല്ലിക്കൽ അച്ചന്റെയും ചരമവാർഷികം സെപ്റ്റംബർ 19-ാം തീയതിയും, ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചന്റെ ചരമവാർഷികം സെപ്റ്റംബർ 28-ാം തീയതിയുമാണ്. ഈ വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

കൂരിയ അവധി

ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം പ്രമാണിച്ച് സെപ്റ്റംബർ 08 മുതൽ 13 വരെ രൂപതാ കൂരിയ അവധിയായിരിക്കും.

പാസ്റ്ററൽ കൗൺസിൽ (Pastoral Council)

നമ്മുടെ രൂപതയുടെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു സമ്മേളനം 2024 ഒക്ടോബർ 12 ശനിയാഴ്ച്ച രാവിലെ 10:30 മണി മുതൽ ഉച്ചകഴിഞ്ഞ് 1.00 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. ഏതെങ്കിലും കാരണവശാൽ ക്ഷണക്കത്ത് ലഭിക്കാതെ വന്നാൽ ഇതു അറിയിപ്പായി സ്വീകരിച്ച് സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മതബോധന ദിനം

സെപ്റ്റംബർ 15-ാം തീയതി നമ്മുടെ രൂപതയിൽ മതബോധന ദിനമായി ആഘോഷിക്കുകയാണല്ലോ. വിശ്വാസത്തിന്റെ കൈമാറ്റമെന്ന വലിയ ദൗത്യത്തിൽ പങ്കുചേരുന്ന ഏവരേയും ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. അന്നേദിവസം വളരെ പ്രത്യേകമായി വിശ്വാസപരിശീലന രംഗത്ത് നമ്മുടെ ഇടവകകളിൽ ത്യാഗ ബുദ്ധിയോടെയും ആത്മാർത്ഥതയോടെയും സേവനം ചെയ്യുന്ന അധ്യാപകരെ രൂപത മുഴുവന്റെയും കൃതജ്ഞതയും അനുമോദനങ്ങളും അറിയിക്കുകയും പ്രത്യേകം ആദരിക്കുകയും ചെയ്യുമല്ലോ. മാതാപിതാക്കളും

അധ്യാപകരും ഇടവകജനം മുഴുവനും ബഹു. വികാരിയച്ചനോട് ചേർന്ന് നമ്മുടെ കുട്ടികളുടെ വിശ്വാസ പരിശീ ലനത്തിൽ അതീവ ശ്രദ്ധ ചെലുത്തണമെന്ന കാര്യം മതബോധന ദിനം നമ്മെ ഓർമ്മപ്പെടു ത്തുന്നു.

രൂപതയുടെ മതബോധന പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ബഹുമാനപ്പെട്ട തോമസ് കച്ചിറയിൽ അച്ചനേയും അച്ചനോ ടൊപ്പം പ്രവർത്തിക്കുന്ന രൂപതാ ടീം അംഗങ്ങളേയും ഇത്തരുണ ത്തിൽ നന്ദിയോടെ ഓർക്കുകയും അവർക്ക് എല്ലാവിധ ഭാവുകങ്ങളും വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

സീറോമലബാർസഭ അസംബ്ലിക്ക് ഉജ്ജ്വല സമാപനം

പാലാ രൂപതയിലെ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂ ട്ടിൽ വെച്ച് നടന്ന അഞ്ചാമത് മേജർആർക്കിഎപ്പിസ്കോപ്പൽ അസം ബ്ലിക്ക് സമാപനമായി. 348 പേർ പങ്കെടുത്ത അസംബ്ലിയിൽ കാലാനു സൃതമായ സഭാജീവിതവും ദൗത്യവും എന്ന മുഖ്യ പ്രമേയം ആസ് പദമാക്കി വിശ്വാസ പരിശീലന നവീകരണം, സുവിശേഷ പ്രഘോഷണത്തിലെ അല്മായ പങ്കാളിത്തം, സമുദായ ശാക്തീക രണം എന്നീ മേഘലകളാണ് ചർച്ചാ വിഷയമാക്കിയത്.

നമ്മുടെ രൂപതയുടെ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ, വൈദിക പ്രതിനിധി ബഹു. ഫാ. കുര്യാക്കോസ് കുന്നത്ത്, സന്യസ്ത പ്രതിനിധി ബഹു. സി. ഫിലോ SCV, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോസ് മാത്യു പുഞ്ചായിൽ, യുവജന പ്രതിനിധി ശ്രീ. ജിഷിൻ മുണ്ടയ് ക്കാത്തടത്തിൽ, വനിതാ പ്രതിനിധിയും രൂപതാ അസംബ്ലി അംഗവു മായ ശ്രീമതി സിജി വർഗ്ഗീസ് ഇലഞ്ഞിക്കൽ എന്നിവരാണ് രൂപ തയെ പ്രതിനിധീകരിച്ച് അസംബ്ലിയിൽ പങ്കെടുത്തത്. അസംബ്ലി യിൽ സജീവമായി പങ്കെടുത്ത രൂപതാ പ്രതിനിധികൾക്ക് എല്ലാവിധ അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

മാർ അലക്സ് താരാമംഗലം
സഹായമെത്രാൻ

മതബോധനഞായർ: സെപ്തംബർ 15

മതബോധന ഞായറിന്റെ മംഗളങ്ങൾ ആശംസിക്കുകയും പ്രാർത്ഥനകൾ നേരുകയും ചെയ്യുന്നു. ഈ വർഷം സെപ്തംബർ 15-ാം തീയതി തിരുവോണമാണല്ലോ അതുകൊണ്ട് മതബോധന ഞായറിന്റെ ആഘോഷങ്ങൾ ഇടവകയിൽ സൗകര്യപ്രദമായ ദിവസം നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

പരി.പിതാവ് ഫ്രാൻസീസ് മാർപാപ്പ "പുരാതനശുശ്രൂഷ" (Antiquum Ministerium) എന്ന അപ്പസ്തോലിക ലേഖനം വഴി മതബോധനത്തെ അല്മായരുടെ ഒരു ഔദ്യോഗിക ശുശ്രൂഷയായി ഉയർത്തിയിരിക്കുന്നു. സഭയെ നട്ടുപിടിപ്പിക്കുന്നതിൽ അല്മായർക്കുള്ള പങ്ക് രണ്ടാം വത്തിക്കാൻ കൗൺസിൽ ഊന്നിപ്പറയുന്നുണ്ട്. ആകയാൽ ഇന്നും ക്രിസ്തീയ വിശ്വാസത്തിന്റെ സൗന്ദര്യവും നന്മയും കണ്ടെത്തുവാൻ ആഗ്രഹിക്കുന്ന എല്ലാവരെയും കണ്ടുമുട്ടുവാനായി ഇറങ്ങിപുറപ്പെടാൻ ആത്മാവ് ഏവരെയും ക്ഷണിക്കുന്നു. ഈ പ്രക്രിയയിൽ ഏർപ്പെടുന്ന അവരെ പ്രോത്സാഹിപ്പിക്കുക എന്നത് അജപാലകരുടെ കടമയാണ്. പുരാതന കാലം മുതൽ സഭയിലുള്ള മതദ്ധ്യാപക ശുശ്രൂഷയെക്കുറിച്ച് പുതിയ നിയമ ലിഖിതങ്ങളിൽ കാണാവുന്നതാണ്. ആദിമ ക്രൈസ്തവ സമൂഹത്തിൽ വിവിധങ്ങളായ ശുശ്രൂഷകളിൽ ഏർപ്പെട്ടുകൊണ്ടിരുന്നവർ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോട് അനുസരണം പുലർത്തിക്കൊണ്ട് സഭയെ പടുത്തുയർത്തുവാൻ തങ്ങളുടെ ജീവിതങ്ങൾ സമർപ്പിച്ചവരായിരുന്നു. ഓരോരുത്തർക്കും പൊതുനന്മയ്ക്കുവേണ്ടി ആത്മാവിന്റെ വെളിപ്പെടുത്തലുകൾ നൽകപ്പെട്ടിരിക്കുന്നുവെന്ന് വി. പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്.

ഈ കാലഘട്ടത്തിൽ സമർത്ഥരും സമർപ്പിതരുമായ ധാരാളം മതാദ്ധ്യാപകർ സഭയിലുണ്ട്. അവർ വിശ്വാസ സമൂഹത്തിന്റെ നേതാക്കളാണ്. വിശ്വാസത്തിന്റെ പ്രചാരണത്തിനും വർദ്ധനവിനുമായി അവർ ഏർപ്പെട്ടിരിക്കുന്ന പ്രേഷിത ദൗത്യം അമൂല്യമാണ്. വാഴ്ത്തപ്പെട്ടവരുടെയും വിശുദ്ധരുടെയും രക്തസാക്ഷികളുടെയും നിരയിൽ ഒരുപാട് മതാദ്ധ്യാപകർ ഉണ്ടായിരുന്നു എന്നതും അവരുടെ

പ്രയത്നം സഭയുടെ ദൗത്യം നിർണ്ണായകമാം വിധം പുരോഗമിക്കുവാൻ ഇടയാക്കിയിട്ടുണ്ട് എന്നതും അംഗീകരിക്കപ്പെടേണ്ട വസ്തുതയാണ്. അല്മായർക്ക് ലഭിച്ചിരിക്കുന്ന വിവിധങ്ങളായ ദാനങ്ങളിൽ വിശ്വാസപരിശീലനമെന്ന ശ്രേഷ്ഠമായ ദാനത്തിന്റെ മഹിമ മനസിലാക്കി പ്രവർത്തിക്കുന്ന നമ്മുടെ എല്ലാ വിശ്വാസപരിശീലകരെയും അവർക്ക് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട അച്ചൻമാരെയും സമർപ്പിതരെയും പ്രത്യേകം ഓർത്ത് നമുക്ക് പ്രാർത്ഥിക്കാം.

സെമസ്റ്റർ പരീക്ഷ

ഈ വർഷത്തെ ആദ്യസെമസ്റ്റർ പരീക്ഷ 03/11/2024 ഞായറാഴ്ചയായിരിക്കും. സിലബസനുസരിച്ചുള്ള പാഠഭാഗങ്ങൾ പൂർത്തിയാക്കി കുട്ടികളെ പരീക്ഷക്കുവേണ്ടി ഒരുക്കുമല്ലോ. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

മേഖലാ മതാധ്യാപക കൺവെൻഷൻ

ആഗസ്റ്റ് 25 ന് ഞായറാഴ്ച ചുങ്കക്കുന്ന് ഫൊറോനയിൽ മതാധ്യാപക കൺവൻഷൻ നടത്തപ്പെട്ടു.

രാവിലെ 9.15 ന് ആരംഭിച്ച കൺവെൻഷനിൽ മേഖല ഡയറക്ടർ റവ. ഫാ.സജി പുഞ്ചയിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. ഫൊറോന വികാരി റവ. ഫാ. പോൾ കൂട്ടാല കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. തലശ്ശേരി മതബോധന കേന്ദ്രം ഡയക്ടർ റവ. ഫാ. ജേക്കബ് വെണ്ണായിപ്പിള്ളിൽ ക്ലാസ്സുകൾ നയിച്ചു. തുടർന്ന് പൊതുമീറ്റീംഗിൽ വച്ച് 15 വർഷം പൂർത്തിയാക്കിയ മതാദ്ധ്യാപകരെ ആദരിച്ചു. ഉച്ചകഴിഞ്ഞ് രൂപത ഡയക്ടർ ഫാ.തോമസ് കച്ചിറയിൽ വി. കുർബാന അർപ്പിച്ചു. കൺവെൻഷന്റെ വിജയത്തിനായി എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ച ബഹുമാനപ്പെട്ട മേഖല ഡയറക്ടർ അച്ചൻ, കൊച്ചച്ചൻ മേഖലാ സെക്രട്ടറി, ഫൊനേയിലെ എല്ലാ പ്രധാനാധ്യാപകർ, ചുങ്കക്കുന്ന് ഇടവകയിലെ കൈക്കാരന്മാർ, അധ്യാപകർ, ഭക്ഷണം തയ്യാറാക്കിയവർ, പങ്കെടുത്ത എല്ലാ അധ്യാപകർ തുടങ്ങിയവർക്ക് രൂപതാ മതബോധന കേന്ദ്രത്തിന്റെ നന്ദി അറിയിക്കുന്നു.

പ്ലസ് വൺ, പ്ലസ് ടു സംഗമം

മാനന്തവാടി മേഖലയിലെ പ്ലസ്വൺ, പ്ലസ് ടു കുട്ടികൾക്കായി ഓഗസ്റ്റ് 11 ഞായറാഴ്ച കണിയാരം കത്തീഡ്രൽ പള്ളിയിൽവച്ച് സെമിനാർ സംഘടിപ്പിച്ചു. മേഖലാഡയറക്ടർ ബഹു. ബിജു പുന്നയ്ക്കപടവിൽ എല്ലാവരെയും സ്വാഗതം ചെയ്തു. കുന്നോത്ത് മേജർ സെമിനാരി ബൈബിൾ പണ്ഡിതനും പ്രൊഫസറുമായ ആന്റണി

തറേക്കടവിൽ അച്ചൻ ക്ലാസ്സുകൾ നയിച്ചു. 18 ഇടവകകളിൽ നിന്നു മായി 309 കുട്ടികൾ പങ്കെടുത്തു. വിശ്വാസ ജീവിതത്തിൽ കുട്ടികൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ബഹു. ആന്റണിയച്ചൻ ക്ലാസു കൾ നയിച്ചു. സെമിനാർ ക്രമീകരിക്കുവാൻ പ്രോത്സാഹനം നൽ കിയ കത്തീഡ്രൽ വികാരി റവ. ഫാ. സോണി വാഴകാട്ടിനും മറ്റ് അച്ചൻമാർക്കും സെമിനാറിന്റെ വിജയത്തിനായി പ്രവർത്തിച്ച മേഖല സെക്രട്ടറി ശ്രീ. ജോസ് മാതേക്കൽ സാറിനും മറ്റ് ടീം അംഗങ്ങ ൾക്കും കുട്ടികളെ പങ്കെടുപ്പിക്കുവാൻ താൽപര്യം എടുത്ത ഫൊറോ നയിലെ പ്ലസ്വൺ, പ്ലസ് ടു അദ്ധ്യാപകർക്കും സഹകരിച്ച മറ്റെല്ലാ വർക്കും നന്ദി.

പഞ്ചാബ് മിഷൻ

കുട്ടികളിൽ മിഷൻ ചൈതന്യം രൂപപ്പെടുത്തുവാൻ നമ്മൾ കഴിഞ്ഞവർഷം തുടങ്ങിവച്ച പദ്ധതി ആണല്ലോ *മിഷനെ സഹായി ക്കുക മിഷനു വേണ്ടി പ്രാർത്ഥിക്കുക* എന്നത്. കുട്ടികളുടെ പ്രതി നിധികൾക്ക് മിഷൻ സന്ദർശിക്കുവാൻ ഈ വർഷം അവസരം ഒരുക്കുന്നുണ്ട്. ഇതിനോടകം കുട്ടികളിൽ നിന്ന് സമാഹരിക്കുന്ന മിഷൻ ഫണ്ട് ഏൽപ്പിച്ച എല്ലാ ഇടവകകൾക്കും നന്ദി. ഇതുവരെ ഏൽപ്പിക്കാത്തവർ സെപ്റ്റംബർ മാസംവരെ ലഭിച്ച ഫണ്ട് രൂപതാ മതബോധന ഓഫീസിൽ ഏൽപ്പിച്ച് സഹകരിക്കുമല്ലോ.

ഫാ. തോമസ് കച്ചിറയിൽ
മതബോധന ഡയറക്ടർ

ചെറുപുഷ്പ മിഷൻലീഗ്

'ദൈവമാണു നമ്മുടെ അഭയവും ശക്തിയും;

കഷ്ടതകളിൽ അവിടുന്നു സുനിശ്ചിതമായ തുണയാണ്. ഭൂമി ഇളകിയാലും പർവതങ്ങൾ സമുദ്രമധ്യത്തിൽ അടർന്നു പതിച്ചാലും നാം ഭയപ്പെടുകയില്ല. ജലം പതഞ്ഞുയർന്നിരമ്പിയാലും അതിന്റെ പ്രകമ്പനം കൊണ്ടു പർവതങ്ങൾ വിറകൊണ്ടാലും നാം ഭയപ്പെടുകയില്ല' (സങ്കീ:46.1). ഭീകരമായ പ്രകൃതി ദുരന്തത്തിൽ വിറങ്ങലിച്ച നമ്മുടെ നാടിനു വേണ്ടി ദൈവസന്നിധിയിൽ കരങ്ങൾ ഉയർത്തിയ അപരന്റെ നേരെ സഹായഹസ്തം നീട്ടിയ ഹൃദയങ്ങൾ ചേർത്തുവെച്ച ദിനങ്ങളാണ് കടന്നുപോയത്. മുണ്ടക്കൈയിലും ചൂരൽ മലയിലും മരണമടഞ്ഞ എല്ലാവരെയും സ്മരിക്കുന്നു, ആദരാഞ്ജലികൾ നേരുന്നു. ദുരന്തത്തിന്റെ നൊമ്പരങ്ങൾ പേറുന്ന എല്ലാവരെയും പ്രേഷിത ഭാവത്തോടെ ചെറുപുഷ്പ മിഷൻ ലീഗ് ഹൃദയത്തോട് ചേർത്തുവയ്ക്കുന്നു. പ്രത്യേകിച്ച് ചൂരൽമല ഇടവക ഞങ്ങളുടെ പ്രാർത്ഥന നിയോഗമാകുന്നു. എല്ലാം ദൈവ ഹിതത്തിനായി സമർപ്പിക്കാം.

സെപ്റ്റംബർ മാസം പരിശുദ്ധ അമ്മയുടെ പിറവി തിരുനാളും വിശുദ്ധ കുരിശിന്റെ പുകഴ്ചയും നമ്മുടെ നാടിന്റെ ഉത്സവവുമൊക്കെ നമ്മൾ കൊണ്ടാടാൻ ഒരുങ്ങുമ്പോൾ നല്ല ക്രിസ്തു പ്രേക്ഷിതരായി മുന്നേറാൻ നമുക്ക് കഴിയട്ടെ. എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു. സ്നേഹത്തോടെ, ഫാ. മനോജ് അമ്പലത്തിങ്കൽ.

വിശുദ്ധ അൽഫോൻസ ഓൺലൈൻ ക്വിസ് മത്സരം

ജൂലായ് 28ന് വിശുദ്ധ അൽഫോൻസ ഓൺലൈൻ ക്വിസ് മത്സരം നടത്തുകയുണ്ടായി. ആൻ മരിയ അറക്കൽ (അമ്പലവയൽ), നയൻ മരിയ മണിയാത്ത് (സീതാമൗണ്ട്), ശ്രേയ സാബു (കുറുമ്പാല) എന്നിവർ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. അഭിനന്ദനങ്ങൾ.

ആഗോള വയോജന ദിനം

ജൂലൈ 28ന് ആഗോള വയോജന ദിനത്തിൽ വയോജനങ്ങളെ സന്ദർശിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു.

ജോ. ഡയറക്ടഴ്സിന് ആദരം

ജൂലൈ 28 വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് രൂപതയിലെ മുഴുവൻ ജോയിൻ ഡയറക്ടേഴ്സിനും ആശംസകളറിയിച്ചു.

ടെക്ലേസിയ ട്രെയിനിങ്

ജൂലൈ 19ന് ടെക്ലേസിയ ഓൺലൈൻ ട്രെയിനിങ് ശാഖ സെക്രട്ടറിമാർക്കായി നടത്തി.

ഒളിമ്പിക്സോളം 2024

പാരീസ് ഒളിമ്പിക്സ് 2024 മായി ബന്ധപ്പെട്ട ജൂലൈ 27 മുതൽ ആഗസ്റ്റ് 11 വരെ നടത്തിയ ഒളിമ്പിക്സ് സോളും ഓൺലൈൻ മത്സരത്തിൽ നൂറുകണക്കിന് മിഷൻ അംഗങ്ങൾ പങ്കെടുത്തു. അഞ്ജന ചെറുതറപ്പേൽ കയ്യൂന്നി, അൽഫോൻസ് റോബിൻ ആറു പറയിൽ മുള്ളൻകൊല്ലി, അനോണ ഷിനോയ് പുത്തൻപുരയ്ക്കൽ നടവയൽ, ഷാരോൺ വെള്ളക്കട മരക്കടവ്, ലിയ ശൗര്യാന്തടത്തിൽ മൂലങ്കാവ്, സ്നേഹകുളങ്ങര ചാരിറ്റി, ജെൻസി ജോർജ് മാഞ്ചിറയിൽ ശിശുമല എന്നിവർ വിജയികളായി അഭിനന്ദനങ്ങൾ.

കുഞ്ഞേട്ടൻ അനുസ്മരണവും
സംസ്ഥാന മാനേജിംഗ് കമ്മിറ്റിയും

ആഗസ്റ്റ് 10ന് ചെമ്മലമറ്റത്ത് വെച്ച് കുഞ്ഞേട്ടൻ അനുസ്മരണവും സംസ്ഥാന മാനേജിംഗ് കമ്മിറ്റിയും നടന്നു. ഇതിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ 13പേർ പങ്കെടുത്തു. ആഗസ്റ്റ് 11ന് രൂപതയിലെ ശാഖകളിൽ കുഞ്ഞേട്ടൻ അനുസ്മരണവും അല്മായ നേതാക്കളെ ആദരിക്കുകയും ചെയ്തു.

വി. ജോൺ മരിയ വിയാനി തിരുനാൾ

വിശുദ്ധ ജോൺ മരിയ വിയാനി തിരുനാളിനോട് അനുബന്ധിച്ച് ഇടവക വൈദികർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ബഹു. വൈദികരെ ശാഖകളിൽ ആദരിക്കുകയും ചെയ്തു.

ദുരന്തഭൂമിയിൽ

ചൂരൽമല, മുണ്ടക്കൈ പ്രദേശം രൂപത ഡയറക്ടർ മനോജ് അമ്പലത്തിങ്കൽ അച്ചന്റെ നേതൃത്വത്തിൽ സന്ദർശിക്കുകയും മരണമടഞ്ഞവരുടെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുകയും ചെയ്തു. കൂടാതെ മിഷൻലീഗ് രൂപതാ നേതൃത്വവും അംഗങ്ങളും മേപ്പാടി ക്യാമ്പിൽ വിവിധ പ്രവർത്തനങ്ങളിൽ സജീവ

മായി പ്രവർത്തിക്കുകയും ചെയ്തു. പ്രാർത്ഥനാ ദിനമായി ആച രിച്ച്, ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കുവേണ്ടി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

ബിബ്ലിയ 2024

എല്ലാ മാസവും അവസാന ദിനത്തിൽ നടത്താറുള്ള ബിബ്ലിയ ബൈബിൾ ക്വിസ്സിൽ അനേകം അംഗങ്ങൾ പങ്കെടുക്കുന്നു.

കുഞ്ഞേട്ടൻ ഓൺലൈൻ ക്വിസ്

ആഗസ്റ്റ് 10 ന് കുഞ്ഞേട്ടൻ ഓൺലൈൻ ക്വിസ് മത്സരം നടത്തി. നിഖില മാപ്പിളക്കുന്നേൽ ചെറുകട്ടൂർ, സാൽവിൻ ലൂക്ക വിളമ്പു കണ്ടം, ജോഷി താണോലിൽ ധർമ്മഗിരി എന്നിവർ ഒന്ന് രണ്ട് മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

രൂപത മാനേജിങ് കമ്മിറ്റി

ആഗസ്റ്റ് 13 രൂപത മാനേജിംഗ് കമ്മിറ്റി ഓൺലൈനായി നടത്തി.

ആദരാജ്ഞലികൾ

ചെറുപുഷ്പ മിഷൻലീഗ് മുൻ രൂപത പ്രസിഡന്റ് സെബാസ്റ്റ്യൻ പാലം പറമ്പിൽ സാറിന്റെ പിതാവിന്റെ നിര്യാണത്തിലും, സി. എം. എൽ മുൻ ഓഫീസ് സെക്രട്ടറി ലിസ സി. എം. സി സിസ്റ്ററിന്റെ പിതാവിന്റെ നിര്യാണത്തിലും ചൂരൽമല ദുരന്തത്തിൽ മരണപ്പെട്ട മിഷൻ ലീഗിന്റെ സജീവ പ്രവർത്തക നീതു വരവ്കാലായലിന്റെ നിര്യാണത്തിലും രൂപതാ സമിതി ആദരാഞ്ജലികൾ അർപ്പിച്ചു.

സാഹിത്യമത്സരങ്ങൾ

രൂപത സാഹിത്യ മത്സരം സെപ്തംബർ 1 ന് അതാതു മേഖല കേന്ദ്രങ്ങളിൽ. സംസ്ഥാന സാഹിത്യമത്സരം സെപ്തംബർ 21 ന് ദ്വാരക എ. യു. പി സ്കൂളിൽ വച്ച് നടക്കുന്നു.

ശാഖാ വാർത്തകൾ

ശിശുമല: വിശുദ്ധ അൽഫോൻസാമ്മയുടെ രൂപത്തിനു മുമ്പിൽ പുഷ്പാർച്ചന നടത്തി. സെന്റ് തോമസ് നാമധാരികളെ ആദരിച്ചു. ഈ വർഷം ദൈവവിളി സ്വീകരിച്ചവരുടെ ഭവന സന്ദർശനം നടത്തി. ഫാദേഴ്സ് ഡേയോടനുബന്ധിച്ച് *സസ്നേഹം* എന്ന പേരിൽ മാഗ സിൻ പ്രകാശനം ചെയ്തു. ബിബ്ലിയ ഫാമിലി ബൈബിൾ ക്വിസ് നട ത്തി. ഗ്രാൻഡ് പാരൻസ് ഡേ യോട് അനുബന്ധിച്ച് ഗ്രാൻഡ് പാരൻ സിനെ ആദരിച്ചു. വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ അൽഫോൻസാനാമധാരികളെ ആദരിച്ചു.

ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച്തയ്യാറാക്കിയ മാഗ

സിൻ പ്രകാശനംചെയ്തു.രൂപതയിൽ വെച്ച് നടത്തിയ ടീമംഗങ്ങൾക്കായുള്ള ട്രെയിനിങ്ങിൽ പങ്കെടുത്തു. ജൂലൈ 1 മുതൽ എല്ലാദിവസവും വി. കുർബാനയിൽ കുട്ടികൾ പങ്കെടുക്കുന്നതിനായി ഒരു ക്രമീകരണം ആരംഭിച്ചു.

ചെറുകാട്ടൂർ ശാഖ

അംഗത്വ സ്വീകരണവും അംഗത്വ നവീകരണവും നടത്തി. ജോയിന്റ് ഡയറക്ടേഴ്സ് ദിനത്തിൽ ആനിമേറ്റർ സിസ്റ്ററിനെ ആദരിച്ചു. ലോഗോസ് പഠനം എളുപ്പമാക്കാൻ വേണ്ടി 'ലോഗോസ് 2024' എന്ന ഓൺലൈൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. വിയാനി ദിന ആചരണത്തിന്റെ ഭാഗമായി വികാരിയച്ചനും കൊച്ചച്ചനും ആശംസകൾ അർപ്പിക്കുകയും ചെയ്തു. ഇടവകയിൽ സേവനം ചെയ്യുന്ന സിസ്റ്റേഴ്സിന്റെ സംഗമം സംഘടിപ്പിച്ചു. കുഞ്ഞേട്ടൻ അനുസ്മരണ ദിനവുമായി ബന്ധപ്പെട്ട് അല്മായ നേതൃദിനം ആഘോഷിച്ചു. ഇടവകയിലെ അൽമായനേതാക്കളെ ആദരിച്ചു.

അൾത്താര സംഘത്തിന്റെ മധ്യസ്ഥനായ വിശുദ്ധ ജോൺ ബർക്കുമാൻസിന്റെ തിരുനാളുമായി ബന്ധപ്പെട്ട് അൾത്താര സംഘ സംഗമം സംഘടിപ്പിച്ചു.

ശാഖാതല കലാമത്സരം നടത്തി

ആഗസ്റ്റ് 15 മിഷൻ ലീഗ് അംഗങ്ങൾക്കായി പ്രച്ഛന്നവേഷം, പെൻസിൽ ഡ്രോയിങ്, പോസ്റ്റർ മേക്കിങ് എന്നീ ഇനങ്ങളിൽ ഓൺലൈൻ മത്സരങ്ങൾ നടത്തി.

കുഞ്ഞോം ശാഖ

വിശുദ്ധ തോമാശ്ലീഹായുടെ തിരുനാൾ പൊതുദിവ്യകാരുണ്യ സ്വീകരണം നടത്തി. തോമസ് നാമധാരികളെ ആദരിച്ചു. ശാഖയിൽ നിന്നും സാഹിത്യമത്സരത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് മേഖലയിൽ കൊടുത്തു. സെൻതോമസ് ഡേ ആചരണം നടത്തി. കഴിഞ്ഞ അധ്യായന വർഷത്തിൽ 10 +2 പൊതു പരീക്ഷയിൽ ഉന്നത വിജയം നേടിയകുട്ടികൾക്ക് സമ്മാനം നൽകി ആദരിച്ചു. വിശുദ്ധ കൊച്ചുത്രേസ്യ ദിനം ആചരിച്ചു. ശാഖാംഗങ്ങൾ മാതാപിതാക്കളെ ആദരിച്ചു. കർമ്മലമാതാവിന്റെ തിരുനാൾ ഇടവകയിലെ സി. എം. സി സിസ്റ്റേഴ്സിനെ ആദരിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. വി. അൽഫോൻസാമ്മയുടെ തിരുനാളിൽ. ശാഖാംഗങ്ങൾ വി. കുർബാനയിൽ പങ്കെടുക്കുകയും പൊതു ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്തു. ശ്രീ. സോണിജ് മരാംകണ്ടത്തലിന്റെ

നേതൃത്വത്തിൽ സാഹിത്യമത്സരങ്ങൾക്ക് ഒരുക്കമായി സാഹിത്യ ശില്പശാല നടത്തി. എല്ലാ ഞായറാഴ്ചകളിലും സഭാ ചരിത്രം നമസ്കാരങ്ങൾ വചനം എന്നിവയെ ആസ്പദമാക്കി ചോദ്യം ചോദിക്കുന്ന സ്റ്റാർ പ്രോഗ്രാം നടത്തപ്പെടുന്നു.

വഞ്ഞോട് ശാഖ

വി. തോമ്മാശ്ലീഹായുടെ തിരുനാൾ ദിനചാരണവും, അസാധാരണ സമ്മേളനവും, പൊതുദിവ്യകാരുണ്യ സ്വീകരണവും നടത്തി. ഡോക്ടേഴ്സ് ഡേയിൽ ഈ ഇടവകയിൽനിന്ന് സിസ്റ്ററായി പല സ്ഥലങ്ങളിൽ ഡോക്ടർ ആയി സേവനം ചെയ്യുന്ന 2 സിസ്റ്റേഴ്സിനെ പോസ്റ്ററിലൂടെ അഭിനന്ദനം അറിയിച്ചു. ശാഖ സാഹിത്യ മത്സരം നടത്തി,

വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ അഞ്ചു കുട്ടികൾ അൽഫോൻസാമ്മയെപ്പോലെ ഒരുങ്ങിവരുകയും അവരുടെ ഫോട്ടോസ് മേഖലക്ക് അയച്ചുകൊടുക്കുകയും ചെയ്തു . ഗ്രാൻഡ് പേരെന്റ്സ് ഡേയിൽ കുട്ടികൾ അവരുടെ പേരെന്റ്സിനെ വിഷ്ചെയ്തു.

അരിഞ്ചേർമല ശാഖ

സെന്റ് തോമസ് ഡേ ആഘോഷം നടത്തി. 2024-2025 പ്രവർത്തനവർഷത്തെ മാർഗരേഖ പ്രകാശനം ചെയ്തു. എന്റെ കുടുംബം ഫോട്ടോഗ്രാഫി മത്സരം നടത്തി. ഇടവകയിലെ 190 കുടുംബങ്ങളെയും സി എം എൽ അംഗങ്ങൾക്ക് പ്രാർത്ഥിക്കാനായി വിഭജിച്ചു നൽകി.

ഗ്രാൻഡ് പാരൻസ് ഡേയോട് അനുബന്ധിച്ച് ഇടവകയിലെ ഏറ്റവും പ്രായമായ അമ്മച്ചിയെ ആദരിച്ചു.

പഞ്ചാബ് മിഷന് വേണ്ടി ഫണ്ട് ശേഖരണം നടത്തി അൽഫോൻസാമ്മയ്ക്ക് കത്തെഴുതൽ മത്സരം, സൂക്തമരനിർമ്മാണമത്സരം, ചിത്രരചന മത്സരം, അൽഫോൻസാ സ്കിറ്റ് മത്സരം തുടങ്ങിയവ സംഘടിപ്പിച്ചു. കാലവർഷക്കെടുതികൾ മൂലം ദുരിതമനുഭവിക്കുന്നവർക്ക് വേണ്ടി വസ്ത്രശേഖരണം നടത്തി.

ചുങ്കക്കുന്ന് ശാഖ

തോമസ് നാമധാരികളെ ആദരിച്ചു. വട്ടക്കുന്നേൽ വത്സമ്മ ടീച്ചർ സാഹിത്യ ശില്പശാലയ്ക്ക് നേതൃത്വം നൽകി. വി. കമില്ലസിന്റെ തിരുനാൾ ദിനത്തിൽ സെന്റ്. കമില്ലാസ് ഹോസ്പിറ്റലിൽ സന്ദർശനം, ഫീസ്റ്റിന്റെ ആശംസകൾ നേരുന്നു. വി. അൽഫോൻസാമ്മയുടെ തിരുനാൾ. വി. അൽഫോൻസാമ്മയുടെ മാധ്യസ്ഥത്താൽ

സുഖം പ്രാപിച്ച ബ്രദർ ജിനിൽ ഒഴുതൊട്ടിയുടെ ജീവിത സാക്ഷ്യത്തിന്റെ വീഡിയോപ്രദർശനം നടത്തി. വി. അൽഫോൻസാമ്മയുടെ പാട്ട് മത്സരം നടത്തി.

തോമാട്ടുച്ചാൽ ശാഖ

ദുക്റാന തിരുനാൾ ആഘോഷിച്ചു. ബഹു. ജിമ്മി ഓലിക്കൽ അച്ചന്റെ മുഖ്യ കാർമികത്വത്തിൽ റാസകുർബാന അർപ്പിച്ചു. ജൂലൈ ഏഴാം തീയതി ഒന്നാം ഗ്രൂപ്പിന്റെ നേതൃത്വത്തിൽ കലാപരിപാടികൾ അവതരിപ്പിച്ചു. മഴക്കെടുതിയിൽ വിഷമിക്കുന്ന ജനങ്ങൾക്കായി നിയോഗം വെച്ച് ഓരോ വാർഡിന്റെ അടിസ്ഥാനത്തിൽ ബൈബിൾ വായനാദിനം ആചരിച്ചു. പതിനെട്ടാം തീയതി വിഷമിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥനാ ദിനമായി ആചരിച്ചു. വി. അന്നയുടെയും വി. ജോവാക്കിമിന്റെയും തിരുനാൾ ദിനത്തിൽ വി. ബലിയിൽ സംബന്ധിച്ച എല്ലാദമ്പതിമാരെയും ആദരിച്ചു. വി. അൽഫോൻസാമ്മയുടെ തിരുനാൾ സമുചിതമായി കൊണ്ടാടി. അന്നേദിവസം തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾ കാഴ്ചവെപ്പ് നടത്തി.

പനവല്ലി ശാഖ

ദുക്റാനതിരുനാളിൽ സി. എം. എൽ കുട്ടികൾ കലാപരിപാടികൾ അവതരിപ്പിച്ചു. പൊതു കുമ്പസാരം, പൊതുദിവ്യകാരുണ്യ സ്വീകരണം, അംഗത്വസ്വീകരണം, അംഗത്വ നവീകരണം എന്നിവ നടത്തി. ഓരോ ഞായറാഴ്ചകളിലും തിരുവചന പഠനങ്ങൾ നടത്തുന്നു.

പാതിരിപ്പാടം ശാഖ

ദുക്റാനതിരുനാൾ ആഘോഷം, രോഗി സന്ദർശനം, ഭവന സന്ദർശനം സെന്റ് തോമസ് ഡേ ആഘോഷം, കുട്ടികളുടെ കലാപരിപാടികൾ, ശാഖ മാർഗ്ഗരേഖ, മരിയൻ വോയ്സ് കർമ്മല മാതാവിന്റെ തിരുനാൾ, ഭാരവാഹികളുടെ നേതൃത്വത്തിൽ ജപമാല. ശാഖ കൗൺസിൽ മീറ്റിംഗ്, പൊതുകുമ്പസാരം, സാഹിത്യ ശില്പശാല.

പറളിക്കുന്ന് ശാഖ

ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് ഭക്ഷണം കൊടുത്തു. ഗ്രാൻഡ് പേരെന്റ്സ് ഡേ പേരെന്റ്സിനായി വി.ബലിയർപ്പിച്ച്, അവരെ ആദരിച്ചു. മാതാപിതാക്കൾക്കുവേണ്ടി സെമിനാർ നടത്തി. ഫാ. സെബാസ്റ്റ്യൻ ചെറിയാം പറമ്പിൽ ക്ലാസ്എടുത്തു. കുട്ടികൾക്ക് സെമിനാർ നടത്തി. തോമസ് കല്ലറക്കൽ ക്ലാസ് എടുത്തു.

കുറുമ്പാലക്കോട്ട ശാഖ

എല്ലാദിവസവും മിഷൻ ലീഗ് അംഗങ്ങൾ മീഡിയായിൽ വചനം സ്റ്റാറ്റസ് ഇടുന്നുണ്ട്. മേഖലയിലും ശാഖയിലും പുതപ്പുകൾ വാങ്ങി വിതരണം ചെയ്തു. കർണ്ണാടകയിൽ മണ്ണിനടിയിൽപ്പെട്ട അർജുനും കുടുംബത്തിനും വേണ്ടി ചിത്രംവച്ചുകൊണ്ട് പ്രാർത്ഥിച്ചു. വയനാട്ടിനെ കണ്ണീരിലാഴ്ത്തിയ ഉരുൾപ്പൊട്ടലിൽ, ഒരു ദിവസം പ്രത്യേക പ്രാർത്ഥനാ ദിനമായി ആചരിച്ചു. പാരിഷ് ഹാൾ ദുരിതാശ്വാസ ക്യാമ്പ് ആക്കുകയും മിഷൻ ലിഗ് അംഗങ്ങൾ അവിടെ സഹായിക്കുകയും അവർക്ക് ഭക്ഷണമെത്തിച്ച് നൽകുകയും ചെയ്തു. ഓൺലൈൻ സാഹിത്യപരിശീലന പരിപാടിയിൽ അംഗങ്ങൾ പങ്കെടുത്തു.

ബത്തേരിമേഖല

2024 ജൂലൈ 21 ന് ബത്തേരിയിൽ വെച്ച് ശാഖ ജോ. ഡയറക്ടർസ് സംഗമം നടത്തി. ജോ. ഡയറക്ടേഴ്സ് ദിനത്തിന്റെ മംഗളങ്ങൾ നേരുകയും ആദരിക്കുകയും ചെയ്തു. രൂപത എക്സിക്യൂട്ടീവ് അംഗം ജോസ് മാങ്കുട്ടത്തിൽ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

മേഖലാ സാഹിത്യ ശില്പശാല

സാഹിത്യമത്സരത്തിൽ പങ്കെടുക്കുന്നവർക്ക് പരിശീലനം നൽകി. ഫാ. റോബിസ് കുമ്പളകുഴി ശില്പശാലയ്ക്ക് നേതൃത്വം നൽകി.

സർഗ്ഗം 2024

മേഖല സാഹിത്യ മത്സരം മേഖല ബൈബിൾ സാഹിത്യ മത്സരം ജൂലൈ 28 ഞായറാഴ്ച ബത്തേരി അസംപ്ഷൻ സ്കൂളിലും,അമ്പലവയൽ സെന്റ് മാർട്ടിൻ പള്ളിയിലും വച്ച് നടത്തപ്പെട്ടു. വിവിധ ശാഖകളിൽ നിന്നായി 500 ഓളം മത്സരാർത്ഥികൾ പങ്കെടുത്തു. വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ അൽഫോൻസാ ഓൺലൈൻ ക്വിസ് നടത്തി. 100 ഓളം പേര് പങ്കെടുത്തു.

മൂലങ്കാവ് ശാഖയിലെ ലിയ ശൗര്യം തടത്തിൽ ഒന്നാം സ്ഥാനം നേടി. ജൂലൈ 28 മിഷൻലീഗിന്റെ ഉപ മധ്യസ്ഥ വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനം ജോയിന്റ്. ഡയറക്ടേഴ്സ് ദിനമായി ആചാരിക്കുമ്പോൾ മേഖലയിലെ എല്ലാ ജോ. ഡയറക്ടേഴ്സിനും ആശംസകൾ നേർന്നു.

മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ

ഓഗസ്റ്റ് 7 മുതൽ 13 വരെ പ്രാർത്ഥനാവാരം നടത്തി. കുഞ്ഞേ

ട്ടൻ അനുസ്മരണം ഓഗസ്റ്റ് 11 മിഷൻ ലീഗിന്റെ സ്ഥാപക നേതാവ് പി സി അബ്രഹാം പല്ലാട്ട്കുന്നേലിന്റെ ഓർമദിനം അല്മായ നേതൃ ദിനമായി ആചരിക്കുമ്പോൾ ശാഖ, മേഖല, രൂപത, സംസ്ഥാന തലങ്ങളിൽ മിഷൻലീഗിനെ നയിക്കുന്ന അല്മായർക്ക് ആശംസ കൾ നേർന്നു. മേഖല ഭാരവാഹികൾ തങ്ങളുടെ ശാഖകളിൽ കുഞ്ഞേ ട്ടനെ അനുസ്മരിച്ച് സംസാരിച്ചു.'അനർഥ കാലത്ത് എന്നെ വിളിച്ച് അപേക്ഷിക്കുക' എന്ന സങ്കീർത്തന വാക്യത്തോടെ ചേർന്ന് പ്രാർ ത്ഥനയോടെ പ്രത്യാശയോടെ ക്രിസ്തു സാക്ഷ്യത്തോടെ നമുക്ക് മുന്നോട്ട് നടക്കാം.

കരിമ്പിൽ ശാഖ

CML അംഗങ്ങൾ സെമിത്തേരി സന്ദർശനം നടത്തി. വി. തോമാ ശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് തോമസ് നാമധാരികളെ ആദരിച്ചു. സാമ്പത്തികമായി വിഷമിക്കുന്ന കുടുംബത്തിന് ഡ്രസ് നൽകി. ബൈബിൾ കലാപരിപാടികൾ നടത്തി. യുവജനദിനത്തോട നുബന്ധിച്ച് യുവജനങ്ങളെ സമ്മാനം നല്കി ആദരിച്ചു. വി. കൊച്ചു ത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാളിനോടനുബന്ധിച്ച് CML അംഗങ്ങൾ അവരുടെ മാതാപിതാക്കളെ വീടുകളിൽ ആദരിച്ചു. വീടുകളിലൂടെ 2 ദിവസം വീതമുള്ള വി. മറിയം ത്രേസ്യായുടെ തിരു സ്വരൂപ പ്രയാണവും പ്രത്യേക പ്രാർഥനയും ആരംഭിച്ചു.വേദപാഠ ത്തിന് 12,10 ക്ലാസ്സുകളിൽ ഏറ്റവും കൂടുതൽ മാർക്കു കിട്ടിയവർക്ക് യഥാക്രമം വി. അൽഫോൻസ, വാ. റാണിമരിയ സ്ക്കോളർഷി പ്പുകൾ നൽകി. വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനു ബന്ധിച്ച് വിവിധ മത്സരങ്ങൾ നടത്തി,സമ്മാനങ്ങൾ നല്കി. ശാഖാ എക്സിക്യൂട്ടീവ്, മാനേജിംഗ് കമ്മറ്റിമീറ്റിംഗ് എന്നിവ നടത്തി. വി.അന്ന ജോവാക്കിംതിരുനാളിനോടനുബന്ധിച്ച്CML അംഗങ്ങൾ ഗ്രാൻഡ് പേര ൻസിന് സമ്മാനം നൽകി വീടുകളിൽ ആദരിച്ചു. ചൂരൽമല, മുണ്ട കൈ, വിലങ്ങാട് ഉരുൾപ്പൊട്ടലിൽ മരണമടഞ്ഞവർക്കും ദുരിതമനു ഭവിക്കുന്നവക്കും രക്ഷാപ്രവർത്തനത്തിലേർപ്പെട്ടവർക്കുവേണ്ടിയും പ്രത്യേക പ്രാർഥന നടത്തി.

കയ്യൂന്നി ശാഖ

ദുക്റാന തിരുനാൾ ആഘോഷപൂർവം നടത്തി. സാഹിത്യ സമാജം ഉദ്ഘാടനം ചെയ്തു. വിശുദ്ധ മരിയ ഗൊരേത്തി, വിശുദ്ധ അന്ന, വിശുദ്ധ അൽഫോൻസാമ്മ ഈ വിശുദ്ധരുടെ നാമം സ്വീകരി ച്ചവരെ ആദരിച്ചു. ജൂലൈ 28 അസാധാരണ സമ്മേളനം നടത്തി.

പുതിയിടംകുന്നു ശാഖ

എക്സിക്യൂട്ടീവ്, മാനേജിങ് കമ്മിറ്റി എന്നിവ നടത്തി. ദുക്റാന തിരുനാളിൽ തോമസ് നാമധാരികൾക്ക് ആദരവ് നൽകി. ജുവൽ അന്ന വെട്ടിക്കാട്ടിൽ വീഡിയോ സന്ദേശം നൽകി. ശാഖാ സാഹിത്യമത്സരം നടത്തി. രോഗി സന്ദർശനം നടത്തി.

നാലു മക്കൾ ഉള്ള കുടുംബങ്ങളെ ആദരിച്ചു. കൂട് (എല്ലാരോഗികൾക്കുമുള്ള വിശ്രമ കേന്ദ്രം)സന്ദർശിച്ചു. കപ്പേളകൾ സന്ദർശിച്ചു വൃത്തിയാക്കി. ഗ്രാൻഡ് പാരൻസ് ഡേ ഗ്രാൻഡ് പാരൻസിന് ആദരവ് നൽകി. ശാഖാ മാർഗരേഖ പ്രകാശനം നടത്തി.ജോയിൻ ഡയറക്ടേഴ്സ് ഡേ ആചരിച്ചു. ജോയിൻ ഡയറക്ടർ സി. അൽഫോൻസാ SH ന് ആദരവ് നൽകി. അൽഫോൻസാ നാമധാരികളെ ആദരിച്ചു. മാതാപിതാക്കൾക്ക് സെമിനാർ നടത്തി. ഭവന സന്ദർശനം നടത്തി. വിദ്യാഭ്യാസ സഹായം നൽകി.

തങ്കച്ചൻ മാപ്പിളക്കുന്നേൽ
രൂപതാ സെകട്ടറി.

വിശുദ്ധൻ: **വി. മദർ തെരേസ** (സെപ്റ്റംബർ 5)
തിരുനാൾ: **വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ** (സെപ്റ്റംബർ 14)
പ്രാർത്ഥന നിയോഗം: ഗർഭാശയത്തിൽ വച്ച് ജീവൻ നഷ്ടമാകുന്ന കുഞ്ഞുങ്ങൾക്ക് വേണ്ടി.
സുകൃതജപം: ഈശോയെ ഞാൻ പൂർണ്ണമായും നിന്റേതാണ്.

രൂപത ആന്തം മത്സരം

തിരുബാലസഖ്യം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ എല്ലാ ഇടവകകൾക്കുമായി രൂപത ആന്തം ഓൺലൈൻ മത്സരം സംഘടിപ്പിച്ചു. 35 ഇടവകകൾ അതിൽ പങ്കെടുത്തു. രൂപതയെ അറിയാനും സ്നേഹിക്കാനും രൂപതയിൽ അംഗങ്ങളായതിൽ അഭിമാനം കൊള്ളുവാനും എന്ന ലക്ഷ്യത്തോടുകൂടി സംഘടിപ്പിച്ച മത്സരത്തിന് നേതൃത്വം കൊടുത്ത എല്ലാ ശാഖ ഭാരവാഹികൾക്കും പ്രത്യേകം നന്ദി. പങ്കെടുത്ത എല്ലാ കുഞ്ഞുങ്ങൾക്കും അഭിനന്ദനങ്ങൾ.

ടീം മീറ്റിംഗ്

ഓഗസ്റ്റ് പതിനഞ്ചാം തീയതി വ്യാഴാഴ്ച രൂപത തീരുബാലസഖ്യം ടീം മീറ്റിംഗ് നടത്തുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും വരും മാസങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളെപ്പറ്റി തീരുമാനിക്കുകയും ചെയ്തു. സെപ്റ്റംബർ മാസത്തിൽ ഇടവകതലത്തിൽ ചെയ്യേണ്ട പ്രവർത്തനം: സെപ്റ്റംബർ 8 പരിശുദ്ധ അമ്മയുടെ ജനന തിരുനാൾ ദിനത്തിൽ മാതാവിന്റെ രൂപം അലങ്കരിച്ച് ഫോട്ടോ ക്ലാസ് അധ്യാപകന് അയച്ചു കൊടുക്കുക. മികച്ചതിന് ക്ലാസിൽ സമ്മാനം നൽകുക. പിറവി തിരുനാളിന് ഒരുക്കമായി എട്ടു ദിവസം കുഞ്ഞുങ്ങളെ ദേവാലയത്തിൽ വരുവാൻ പ്രോത്സാഹിപ്പിക്കുക, വരുന്നവർക്ക് സമ്മാനം കൊടുക്കുക. വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാളിന്റെ പ്രാധാന്യത്തെകുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക.

ഫാ. മനോജ് അമ്പലത്തിങ്കൽ
ഡയറക്ടർ, തിരുബാലസഖ്യം

അർദ്ധ വാർഷിക സെനറ്റ് സമ്മേളനം

കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ മുപ്പതാമത് അർദ്ധ വാർഷിക സെനറ്റ് സമ്മേളനം ജൂലൈ 17 ന് ദ്വാരക പാസ്റ്ററൽ സെന്റർ കോർപ്പറേറ്റ് ഹാളിൽ വെച്ച് നടന്നു. രൂപതയിലെ പത്ത് മേഖല കൾ അർദ്ധ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടക്കത്തടത്തിൽ ഉദ്ഘാടന സമ്മേളനത്തിന് അധ്യ ക്ഷത വഹിച്ചു. കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ മുൻ പ്രസിഡന്റ് ശ്രീ. എബിൻ മുട്ടപ്പള്ളി ഉദ്ഘാടന കർമ്മം നിർവഹിച്ചു. കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ അർദ്ധ വാർഷിക റിപ്പോ ർട്ട് രൂപത സെക്രട്ടറി കുമാരി അലീഷ ജേക്കബ് തെക്കിനാലിൽ സെന റ്റിന് മുമ്പിൽ അവതരിപ്പിക്കുകയും റിപ്പോർട്ട് സെനറ്റ് അംഗീകരിക്കു കയും ചെയ്തു. സെനറ്റിന്റെ പ്രതിനിധികളായി ചുങ്കക്കുന്ന് മേഖല സെക്രട്ടറി കുമാരി റോസ് മരിയ മണവാളൻ, മാനന്ത വാടി മേഖല പ്രസിഡന്റ് ശ്രീ. ആൽബിൻ കുഴിഞ്ഞാലിൽകരോട്ട് റിപ്പോർട്ടിൽ ഒപ്പുവച്ചു. തുടർന്ന് സംഘടനാസംബന്ധമായ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. 66 പേർ പങ്കെടുത്തു.

ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തിക വുമായ പിന്നാക്കാവസ്ഥയും ക്ഷേമവും പഠിക്കാൻ സർക്കാർ നിയോ ഗിച്ച ജെ ബി കോശി കമ്മിഷന്റെ റിപ്പോർട്ട് സർക്കാർ എത്രയും പെട്ടന്ന് പുറത്ത് വിടണമെന്ന് കെ. സി. വൈ. എം മാനന്തവാടി രൂപത സെനറ്റ് സമ്മേളനത്തിൽ പ്രേമേയം പാസ്സാക്കി. നടവയൽ മേഖല പ്രസി ഡന്റ് നിഖിൽ ചൂടിയാങ്കൽ പ്രമേയം അവതരിപ്പിച്ചു.

റെഡ് റിബൺ ക്യാമ്പയിൻ വിജയികൾ

കെ. സി. വൈ. എം മാനന്തവാടി രൂപത സംഘടിപ്പിച്ച റെഡ് റിബൺ ആന്റി ഡ്രഗ്സ് ക്യാമ്പയിന്റെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ചവെച്ചതിൽ ഏറ്റവും മികച്ച മേഖലയായി തരിയോട് മേഖലയും, ഏറ്റവും മികച്ച യൂണിറ്റായി തരിയോട് യൂണിറ്റും തിരഞ്ഞെടുക്ക പ്പെട്ടു. മാനന്തവാടി രൂപത മദ്യവിരുദ്ധ സമിതി പ്രസിഡന്റ് ശ്രീ. രാജു വല്യറയിൽ അവാർഡുകൾ വിതരണം ചെയ്തു.

സ്റ്റേറ്റ്മെന്റ് ക്യാമ്പയിൻ

ആമയിഴഞ്ചാൻ തോട്ടിലെ മാലിന്യ പ്രദേശത്ത് ഉണ്ടായ ദുരന്തത്തെ മുൻ നിർത്തി മാലിന്യ കൂമ്പാരത്തിൽ പൊലിയുന്ന ജീവന് ആര് ഉത്തരം പറയും? എന്ന ചോദ്യവുമായി കെ. സി. വൈ. എം മാനന്തവാടി രൂപത സ്റ്റേറ്റ്മെന്റ് ക്യാമ്പെയിൻ നടത്തി. വ്യക്തിപരമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ സാമൂഹ്യ മാധ്യമ പോസ്റ്ററുകൾ പങ്കുവെച്ചുകൊണ്ടാണ് യുവജനങ്ങൾ ഈ ഉദ്യമത്തിൽ പങ്കാളികളായത്. മാലിന്യ സംസ്കരണത്തിൽ ഭരണ സംവിധാനങ്ങൾക്കുള്ള ഉത്തരവാദിത്തങ്ങളെ ഓർമപ്പെടുത്തിക്കൊണ്ടും മാലിന്യ വിമുക്ത സമൂഹത്തിന് ആഹ്വാനം ചെയ്തുകൊണ്ടുമാണ് യുവജനങ്ങൾ പ്രതികരണങ്ങൾ നടത്തിയത്.

ടാസ്ക് ഫോഴ്സ് ദുരന്തമുഖത്ത്

വയനാട്ടിലെ ചൂരൽമല മുണ്ടക്കൈ ദുരന്തത്തിൽ ഒത്തിരിയേറെപ്പേർക്ക് ജീവനും ജീവിത മാർഗങ്ങളും നഷ്ടപ്പെടുകയും ഒത്തിരിയേറെപേരെ കാണാതാവുകയും ചെയ്ത സാഹചര്യത്തിൽ കെ.സി. വൈ.എം മാനന്തവാടി രൂപതയുടെ യുവജനങ്ങൾ ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും പ്രവർത്തന സജ്ജരായി ദുരന്തമുഖത്ത് പ്രവർത്തിക്കുകയും ചെയ്തു. കൽപ്പറ്റ ഡി പോൾ സ്കൂൾ, മേപ്പാടി എൽ. പി സ്കൂൾ, മേപ്പാടി സെന്റ് ജോസഫ് സ്കൂൾ എന്നിവിടങ്ങളിൽ ദുരന്തത്തിൽപെട്ടവർക്ക് സഹായമായും, ഭക്ഷണം തയ്യാറാക്കുന്നതിനായും മറ്റും സജീവമായി യുവജനങ്ങൾ പങ്കുചേർന്നു. വിവിധ മേഖലകളിലും രൂപതകളിലും നിന്നായി 250 ഓളം യുവജനങ്ങൾ സേവനം ചെയ്തു.

ഗ്രീൻ ഫ്യൂച്ചർ

2024 ഓഗസ്റ്റ് പ്രവർത്തനമാസാചരണത്തിൽ, കെ.സി.വൈ. എം മാനന്തവാടി രൂപതയിലെ വിവിധ മേഖലകളും യൂണിറ്റുകളും സംഘടിപ്പിക്കുന്ന സാമൂഹികവും സാംസ്കാരികവും ആധ്യാത്മികവും സംഘടനാപരവുമായ വിവിധ പ്രവർത്തനങ്ങളോടൊപ്പം ചേർത്തുവെക്കാൻ ഗ്രീൻ ഫ്യൂച്ചർ എന്ന പേരിൽ പരിസ്ഥിതി സംരക്ഷണ പദ്ധതിക്ക് തുടക്കമിട്ടു. പരിസ്ഥിതിസംരക്ഷണം, മലിനീകരണലഘൂകരണം, സുസ്ഥിരതയെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഗ്രീൻ ഫ്യൂച്ചർ പദ്ധതിയുടെ ഉദ്ദേശം. കാലാവസ്ഥാ വ്യതിയാനം, ഊർജ്ജ സംരക്ഷണം, മാലിന്യ നിയന്ത്രണം, സുസ്ഥിരമായ ജീവിതശൈലികൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ ശിൽപ്പശാലകളും സെമിനാറുകളും സംഘടിപ്പിക്കുക. പരിസ്ഥിതി സംരക്ഷണ മേഖലയിൽ പ്രമുഖ വ്യക്തികളിൽ നിന്ന്

നിർദേശങ്ങൾ, പാഠങ്ങൾ ഉൾക്കൊള്ളുക. വൃക്ഷതൈ നട്ട് വളർത്തൽ, സമൂഹ ശുചീകരണ പ്രവർത്തനങ്ങൾ, റിസൈക്ലിംഗ് പ്രോഗ്രാമുകൾ തുടങ്ങിയവയിൽ പങ്കാളികളാവുക. പ്രാദേശിക പരിസ്ഥിതി പ്രശ്നങ്ങൾക്കുള്ള ക്രിയാത്മകമായ പരിഹാരങ്ങൾ വികസിപ്പിക്കുക. പരിസ്ഥിതി സൗഹൃദ ശീലങ്ങൾ വളർത്തുക. പ്ലാസ്റ്റിക് ഉപയോഗം കുറക്കുക, വെള്ളം സംരക്ഷിക്കുക, മാലിന്യങ്ങൾ കുറയ്ക്കുക പരിസ്ഥിതി സൗഹൃദ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ഉൾച്ചേർന്നിരിക്കുന്നത്.

മുത്തശ്ശി മുത്തച്ഛന്മാരുടെ നാലാമത് ആഗോള ദിനാചരണം ജൂലൈ 28 ഞായറാഴ്ച യുവജനങ്ങൾ മാനന്തവാടി സമരിറ്റൻ ഭവനിലെ മാതാപിതാക്കളോടൊപ്പം ആഘോഷിച്ചു.

ജന്മദിനാശംസകൾ

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ മുൻ പ്രസിഡന്റും, സംസ്ഥാന സിൻഡിക്കേറ്റ് അംഗവുമായ ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ, കെ. സി. വൈ. എം സംസ്ഥാന, രൂപത സിൻഡിക്കേറ്റ് അംഗവും മുൻ സംസ്ഥാന ഉപാധ്യക്ഷയുമായിരുന്ന ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിലിൽ, കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ ട്രഷറർ ജോബിൻ ജോയ് തുരുത്തേൽ എന്നിവർക്ക് ജന്മദിനാശംസകൾ നേർന്നു.

ആദരാഞ്ജലികൾ

ബഹുമാനപ്പെട്ട ജോസഫ് (ജോസ്) കുളിരാനിയിൽ അച്ചന് ആദരാഞ്ജലികൾ അർപ്പിച്ചു.

പ്രതിഷേധം

ക്രൈസ്തവർ അത്യന്തം പവിത്രമായും ശ്രേഷ്ഠമായും കരുതുന്ന അന്ത്യത്താഴത്തെ അപമാനിക്കുന്ന രീതിയിൽ പാരീസ് ഒളിമ്പിക്സ് ഉദ്ഘാടന ചടങ്ങിൽ ഡ്രാഗ് ക്വീൻസ് അവതരിപ്പിച്ച ചിത്രീകരണത്തിനെതിരെ പ്രതിഷേധം അറിയിച്ചു.

ആശംസകൾ/ അഭിനന്ദനങ്ങൾ

വിയനി ദിനത്തിൽ ബഹുമാനപെട്ട വൈദീകർക്ക് ആശംസകൾ നേർന്നു. വത്തിക്കാനു കീഴിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര യുവജന സംഘടനയായ മിജാർക്ക് ഏഷ്യയുടെ കേരള പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ട കെ. സി. വൈ. എം രൂപത, സംസ്ഥാന മുൻ വൈസ് പ്രസിഡന്റ് കുമാരി ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിലിന് കെ.സി.വൈ.എം രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

പത്രപ്രസ്താവന

മുസ്‌ലീം വിദ്യാർത്ഥികൾക്ക് നിസ്കരിക്കാൻ പ്രത്യേക സ്ഥലം അനുവദിക്കണം ആവശ്യപ്പെട്ട് മൂവാറ്റുപുഴ നിർമല കോളേജ് പ്രിൻസിപ്പലിനെ തടഞ്ഞു വച്ച സംഭവം അപലപിച്ചുകൊണ്ട് കെ.സി. വൈ.എം മാനന്തവാടി രൂപത പത്രപ്രസ്താവന നൽകി.

മേഖല വാർത്തകൾ

മാനന്തവാടി മേഖല

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ റെഡ് റിബ്ബൺ 'ലിവിങ് ഡ്രഗ് ഫ്രീ' ആന്റി ഡ്രഗ്സ് ക്യാമ്പയിൻ 2024 നോട് ചേർന്ന് കെ.സി.വൈ. എം മാനന്തവാടി മേഖലയുടെ നേതൃത്വത്തിൽ യുവ ജനങ്ങളെ ഒന്നിച്ചു ചേർത്തുകൊണ്ട് Signature Campaign സംഘടിപ്പിച്ചു. വിശുദ്ധ തോമാശ്ലീഹായുടെ നാമധാരികളായ മേഖലയിലെ ഫാ. ജിമ്മി മൂലയിൽ, ഫാദർ തോമസ് വടാശ്ശേരി, ഫാദർ തോമസ് മന്ത്രിക്കൽ അച്ചന്മാർക്ക് ആശംസകൾ നേർന്നു യുവജനദിനത്തിൽ കാട്ടിമൂല സ്നേഹാലയം, കുഴിനിലം ടെസ, പാറത്തോട്ടം ശാന്തികേന്ദ്ര, മാനന്തവാടി സമരിറ്റിൻ ഭവൻ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു. കെ. സി. വൈ. എം മാനന്തവാടി രൂപത നൽകിയ പുതപ്പുകൾ വിതരണം ചെയ്തു. മേഖലയുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിൽ യുവജന ദിനാഘോഷം സംഘടിപ്പിച്ചു. കെ.സി. വൈ.എം മാനന്തവാടി രൂപതയിലെ സിൻഡിക്കേറ്റ് അംഗമായി തിരഞ്ഞെടുക്കപ്പെട്ട മാനന്തവാടി മേഖലാ ഡയറക്ടർ ഫാ. നിധിൻ പാലക്കാട്ട് അച്ചന് അഭിനന്ദനങ്ങൾ അറിയിച്ചു. മേഖലയുടെ നേതൃത്വത്തിൽ കാലാവർഷം ശക്തിപ്പെടുന്ന സാഹചര്യത്തിൽ 'ഒരു വിളിപ്പാട കലെ' ടാസ്ക് ഫോഴ്സ് സംഘടിപ്പിച്ചു. രൂപത അർദ്ധ വാർഷിക സെനറ്റിൽ പങ്കെടുത്തു. രൂപതയുടെ നേതൃത്വത്തിൽ നടത്തിയ സ്റ്റേറ്റ്മെന്റ് ക്യാമ്പയിനിൽ മാനന്തവാടി മേഖലയും പങ്കാളികളായി. മണ്ണിടിച്ചിൽ കാണാതായ അർജുന് വേണ്ടി നടത്തിയ പ്രാത്ഥനയിൽ ബത്തേരി മേഖലയുടെ കൂട്ടായ്മയിൽ പങ്കുചേർന്നു. ആലാറ്റിൽ യൂണിറ്റിൽ മേഖലാ സമിതി വിസിറ്റ് നടത്തി. വയോജന ദിനത്തോടനുബന്ധിച്ച് മാനന്തവാടി രൂപതയോട് ചേർന്ന് നിന്നുകൊണ്ട് മേഖല ഭാരവാഹികൾ സമരിറ്റിൻ ഭവൻ സന്ദർശിച്ചു. പ്രകൃതിക്ഷോഭത്തിൽ ജീവൻ പൊലിഞ്ഞ ചൂരൽമലയിലെ എല്ലാ സഹോദരങ്ങൾക്കും ആദരാഞ്ജലികൾ നേർന്നു.

മേഖലയുടെ നേതൃത്വത്തിൽ സഹോദരങ്ങൾക്കായി ആവശ്യമായ വസ്ത്രങ്ങൾ കളക്ട് ചെയ്തു കൊടുത്തു. ദുരിതാശ്വാസ

ക്യാമ്പിൽ കഴിയുന്നവരെ സഹായിക്കാൻ മേഖലാ സമിതി നേതൃത്വം കൊടുത്തു. ഓഗസ്റ്റ് പ്രവർത്തനമാസത്തോടനുബന്ധിച്ച് ഈ വർഷത്തെ വിഷയം ഈയൊരു വിഷയത്തോട് അനുബന്ധിച്ച് യൂണിറ്റ് തലങ്ങളിൽ വിവിധ പ്രവർത്തനങ്ങൾ നടത്താൻ മേഖല നേതൃത്വം നൽകി. എല്ലാ വൈദികർക്കും വിയാനി പുണ്യവാളന്റെ തിരുനാൾ മംഗളങ്ങൾ ആശംസിച്ചു. മേഖല ഡയറക്ടർ നിതിൻ പാലക്കാട്ട് അച്ചന്റെ വീട് മേഖല ഭാരവാഹികൾ സന്ദർശിച്ചു.

യൂണിറ്റ് വാർത്തകൾ

കയ്യൂന്നി യൂണിറ്റ്

ദുക്റാന തിരുനാൾ ദിനത്തിൽ യുവജനങ്ങൾ തോമസ് നാമധാരികളെ ആദരിച്ചു. ഇടവകയിലെ മുഴുവൻ യുവജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് യുവജന ദിനാഘോഷവും പ്രത്യേക പ്രാർത്ഥനയും നടത്തി, യുവജനങ്ങളെ ആദരിച്ചു. മേഖല സെനറ്റിൽ പങ്കെടുത്ത് ആറുമാസത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

നരിവാലമുണ്ട യൂണിറ്റ്

മേഖല അർദ്ധ വാർഷിക സെനറ്റിൽ പങ്കെടുത്ത് റിപ്പോർട്ട് അവതരിപ്പിച്ചു. മ്യൂസിക്കൽ പ്രോഗ്രാം നടത്തി. ചൂരൽമല ദുരന്തത്തിൽ മുണ്ടേരി വനത്തിലുള്ള തിരച്ചിലിൽ ഇടവകയിലെ രണ്ടു യുവാക്കൾ സജീവ പ്രവർത്തനം നടത്തി. ആറ് യുവാക്കൾ ക്യാമ്പിലേക്ക് വോളണ്ടിയർ സർവീസ് ചെയ്തു. ആഗസ്ത് മാസ മാർഗ്ഗരേഖ പ്രകാശനം നടത്തി, പ്രവത്തനമാസം ആരംഭം കുറിച്ചു. പള്ളിയും, പരിസരങ്ങളും ക്ലീനിംഗ് നടത്തി. പള്ളിയിൽ പച്ചക്കറി തോട്ടം നിർമ്മിച്ചു. വിയാനി ദിനത്തിൽ വികാരിയച്ചന് സമ്മാനം നൽകി ആദരിച്ചു. ഇടവകയിൽ നിന്ന് വൈദികരായവർക്ക് ആശംസങ്ങൾ നേർന്നു.

മണിമൂളി യൂണിറ്റ്

യുവജന ദിനാഘോഷം സംഘടിപ്പിച്ചു. സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്ക് ലഹരി വിരുദ്ധ ക്ലാസ് സംഘടിപ്പിച്ചു.

മൺവയൽ യൂണിറ്റ്

ജൂലൈ 21 യുവജനദിന ആഘോഷം നടത്തി. കെ. സി. വൈ. എം മാനന്തവാടി രൂപത ജനറൽ സെക്രട്ടറി ശ്രീ. ജസ്റ്റിൻ തെക്കേമുറയിൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ അറുപതോളം യുവ ജനങ്ങൾ പങ്കെടുത്തു.

പുതുശ്ശേരിക്കടവ് യൂണിറ്റ്

ലോക ജനസംഖ്യാ ദിനം, ലോക ഇമോജി ദിനം, ചാന്ദ്രദിനം,

അന്താരാഷ്ട്ര കടുവാ ദിനം, അന്തർദേശീയ ട്രാഫിക് ലൈറ്റ് ദിനം, ഹിരോഷിമ ദിനം, ലോക കൈത്തറി ദിനം, ക്വിറ്റിന്ത്യാ, നാഗസാക്കി തുടങ്ങിയ ദിനങ്ങളുടെ സന്ദേശം ഷെയർ ചെയ്തു. രവീന്ദ്രനാഥ ടാഗോറിന്റെയും, നെൽസൺ മണ്ടേലയുടെയും, മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെയും അനുസ്മരണം നടത്തി. മേപ്പാടി സെന്റ് ജോസഫ് സ്കൂളിൽ കഴിയുന്ന പ്രിയപ്പെട്ടവർക്കായി, ഇടവക കുടുംബത്തിന്റെ പൂർണ സഹകരണത്തോടെ 19000 രൂപയുടെ അത്യാവശ്യ സാധനങ്ങൾ എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ എത്തിച്ചു നൽകി. ദുരന്ത ഭൂമിയിൽ ദുരിതം അനുഭവിക്കുന്ന പ്രിയപ്പെട്ടവർക്ക് വേണ്ടി കരുണയുടെ ജപമാലചൊല്ലി പ്രാർത്ഥിച്ചു. 'ഊന്നിത്താസ് ഫോർത്തിയോർ 2024' പ്രവർത്തന മാസാചരണത്തിന്റെ ഭാഗമായി എല്ലാ ദിവസവും പൊതുവിജ്ഞാന ചോദ്യങ്ങൾ ഷെയർ ചെയ്തു വരുന്നു. പ്രവർത്തനമാസത്തിന്റെ പേരും ലോഗോയും അടങ്ങുന്ന പോസ്റ്റർ നോട്ടീസ് ബോർഡിൽ പതിപ്പിക്കുകയും, കെ. സി. വൈ. എം പതാക കൈമാറിക്കൊണ്ട് ബഹുമാനപ്പെട്ട ശാന്തി ദാസ് അച്ചൻ പ്രവർത്തനമാസം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. SPECCHIO ന്യൂസ് പാരിഷ് ബുള്ളറ്റിൻ പുറത്തിറക്കി. ഐസ് ക്രീം ദിനത്തോട് അനുബന്ധിച്ച് ഐസ് ക്രീം കഴിക്കുന്ന ഫോട്ടോഗ്രാഫി മത്സരം നടത്തി. പ്രവർത്തനമാസ മുദ്രാവാക്യം ആനിമേറ്റർ സിസ്റ്റർ പ്രസിഡന്റിന് കൈമാറി. ഓഗസ്റ്റ് 3 ന് മുണ്ടക്കൈ ചൂരൽമല ദുരിതം പ്രാർത്ഥനാ ദിനമായി ആചരിച്ചു. വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ ഇടവക വികാരിയച്ചനും തരിയോട് മേഖലയിലെ എല്ലാ ഇടവക വൈദികർക്കും ആശംസകൾ അറിയിച്ചു. യൂത്ത് ഡയറിസ് എന്ന യൂട്യൂബ് ചാനൽ നിർമ്മിക്കുകയും, യുവജനങ്ങൾ തയ്യാറാക്കിയ ഷോർട്ട് ഫിലിം 'തിരുത്ത്' അപ്ലോഡ് ചെയ്യുകയും ചെയ്തു. പതിനാറാം മൈൽ ഗ്രോട്ടോയും പരിസരവും, ബസ് സ്റ്റോപ്പും ശുചീകരണം നടത്തി. സഡാക്കോ കൊക്ക് നിർമ്മാണവും പ്രദർശനവും നടത്തി.

തവിഞ്ഞാൽ യൂണിറ്റ്

ആനിമേറ്റർ സിസ്റ്റർ ആനീസിന് നാമഹേതുക തിരുനാൾ മംഗളങ്ങൾ ആശംസിച്ചു. മാലിന്യ ബോധവൽക്കരണത്തിനായി പോസ്റ്റർ നിർമിച്ചു. വി. അൽഫോൻസാമയുടെ തിരുനാൾ ആഘോഷത്തിൽ എല്ലായുവജനങ്ങളും പങ്കെടുത്തു. ഓഗസ്റ്റ് 1 ന് വി. കുർബാനയ്ക്ക് ശേഷം പതാക ഉയർത്തി, പ്രവർത്തനമാസം ഉദ്ഘാടനം ചെയ്തു. വിയാനി ദിനാഘോഷം നടത്തി, അച്ചന്മാർക്ക്

സ്നേഹോപഹാരം നൽകി. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗ മായി യുവജനങ്ങൾക്കായി മുദ്രവാക്യ രചന മത്സരം സംഘടിപ്പിച്ചു. സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് മാതാവിനോട് ജപ മാല ചൊല്ലി പ്രാർത്ഥിച്ചു.

പാതിരിപ്പാടം യൂണിറ്റ്

വിവിധ പരിപാടികളോടെ യുവജനദിനം ആഘോഷിച്ചു. വൃദ്ധരായ മാതാപിതാക്കളെ പൂക്കൾ നൽകി ആദരിച്ചു.

ടൗൺ ചർച്ച് യൂണിറ്റ്

സെന്റ് തോമസിന്റെ തിരുനാളിനോട് അനുബന്ധിച്ച് വികാരി ജിമ്മി അച്ചന്റെയും സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ തോമസ് സാറിന്റെയും നാമഹേതുക തിരുനാൾ ആചരിച്ചു. സമ്മാനങ്ങൾ കൈമാറി. യുവജനദിനത്തോടനുബന്ധിച്ച് പള്ളിയും പരിസരവും അലങ്കരിച്ചു. യുവജനദിനത്തോടനുബന്ധിച്ച് കെ. സി. വൈ. എം യുവജനങ്ങൾ അന്നേദിവസം വിശുദ്ധ കുർബാനയിൽ നേതൃത്വം നൽകുകയും കാഴ്ചകൾ സമർപ്പിക്കുകയും ചെയ്തു. വിശുദ്ധ കുർ ബാനയ്ക്ക് ശേഷം കെസിവൈഎം അംഗങ്ങളും സൺഡേ സ്കൂൾ കുട്ടികളും വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. യുവജനദിന ത്തോടനുബന്ധിച്ച് കെ. സി. വൈ. എം അംഗങ്ങൾ കാട്ടിമൂല സ്നേ ഹാലയം സന്ദർശിച്ചു, വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ആനിമേറ്റർ സിസ്റ്റർ ആൻ തെരേസയുടെയും, സെക്രട്ടറി അബിന യുടെയും നാമഹേതുക തിരുനാളിന്റെ ആശംസകൾ നേർന്നു. ഇട വകയിൽ സേവനം ചെയ്യുന്ന സിസ്റ്റർ ആനി പോളിന്റെ പിതാവിന്റെ നിര്യാണത്തിൽ അനുശോചനം അറിയിച്ചു.

ജനറൽ സെക്രട്ടറി
ജസ്റ്റിൻ വർഗീസ് തെക്കേമുറിയിൽ

കെ. സി. ബി. സി മദ്യവിരുദ്ധ സമിതി

ലഹരി വിരുദ്ധ ദൂത്

1. പാലേമാട്: പലേമാട് ഇടവകയിൽ ജൂലൈ 21 ന് ലഹരി വിരുദ്ധ ദിനാചരണം നടത്തി. ഇടവക വികാരി ഫാ.സുനിൽ വട്ടുകുന്നേൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. സമിതി രൂപതാ ഡയറക്ടർ കുട്ടികൾക്കും മുതിർന്നവർക്കും ക്ലാസ്സുകൾ നയിച്ചു. മദ്യ വിരുദ്ധസമിതിയുടെ യൂണിറ്റും ലഹരി വിരുദ്ധ ക്ലബ്ബും രൂപീകരിച്ചു. ഇടവക ജനത്തിനുവേണ്ടി ലഹരി വിരുദ്ധ പോസ്റ്റർ പ്രദർശനം നടത്തി. പ്രോഗ്രാം വിജയിപ്പിക്കാൻ കൈക്കാരൻമാർ, സന്യസ്തർ, മതാധ്യാപകർ, സംഘടനാ പ്രതിനിധികൾ എന്നിവർ മുൻപന്തിയിൽ ഉണ്ടായിരുന്നു.

2. മണിമൂളി ഫോറോനാ ദേവാലയം: ജൂലൈ 28ന് പ്രോഗ്രാം ഇടവക വികാരി സിഞ്ചല്ലൂസ് ഫാ. ബെന്നി മുതിരക്കാലയിൽ ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ക്ലാസുകൾ നയിച്ചു. ജ്വാല ലഹരി വിരുദ്ധ ക്ലബ്ബ് രൂപീകരിച്ചു. തുടർന്ന് അധ്യാപകരുടെ നേതൃത്വത്തിൽ ഇടവകയിലെ തുടർപ്രവർത്തനം ചർച്ച ചെയ്തു. ഫാ. ജെറിൻ പോയ്കയിൽ പ്രോഗ്രാം സംഘടിപ്പിക്കാൻ നേതൃത്വം വഹിച്ചു.

3. തലഞ്ഞി ഇടവക: ഓഗസ്റ്റ് 4 ന് ലഹരി വിരുദ്ധ ദിനാഘോഷം തലഞ്ഞി സെൻ മേരീസ് ഇടവകയിൽ ജ്വാല ലഹരി വിരുദ്ധ ക്ലബ് സംഘടിപ്പിച്ചു. ഇടവക വികാരി ഫാ. ജയിനിഷ് പുതുക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. സൺഡേസ്കൂൾ പ്രധാന അധ്യാപകൻ ശ്രി. ജോസ് തന്നിക്കൽ, ഇടവക ട്രസ്റ്റീ ശ്രീ. ബെന്നി വടക്കേൽ അനിമേറ്റർ ശ്രീ. സിവി ഊരോത്ത് എന്നിവർ പ്രസംഗിച്ചു. മദ്യവിരുദ്ധ സമിതി ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ വി. കുർബാന അർപ്പിച്ച് ക്ലാസ്സ് നയിച്ചു. മദ്യവിരുദ്ധ സമിതി യൂണിറ്റ് ആരംഭിച്ചു.

4. ഭൂദാനം ഇടവക: ഭൂദാനം ഇടവകയിൽ ഓഗസ്റ്റ് 11 ന് ലഹരി വിരുദ്ധ ദിനം ആചരിച്ചു. രൂപത ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ ഉദ്ഘാടനം ചെയ്ത് ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തി. ഇടവക വികാരി ഫാ. ജോണി എലവുങ്കൽ നേതൃത്വം നൽകി. കൈക്കാരൻ ശ്രീ. ടോമി മുതുകാട്ടിൽ, പ്രധാന അധ്യാപക ശ്രീമതി മോളി തുടിപ്പാറക്കൽ, ജ്വാലാ ലഹരി വിരുദ്ധ ക്ലബ്ബ് ആനിമേറ്റർ ശ്രീമതി മീരീസ് മാളിയേക്കൽ, സൺഡേ സ്കൂൾ ലീഡർ കുമാരി എയ്ഞ്ചൽ മരിയ എന്നിവർ സംസാരിച്ചു.

5. ഇടിവെണ്ണ ഇടവക: സെന്റ് തോമസ് ചർച്ച് ഇടിവെണ്ണയിൽ ഓഗസ്റ്റ്

18 ന്, ഞായറാഴ്ച ലഹരിവിരുദ്ധ ദിനമായി ആചരിച്ചു. ഇടവക വികാരി ബഹുമാനപ്പെട്ട ഫാ. കുര്യാക്കോസ് കുമ്പികീൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. രൂപതാ മദ്യവിരുദ്ധ സമിതി ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് മുതിർന്നവർക്കും കുട്ടികൾക്കും വേണ്ടി ബോധവൽക്കരണ ക്ലാസുകൾ നയിച്ചു. മദ്യ വിരുദ്ധ സമിതിയുടെ യൂണിറ്റ് സ്ഥാപിക്കുകയും ജ്വാല ലഹരിത ക്ലബ്ബിന്റെ പ്രവർത്തന ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. കൈകാരന്മാർ മതാധ്യാപകർ എന്നിവർ പ്രോഗ്രാമിന് നേതൃത്വം വഹിച്ചു.

സെമിനാർ: കെ. സി. ബി. സി മദ്യ വിരുദ്ധ സമിതിയും മാതൃ വേദിയും ചേർന്ന് ചൊക്കാട് ഹോളി ഫാമിലി ഇടവകയിൽ ഓഗസ്റ്റ് ആറിന് 'കുടുംബങ്ങളുടെ മാനസിക ആരോഗ്യം' എന്ന വിഷയത്തിൽ സെമിനാർ നടത്തി. ഉദ്ഘാടനം സി. അനില SD ആനിമേറ്റർ നിർവഹിച്ചു ഫാ. സണ്ണി മഠത്തിൽ ക്ലാസ്സ് നയിച്ചു. ജെസ്സി അതിര കുളങ്ങര, ഷേർലി വെള്ളാക്കൽ, എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു. തുടർന്ന് പുനർജനി എന്ന ലഹരി വിരുദ്ധ ക്ലബ്ബ് രൂപീകരിച്ചു. സെമിനാർ സംഘടിപ്പിക്കാൻ ഇടവക വികാരി ഫാദർ സജി പുതുക്കുളങ്ങര നേതൃത്വം വഹിച്ചു.

ഫൊറോന സംഗമം: കെ. സി. ബി. സി മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ നിലമ്പൂർ ഫൊറോന കേന്ദ്രത്തിൽ ഓഗസ്റ്റ് 18ന് നിലമ്പൂർ ഫൊറോനാ സമിതിയുടെ സംഗമം നടന്നു. ഫോറോനാ വികാരി ബഹുമാനപ്പെട്ട ജയ്സൺ കുഴികണ്ടത്തിൽ സംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഫൊറോന ഡയറക്ടർ ഫാ. സജി കൊച്ചുപാറക്കൽ പങ്കെടുത്ത എല്ലാവർക്കും സ്വാഗതം പറഞ്ഞു. രൂപതാ ഡയറക്ടർ സമിതിയുടെ പ്രവർത്തനങ്ങൾ വിവരിച്ചു. ഫൊറോന ഭാരവാഹികൾ പ്രസംഗിച്ചു. സമിതിയുടെ തുടർ പ്രവർത്തനങ്ങളെ കുറിച്ച് ചർച്ചകൾ നടന്നു.

യൂണിറ്റ് സമ്മേളനം

1. തരിയോട്: ജൂലൈ 31 ന് തരിയോട് ഇടവകയിൽ സമിതിയുടെ യൂണിറ്റ് സമ്മേളനം ബഹു. ഇടവക വികാരി തോമസ് പ്ലാശ്നാൽ അദ്ധ്യക്ഷത വഹിച്ചു യൂണിറ്റ് ഉദ്ഘാടനം നിർവഹിച്ചു. സമിതി രൂപതാ പ്രസിഡന്റ് രാജുവല്യാറ യോഗത്തിൽ മദ്യവിരുദ്ധ പ്രവർത്തനത്തിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു.

രൂപതാ ജോ. സെക്രട്ടറി റ്റെസി ടീച്ചർ കറുത്തേടം സമിതി അംഗം തോമസ് ചക്കാലയിൽ പ്രസംഗിച്ചു. സമിതി അംഗം തോമസ് ചക്കലയിൽ യൂണിറ്റ് പ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെട്ടു.

2. കത്തീഡ്രൽ: സമിതി കത്തീഡ്രൽ യൂണിറ്റിന്റെ രൂപീകരണവും സമ്മേളനവും തിരഞ്ഞെടുപ്പും നടന്നു. മദ്യവിരുദ്ധ സമിതിപ്രവർത്തനങ്ങളെക്കുറിച്ച് രൂപതാ പ്രസിഡണ്ട് രാജു വി. ഡി സംസാരിച്ചു. പ്രസിഡണ്ടായി ജോൺ ചാമക്കാലയിൽ തെരഞ്ഞെടുക്കപ്പെട്ടു, വൈസ് പ്രസിഡന്റായി ആനി ടീച്ചർ, സെക്രട്ടറിയായി സൈനമ്മ ടീച്ചർ ജോയിൻ സെക്രട്ടറിയായിസെലിൻ കോട്ടായിൽ ട്രെഷറാറായി ജോർജ്ജ് കാഞ്ഞിരക്കാട്ട് എക്സിക്യൂട്ടീവ് മെംബേർസായി ബേബി കുര്യൻ വെളിയത്ത്, സാലിം മാത്യു കല്ലിടുക്കനാനിക്കൽ, പോൾ കാക്കരകുന്നേൽ, ഷെമിലി ടീച്ചർ പട്ടേരിയിൽ എന്നിവരെ തിരഞ്ഞെടുത്തു. തുടർന്ന് ചർച്ചയും, സമിതിയുടെ പ്രവർത്തനവുമായി ഉള്ള ചോദ്യങ്ങൾക്ക് മറുപടി നൽകി. ഇടവക അസിസ്റ്റന്റ് വികാരി ഫാ. അമൽ, പ്രസിഡന്റ് ജോൺ ചാമക്കാലായിൽ എന്നിവർ സംസാരിച്ചു.

3. മാനന്തവാടി: മാനന്തവാടി സെന്റ് പോൾ & പീറ്റർ ടൗൺ പള്ളിയിൽ മദ്യവിരുദ്ധ സമിതി യൂണിറ്റ് രൂപീകരണവും സമ്മേളനവും നടന്നു. ഇടവക വികാരി ഫാ. ജിമ്മി മൂലയിൽ സമിതി യൂണിറ്റ് ഉദ്ഘാടനം ചെയ്തു. മദ്യവിരുദ്ധ സമിതി പ്രവർത്തനങ്ങളെക്കുറിച്ച് രൂപതാ പ്രസിഡണ്ട് രാജു വി. ഡി സംസാരിച്ചു. ശ്രീ. സെബാസ്റ്റ്യൻ കറുത്തേടം പ്രസിഡണ്ടായി എക്സിക്യൂട്ടീവ് കമ്മിറ്റി നിലവിൽ വന്നു.

യൂണിറ്റ് സന്ദർശനം: എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കേണിച്ചിറ, കാരയ്ക്കമല എന്നീ ഇടവകകളിലും ഡയറക്ടറിന്റെ നേതൃത്വത്തിൽ നിലമ്പൂർ ഫൊറോനയിലെ മൂലേപാടം, മുട്ടിയേൽ നിലമ്പൂർ, പൂളപ്പാടം, തേൾപ്പാറ, വടപുരം വള്ളിക്കെട്ട് ഇടവകകളിലും, മണിമൂളി ഫൊറോനയിലെ ഭൂദാനം, മണിമൂളി, മുണ്ടേരി, മരുത, പാലാങ്കര, താളിപ്പാടം എന്ന ഇടവകകളിലും സന്ദർശനം നടത്തി വികാരിമാരുമായി ലഹരിവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്: 24-7-2024 ന് ഡയറക്ടറിന്റെ സാന്നിധ്യത്തിലും, വി ഡി രാജുവിന്റെ അധ്യക്ഷതയിലും ചേർന്ന സൂം മീറ്റിങ്ങിൽ ഭാരവാഹികൾ എല്ലാവരും തന്നെ പങ്കെടുത്തു. പ്രാർത്ഥന ആരംഭിച്ച മീറ്റിങ്ങിൽ ശ്രീ മാത്യു ആര്യപള്ളി എല്ലാവർക്കും സ്വാഗതം പറഞ്ഞു. തുടർന്ന് ഒരു മാസക്കാലത്തെ പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിച്ചു. യൂനിറ്റുകളുടെ രൂപീകരണം, ജൂബിലി സമാപന ആഘോഷം, ടൗണുകൾ കേന്ദ്രീകരിച്ചുള്ള ബോധവൽക്കരണം, ഫൊറോനാ യൂണിറ്റ് സംഗമങ്ങൾ, പുനർജനി, യുവദീപം തുടങ്ങിയ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ രൂപീകരണം, സന്നദ്ധ പ്രവർത്തകർക്കുള്ള ക്ലാസുകളും, സെമിനാറുകളും തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു.

രാജു വലിയാറയിൽ
(രൂപതാ പ്രസിഡന്റ്)

വിവാഹ ഒരുക്ക കോഴ്സ്

ആഗസ്റ്റ് മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 61 പേർ പങ്കെടുത്തു. സെപ്റ്റംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 14,15,16,17 തിയതികളിലും, ഒക്ടോബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 12,13,14,15 എന്നീ തിയതികളിലും നടത്തപ്പെടുന്നു.

രൂപതാ വാർത്തകൾ

മാതൃവേദി

ജൂലൈ 9-ാം തീയതി മാതൃവേദിയിലെ സജീവ പ്രവർത്തകയായിരുന്ന ഇപ്പോൾ ചികിത്സയിൽ ആയിരിക്കുന്ന കാവാലം അന്നമ്മ ടീച്ചറെ രൂപത ടീം അംഗങ്ങൾ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ജൂലൈ 18-ാം തീയതി മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുകയും പരിചരിക്കുകയും ചെയ്യുന്ന കുഴിനിലത്തെ ടെസ്സ ഹോം സന്ദർശിച്ചു. ജൂലൈ 29-ാം തീയതി കാക്കനാട് വെച്ച് നടന്ന അന്തർദേശീയ മാതൃവേദിയുടെ ജനറൽബോഡിയിൽ 7 അംഗങ്ങളും ആനിമേറ്ററും പങ്കെടുത്തു. ജനുവരി മുതൽ ജൂൺവരെയുള്ള മാതൃവേദിയുടെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. ജൂലൈ 5 -ാം തീയതി കെ.സി.ബി.സി പ്രോലൈഫ് സമിതി നടത്തിയ ജീവസംരക്ഷണ യാത്രയ്ക്ക് മാനന്തവാടി, പനമരം, കൽപ്പറ്റ എന്നീ സ്ഥലങ്ങളിൽ സ്വീകരണം നൽകുന്നതിന് രൂപത ടീം അംഗങ്ങൾ പങ്കെടുത്തു. രൂപത തലത്തിൽ മേഖലകളിൽ കൊളാഷ് മത്സരം നടത്തി. ഇടവകകളിൽ ഗ്രാന്റ് പാരൻഡ് ഡേ സമുചിതമായി ആചരിച്ചു. ലോകസമാധാനത്തിനും നല്ല കാലാവസ്ഥയ്ക്ക് വേണ്ടി ദിവ്യകാരുണ്യ ആരാധനയിൽ അമ്മമാർ പങ്കെടുത്തു പ്രാർത്ഥിച്ചു. മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് വേണ്ടി ബത്തേരി മേഖല ചെയിൻ റോസറി നടത്തി. മാതൃവേദി ഗ്ലോബൽ സമിതി നടത്തുന്ന നേതൃത്വ പരിശീലനത്തിന്റെ ഉദ്ഘാടന കർമ്മത്തിൽ രൂപത ടീം അംഗങ്ങളും രജിസ്റ്റർ ചെയ്ത അമ്മമാരും പങ്കെടുത്തു. ഓൺലൈനായി നടത്തിയ നേതൃത്വ പരിശീലനത്തിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചത് മാർ റാഫേൽ തട്ടിൽ പിതാവ് ആയിരുന്നു. മരിയൻ സിംഗിൾസ് രൂപതാ മീറ്റിംഗ് നടത്തി.15 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് സെപ്റ്റംബർ 24.

മേഖല വാർത്തകൾ

തരിയോട് മേഖല

മേഖലാ ടീം കുറുമ്പാല ഇടവകയിൽ ഡയാലിസിസ് ചെയ്തു കൊണ്ടിരിക്കുന്ന റോസമ്മ കൂവക്കലിനെ സന്ദർശിച്ചു ധനസഹായം നൽകി. വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തോടനുബന്ധിച്ച് മേഖലാ തലത്തിൽ പ്രസംഗം നടത്തി. വിഷയം സഹന പുത്രി. അൽഫോൻസാമ്മ മത്സരത്തിൽ ഒന്നാം സ്ഥാനം കുറുമ്പാല ഇടവകയ്ക്കും രണ്ടാം സ്ഥാനം കോട്ടത്തറ ഇടവക മൂന്നാം സ്ഥാനം പുതുശ്ശേരികടവ് ഇടവകയ്ക്കും ലഭിച്ചു. വൃദ്ധരായ മാതാപിതാക്കളെ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. വിവാഹ തടസ്സം നേരിടുന്നവർക്ക് വേണ്ടി കോട്ടത്തറ ഇടവക ചെയിൻ റോസറിയും, കിടപ്പ് രോഗികൾക്ക് വേണ്ടി കാവുമന്ദം ഇടവക തിരുഹൃദയ ജപമാലയും ഉദ്യോഗസ്ഥർക്കും പ്രവാസികൾക്കും വേണ്ടി ചെന്നലോട് ഇടവക കരുണക്കൊന്തയും ചൊല്ലി പ്രാർത്ഥിച്ചു

കല്ലോടി മേഖല

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വി.തോമാശ്ലീഹായുടെ ഭാരത പര്യടനം – ഏഴര പള്ളികൾ – എന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യാസ മത്സരം നടത്തി.

1st ദിൽന കിഴക്കരെക്കാട്ട് – കുഞ്ഞോം.

2nd ഷൈനി കത്തിങ്കര – ജൂഡ്സ് മൗണ്ട്

3rd ഷൈനി കൂമ്പുക്കൽ – മക്കിയാട്.

ഗ്രാന്റ് പേരന്റ് ഡേയിൽ എല്ലാ ശാഖകളിലും വ്യത്യസ്തമായ അനുസ്മരണങ്ങൾ നടത്തി. വി. അൽഫോൻസാമ്മയുടെ നാമത്തിലുള്ള ദേവാലയങ്ങളിൽ സന്ദർശനം നടത്തി പ്രാത്ഥിച്ചു. വചന കവചം, സാന്താ മോനിക്ക പ്രാത്ഥന ചെയിൻ റോസറി എന്നിവ നടത്തി.

മുള്ളൻകൊല്ലി മേഖല

മേഖല എക്സിക്യൂട്ടീവ് ജനറൽബോഡി എന്നിവ ചേർന്നു. മുള്ളൻകൊല്ലി യൂണിറ്റിലും മരക്കടവ് യൂണിറ്റിലും നിർധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മേഖലയിലെ 12 യൂണിറ്റുകൾക്കും മേഖലയുടെ നേതൃത്വത്തിൽ അവക്കാഡോ തൈകൾ വിതരണം ചെയ്തു. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് യൂണിറ്റുകൾക്കായി മേഖലയുടെ നേതൃത്വത്തിൽ പോസ്റ്റർ നിർമ്മാണ മത്സരം, കവിതാരചന മത്സരം എന്നിവ നടത്തി. സെന്റ് തോമസ് ഡേയോടനുബന്ധിച്ച് മേഖലയുടെ നേതൃത്വത്തിൽ പ്രസംഗമത്സരം നടത്തി. വിവിധ യൂണിറ്റുകളിൽ അൽഫോൻസാമ്മ ക്വിസ് നടത്തുകയും ചെയ്തു.

ശാഖാ വാർത്തകൾ

ശിശുമല

ക്ലാസ്സ് നടത്തി. മിഷനെ സഹായിക്കുന്നതിനു പഠനോപകരണങ്ങളും പണവും കാഴ്ചവെപ്പ് നടത്തി. മരകാവ് സെന്റ് തോമസ് ദേവാലയത്തിലേക്ക് തീർത്ഥയാത്ര നടത്തി. അച്ചാർ ഫെസ്റ്റ് നടത്തി. ബൈബിൾ ക്വിസ്, അൽഫോൻസാ ക്വിസ് എന്നിവ നടത്തി. രോഗീ സന്ദർശനം, ഏലീശാ സന്ദർശനം എന്നിവ നടത്തി.

വാളവയൽ

എക്സിക്യൂട്ടീവ് കൂടി. പാലിയേറ്റീവ് പ്രവർത്തനങ്ങൾ, പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം, രോഗീ സന്ദർശനം തുടങ്ങിയവയേക്കുറിച്ച് ചർച്ച ചെയ്തു. വന്യമൃഗ ശല്യത്തിനെതിരെയുള്ള റാലിയിൽ പങ്കെടുത്തു. വയോജന ദിനത്തിന്റെ ഭാഗമായി 70 വയസ്സിന് മുകളിലുള്ള എല്ലാവരേയും ആദരിച്ചു. രോഗികളായ മാതാപിതാക്കളെ വീടുകളിൽ ചെന്ന് ആദരിച്ചു.

പാടിച്ചിറ

ബൈബിൾ മാസചാരണത്തിന്റെ ഭാഗമായി എല്ലാം അമ്മമാരും ദിവസവും ബൈബിൾ വായിച്ചു. മാനസിക വൈകല്യം ഉള്ള വ്യക്തിക്ക് വസ്ത്രം വാങ്ങി നല്കി. പ്രകൃതി ക്ഷോഭത്താൽ കഷ്ടപ്പെടുന്ന വയനാടൻ ജനതക്കു വേണ്ടി ജപമാല നടത്തി. ദുരന്ത സ്ഥലത്തേക്ക് വസ്ത്ര ശേഖരണം നടത്തി.

പുതുശ്ശേരിക്കടവ്

ഓസ്സാനാം ഭവൻ സന്ദർശിച്ച് 10000/- സംഭാവനയായി നല്കി. വയോധിക ദിനത്തിൽ പ്രായം ചെന്നവരെ ആദരിച്ചു. വി. അൽഫോൻസ-സഹനപുത്രി ഈ വിഷയത്തെ ആസ്പദമാക്കി ഉപന്യാസ മത്സരം നടത്തി.

കബനിഗിരി

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ, ഗ്രാൻഡ് പേരെന്റ്സ് ഡേ എന്നിവ ആചരിച്ചു. മേഖലാ എക്സിക്യൂട്ടീവിലും പ്രസംഗ മത്സരത്തിലും പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. അൽഫോൻസാ ക്വിസ്, രോഗീസന്ദർശനം എന്നിവ നടത്തി.

കളത്തുവയൽ

പ്രായമായ ദമ്പതിമാരെ ആദരിച്ച് അവർക്ക് കൊന്ത നൽകി. രോഗീ സന്ദർശനം നടത്തി. ചികിത്സാ സഹായമായി 2000/- രൂപ നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി. കൊളാഷ് മത്സരത്തിൽ മൂന്നാം സ്ഥാനം ലഭിച്ചു.

അപ്പപ്പാറ

പള്ളിയും പരിസരവും വൃത്തിയാക്കി. പള്ളിക്ക് കുരിശിന്റെ വഴിയുടെ രൂപം നലകി. മാതൃവേദിയംഗങ്ങൾ പള്ളിപണിക്കാവശ്യമായ തുക സമാഹരിക്കുന്നതിൽ സഹകരിച്ചു.

മരക്കടവ്

മേഖല നടത്തിയ ലഹരി വിരുദ്ധ മത്സരത്തിൽ പങ്കെടുത്തു. പോസ്റ്റർ നിർമ്മാണ മത്സരത്തിൽ 2-ാം സ്ഥാനം ലഭിച്ചു. ഇടവകയിൽ 5 മക്കളുള്ള ദീപു - ധന്യ ദമ്പതികളെ ആദരിച്ച് സമ്മാനങ്ങൾ നൽകി. ഏലിശ്വ സന്ദർശനം നടത്തി.

മാർട്ടിൻ നഗർ

ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു. മാതാപിതാക്കൾ ഒറ്റപ്പെട്ട് കഴിയുന്ന കുടുംബത്തിന് ഭക്ഷ്യ സാധനങ്ങളുടെ കിറ്റ് നൽകി. ചികിത്സ സഹായമായി രണ്ടു കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകി. വൃദ്ധ മാതാപിതാക്കളുടെയും രോഗികളുടെയും ഭവനങ്ങൾ സന്ദർശിച്ചു.

ദീപ്തിഗിരി

ദുക്റാന തിരുനാൾ, അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. വൃദ്ധസദനം സന്ദർശിച്ചു. രോഗീ സന്ദർശനം നടത്തി. ഇടവകയിൽ മരണം മൂലം വേർപ്പെട്ടു പോയവരുടെ വീടുകൾ സന്ദർശിച്ചു.

കോട്ടത്തറ

എക്സിക്യൂട്ടീവ് കൂടി. അമ്മമാർക്ക് സെമിനാർ നടത്തി. സെമിനാരി ഫണ്ട് കളക്ട് ചെയ്തു. രോഗീ സഹായം, പഠനസഹായം, ഭവന നിർമ്മാണ സഹായം എന്നിവ നൽകി. 80 വയസ്സിനു മുകളിലുള്ള ദമ്പതികളെ ആദരിച്ചു. മേഖലയിൽ നടത്തിയ പ്രസംഗം മത്സരം, കൊളാഷ് നിർമ്മാണം, മാതാവിനെ അലങ്കരിക്കൽ എന്നീ മത്സരത്തിൽ പങ്കെടുത്തു. പള്ളി ക്ലീനിങ് നടത്തി. ഏലീശാ സന്ദർശനം നടത്തി.

കയ്യൂന്നി

എക്സിക്യുട്ടീവ് നടത്തി. ഡോക്ടേഴ്സ് ദിനത്തിൽ കപ്പാല ഗവൺമെന്റ് ഹോസ്പിറ്റലിലെ ഡോക്ടേഴ്സിനെ ആദരിച്ചു. ഭവനങ്ങളിൽ ദിവ്യകാരുണ്യം നൽകാൻ വേണ്ട ക്രമീകരണങ്ങൾ നടത്തി. വിധവകൾക്കായി സെമിനാർ സംഘടിപ്പിച്ചു 30 പേർ സംബന്ധിച്ചു. ചികിത്സ സഹായമായി 10,000/- രൂപ നൽകി. മുണ്ടക്കൈ, ചൂരൽമല എന്നീ പ്രദേശങ്ങളുടെ അതിജീവനത്തിനായി പ്രാർത്ഥനാദിനം ആചരിച്ചു.

മണിമൂളി

എക്സിക്യൂട്ടീവ് മീറ്റിംഗ്, മാതാപിതാക്കൾക്ക് സെമിനാർ എന്നിവ നടത്തി. മേഖലാ തലത്തിൽ നടത്തിയ കൊളാഷ് മത്സരത്തിൽ ശ്രീമതി. ജിജി വിത്ത്വെട്ടിക്കൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. കൂൺ കൃഷി പരിശീലനം നടത്തി. രോഗി സന്ദർശനം നടത്തി.

തലഞ്ഞി

സെന്റ് തോമസ് ഡേ, വി. യോവാക്കിം-അന്ന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. പ്രകൃതി ക്ഷോഭത്താൽ കഷ്ടപ്പെടുന്ന ആളുകൾക്ക് വേണ്ടി 101 കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. പച്ചക്കറി നിർമ്മാണ മത്സരം നടത്താൻ തീരുമാനിച്ചു.

തോമാട്ടുചാൽ

ബൈബിൾ പാരായണം നടത്തി. അടൂർ തേജസ് ഹോം സന്ദർശിച്ചു. 3000/- രൂപ സംഭാവന നൽകി, 2000/- രൂപയ്ക്ക് സാധനങ്ങൾ നൽകി. മരണവീട് സന്ദർശനം, ഏലിശ്വ സന്ദർശനം എന്നിവ നടത്തി. എക്സിക്യൂട്ടീവ് കൂടി.

കേളകം

എല്ലാ മാസവും രണ്ടാം ചൊവ്വാഴ്ച മരിയ ഭവനിൽ പൊതിച്ചോറ് നല്കുന്നു. പാവപ്പെട്ട ഒരു കുടുംബത്തിന് സാമ്പത്തിക സഹായം നൽകി. 65-ാം വിവാഹ വാർഷികം ആഘോഷിച്ച ദമ്പതികളെ മാതൃവേദി ആദരിച്ചു.

കുറുമ്പാല

കുടുംബജീവിതത്തിലെ ആനുകാലിക പ്രശ്നങ്ങളും പരിഹാരങ്ങളും എന്ന വിഷയത്തിൽ സെമിനാർ നടത്തി. വിദ്യാഭ്യാസ സഹായമായി ഒരു നിർധന വിദ്യാർത്ഥിക്ക് 500/- രൂപ നൽകി. രോഗീസന്ദർശനം നടത്തി ഡയാലിസിസ് ചെയ്യുന്ന ഒരു രോഗിക്ക് 2000/- രൂപ സഹായമായി നൽകി.

വാളേരി

എക്സിക്യൂട്ടിവ് മീറ്റിംഗ് കൂടി. ദുക്റാന തിരുനാളിൽ തോമസ് നാമധാരികളെ ആദരിച്ചു. യോവക്കിം അന്ന തിരുനാൾ ദിനത്തിൽ പ്രായമായ മാതാപിതാക്കളെ സന്ദർശിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. സാന്താ മോനിക്കാ, വചന കവചം, ചെയിൻ റോസറി എന്നിവ നടത്തി. രോഗീ സന്ദർശനം നടത്തി.

സീതാമൗണ്ട്

ദുക്റാന തിരുനാൾ, വി. ജോവാക്കിം - അന്ന തിരുനാൾ ആച

രിച്ചു. രോഗികളായ വൃദ്ധദമ്പതിമാരെ ആദരിച്ചു.അൽഫോൻസാമ്മ ക്വിസ്, അൽഫോൺസാമ്മയുടെ രൂപം അലങ്കരിക്കൽ എന്നീ മത്സ രങ്ങൾ നടത്തി.

ചുങ്കക്കുന്ന്

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ദിവ്യകാരുണ്യ ആരാധന നടത്തി. വി. അന്ന- യോവാക്കിം തിരുന്നാളിനോടനുബന്ധിച്ച് ഇടവ കാംഗങ്ങളായുള്ള വൈദികരുടെ 70 വയസ്സിന് മുകളിൽ പ്രായമുള്ള മാതാപിതാക്കളെ ആദരിച്ചു. ചികിത്സാ സഹായമായി 10000/- രൂപ നൽകി. മരണവീട് സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി.

തേൾപാറ

തോമസ് നാമധാരികളെയും, ഗ്രാൻഡ് പാരൻസിനെയും, അൽ ഫോൻസ നാമധാരികളെയും ആദരിച്ചു. വയനാട്ടിൽ പ്രകൃതിക്ഷോ ഭത്തിൽ മരണമടഞ്ഞ പ്രിയപ്പെട്ടവർക്ക് വേണ്ടിയും ദുരിതമനുഭവി ക്കുന്ന സഹോദരങ്ങൾക്ക് വേണ്ടിയും ദിവ്യകാരുണ്യ ആരാധനയും പ്രാർത്ഥനയും നടത്തി.

വടപുറം

ഡോക്ടേഴ്സ് ഡേയിൽ ഇടവകയിലെ ഡോക്ടേഴ്സിന് ആശം സകളറിയിച്ചു. വേളാങ്കണ്ണി തീർത്ഥാടനത്തിൽ അമ്മമാർ പങ്കു ചേർന്നു. മാതാവിന്റെ രൂപം അലങ്കരിക്കൽ മേഖലാ മത്സരത്തിൽ രണ്ടാം സ്ഥാനം നേടി. കൊളാഷ് നിർമാണത്തിലും പങ്കെടുത്തു.

പൂക്കോട്ടുംപാടം

കുടുംബത്തിൽ അമ്മമാരുടെ പങ്കാളിത്തം എന്ന വിഷയത്തെ ക്കുറിച്ച് സെമിനാർ നടത്തി. വി. അൽഫോൻസാമ്മയുടെ തിരുനാളിൽ ഒരു കുടുംബത്തിന് സാമ്പത്തിക സഹായം നൽകി. സെമിനാരി വിദ്യാർത്ഥികൾക്ക് 10000/- രൂപ നൽകി.

പയ്യമ്പള്ളി

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. അമ്മമാർക്ക് സെമിനാർ നടത്തി. ബഹു. ജെയ്സ് പൂതക്കുഴി അച്ചൻ ക്ലാസ് എടുത്തു. 250 അമ്മമാർ സെമിനാറിൽ പങ്കെടുത്തു.

കൽപ്പറ്റ

മുൻ വികാരി ബഹു. ജോസ് കുളിരാനി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്തു ആത്മശാന്തിക്കായി പ്രാർത്ഥിച്ചു. ഡയാ ലിസിസ് രോഗിക്ക് സാമ്പത്തിക സഹായം നൽകി. ഉരുൾ പൊട്ടൽ, പ്രളയം എന്നിവ മൂലം ദുരിതം അനുഭവിക്കുന്നവർക്ക് സഹായം നൽകി.

ദ്വാരക

വി. തോമാശ്ലീഹായുടെ തിരുനാൾ ദിനത്തിൽ വിയാനി ഭവൻ സന്ദർശിച്ച് വൈദികർക്ക് കേക്കും പലഹാരങ്ങളും നൽകി. കർമ്മല മാതാവിന്റെ തിരുനാൾ ദിനത്തിൽ സി.എം.സി സിസ്റ്റേഴ്സിനെ സന്ദർശിക്കുകയും അവരെ പൂക്കൾ നൽകി ആദരിക്കുകയും ചെയ്തു. ഗ്രാൻഡ് പാരൻസ് ഡേയിൽ സമരിറ്റൻ ഭവൻ സന്ദർശിച്ച് അവർക്ക് ഒരു നേരത്തെ ഭക്ഷണം നൽകി.

കരിമ്പിൽ

ഏലീശ്വാ സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി. ചികിത്സാ സഹായം നൽകി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഉപ ന്യാസ മത്സരം നടത്തി. അൽഫോൻസാ ക്വിസ് നടത്തി. നവോമി സംഗമം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

കുഞ്ഞോം

അമ്മമാർക്കായി മൊബൈൽ ഫോണിന്റെ ദുരുപയോഗത്തേക്കുറിച്ചും ലഹരി, ജിഹാദ് തുടങ്ങിയവയെപ്പറ്റിയും പുതിയതും പഴയതുമായ തലമുറകളുടെ ബന്ധങ്ങൾ തമ്മിലുള്ള വ്യത്യാസം എന്നീ വിഷയങ്ങളിൽ ഒരു സെമിനാർ നടത്തി. പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്നടത്തി. ഏലീശ്വാ സന്ദർശനം നടത്തി.രോഗികളെയും പ്രായമായവരെയും സന്ദർശിച്ചു.

ചോക്കാട്

സെമിനാരി വിദ്യാർത്ഥികളുടെ പഠനസഹായത്തിന് 5000/-രൂപ നല്കി. രോഗീ സന്ദർശനം, നവോമി സന്ദർശനം, ഏലീശ്വാ സന്ദർശനം എന്നിവ നടത്തി.

മഞ്ഞൂറ

അമ്മമാർക്കായി സെമിനാർ നടത്തി. രോഗി സഹായമായി 1000/- രൂപ കൊടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

തവിഞ്ഞാൽ

എക്സിക്യൂട്ടീവ് കൂടി. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം നടത്തി.പാരൻസ് ഡേ ദിനത്തിൽ ഇടവകയിലെ പ്രായമായ ദമ്പതികളെ ആദരിച്ചു. ലോഗോസ് രജിസ്ട്രേഷൻ നടത്തി.

ചൂരൽമല

മുണ്ടക്കൈ ദുരന്തത്തിൽപ്പെട്ടവർക്കായി പ്രത്യേകം പ്രാർത്ഥിച്ചു.

താളിപ്പാടം

എക്സിക്യൂട്ടീവ് കൂടി. ദേവാലയത്തിന്റെ മുൻപിൽ പൂന്തോട്ടം

വ്യത്തിയാക്കി പുതിയ ചെടികൾ വച്ചു പിടിപ്പിച്ചു. മേഖലയിൽ മാതാവിന്റെ രൂപം അലങ്കരിക്കൽ മത്സരത്തിൽ രണ്ടാം സ്ഥാനം നേടി. ലോഗോസ് ക്വിസ് രജിസ്ട്രേഷൻ നടത്തി. ഇടവകയിൽ നിന്നും, രൂപതയിൽ നിന്നും ആത്മഹത്യാ പ്രവണത ഉള്ളവർ അതിൽ നിന്നും മാറുന്നതിനു വേണ്ടി ജപമാല സൈന്യം രൂപീകരിച്ച് എല്ലാ ദിവസവും മഠത്തിൽ വച്ച് മൂന്നു മണി മുതൽ നാലുമണിവരെ ജപമാല കൂട്ടായ്മ നടത്തുന്നു.

അസംപ്ഷൻ

ഡോക്ടേഴ്സ് ദിനത്തിൽ അസംപ്ഷൻ ഹോസ്പിറ്റലിലെ ഡോക്ടർമാർക്ക് പൂക്കൾ നൽകി ആദരിച്ചു. വാർഡുകളിലെ വനിത പ്രതിനിധികളെ വിളിച്ചു കൂട്ടി മാതൃവേദി ശക്തിപ്പെടുത്തുന്നതിനായി ഗ്രൂപ്പ് രൂപീകരിച്ചു. ഗ്രാൻഡ് പാരൻസ് ഡേ ദിനത്തിൽ 65 വയസ്സിനു മുകളിലുള്ള ദമ്പതികളെ വിളിച്ചു കൂട്ടി സെമിനാർ, സ്നേഹവിരുന്ന് എന്നിവ നൽകി. അന്തർദേശീയ മാതൃവേദിയുടെ ജനറൽബോഡി എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. കിടപ്പിലായ രോഗികളെ സന്ദർശിച്ചു.

പ്രശാന്തഗിരി

സെമിനാരി വിദ്യാർഥികളുടെ പഠന സഹായത്തിനായി 1000/- രൂപനൽകി. രണ്ടു വിദ്യാർത്ഥികൾക്ക് 1000/-രൂപ പഠന സഹായമായി നൽകി. ഭവന സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി. ചികിത്സാസഹായമായി മൂന്നു പേർക്ക് 3000/- രൂപ നല്കി. പള്ളിയും പരിസരവും വൃത്തിയാക്കി. വൃദ്ധ ദമ്പതികളെ സന്ദർശിച്ചു.

കാരയ്ക്കാമല

ദുക്റാന തിരുനാളിൽ തോമസ് നാമധാരികളെ തോമാശ്ലീഹായുടെ ഫോട്ടോ നൽകി ആദരിച്ചു. വി. അന്ന ജൊവാക്കിം ദമ്പതികളുടെ തിരുനാൾ ദിനത്തിൽ വൃദ്ധ മാതാപിതാക്കളെ ആദരിച്ചു.

പാതിരിപ്പാടം

തോമസ്, അന്ന, അൽഫോൻസാ നാമധാരികളെ പൂച്ചെണ്ട് നൽകി ആദരിച്ചു. അൽഫോൻസാ ക്വിസ് നടത്തി.

ബോയ്സ് ടൗൺ

തോമസ് നാമധാരികളെ ആദരിച്ചു. സെമിനാരി വിദ്യാർത്ഥികൾക്കുള്ള പഠനസഹായം 1000/- രൂപ നൽകി. രോഗീ സന്ദർശനം നടത്തി. മാതൃവേദിയും വിൻസന്റ് ഡി പോളും സംയുക്തമായി ചെമ്പേരിയിലുള്ള അഗതിമന്ദിരം കരുണാലയം സന്ദർശിച്ചു 5000/- രൂപ നൽകി.

മരകാവ്

പ്രസംഗ മത്സരത്തിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് കൂടി. മേഖല എക്സിക്യൂട്ടീവിൽ പങ്കെടുത്തു. സമ്പൂർണ്ണ ബൈബിൾ വായന വാരാചരണം നടത്തി. ദേവാലയവും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. ചൊവ്വാഴ്ചകളിൽ മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണംനൽകുന്നതിനായി സഹായിച്ചു. ഇടവക നിർമ്മിച്ച് നൽകിയ വീടിന് ധനസഹായം നൽകി. സെമിനാർ നടത്തി.

നടവയൽ

ഇടവകാംഗമായ ആർമണ്ട് മാധവത്തച്ചന്റെ ദൈവദാസ പ്രഖ്യാപന ചടങ്ങിൽ പങ്കെടുത്തു. തനതു പ്രവർത്തനത്തിന്റെ ഭാഗമായി കർക്കിടക കഞ്ഞി കിറ്റ് തയ്യാറാക്കി വിറ്റ് ഫണ്ട് ശേഖരണം നടത്തി. സെമിനാരി വിദ്യാർഥികളെ സഹായിക്കാൻ അമ്മമാരിൽ നിന്നും സംഭാവന സ്വീകരിച്ചു. കേണിച്ചിറ മരിയ ഭവൻ സന്ദർശിച്ചു. 2000/- രൂപ സഹായമായി നൽകി. എക്സിക്യൂട്ടീവ് കൂടി. അരുണാചൽ പ്രദേശിലെ മിയ രൂപതയിലെ ഒരു അനാഥ കുട്ടിയുടെ ഒരു മാസത്തെ ഭക്ഷണ ചിലവിലേക്കായി ഓരോ മാസവും 1500/- രൂപ നൽകി. ഏലീഷ സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി രോഗി സഹായമായി 4000/- രൂപയും, സാധു സഹായമായി 1000/- രൂപയും നൽകി.

ഇരുളം

ആശുപത്രി സന്ദർശനം നടത്തി. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ചുള്ള പോസ്റ്റർ നിർമ്മാണ മത്സരത്തിലും, കവിതാരചന മത്സരത്തിലും പങ്കെടുത്തു. മേഖല ജനറൽ ബോഡിയിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. സാമ്പത്തിക സഹായമായി 3500/- രൂപ രണ്ടു കുടുംബങ്ങൾക്ക് നൽകി. സെമിനാരി ഫണ്ട് നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി .

കൊട്ടിയൂർ

അറയങ്ങാട് സ്നേഹ ഭവനിലേക്ക് 1,30,000/- രൂപയുടെ പലവ്യഞ്ജന സാധനങ്ങൾ നൽകി. വൈദിക വിദ്യാർത്ഥികളുടെ പഠനത്തിനായി 5000/- രൂപ നൽകി. ലഹരിക്കെതിരെ മേഖല നടത്തിയ കൊളാഷ് നിർമ്മാണ മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു. പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം വാർഡ് തല വനിതകളുടെ മഹാസഭയിൽ മാതൃവേദി അംഗങ്ങൾ പങ്കെടുത്തു, ആവശ്യങ്ങൾ അറിയിച്ചു.

വഞ്ഞോട്

എക്സിക്യൂട്ടീവ് കൂടി. മേഖലാ തല ഉപന്യാസ മത്സരത്തിൽ

പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗീ സന്ദർശനം നടത്തി.

യവനാർകുളം

തോമസ് നാമധാരികളെ ആദരിച്ചു.എക്സിക്യൂട്ടീവ് അംഗങ്ങൾ ഭവനങ്ങൾ സന്ദർശിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

പോരൂർ

എക്സിക്യൂട്ടീവ് കൂടി. സെമിനാരി വിദ്യാർത്ഥികൾക്കുള്ള സഹായം മേഖലയിൽ ഏൽപ്പിച്ചു. രോഗികളെയും പ്രായമായവരെയും സന്ദർശിച്ചു. പാരൻസ് ഡേയിൽ പ്രായമായവരെ ഭവനങ്ങളിൽ ആദരിച്ചു.

മാനന്തവാടി ടൗൺ ചർച്ച്

സെമിനാരി വിദ്യാർത്ഥികൾക്ക് 5000/-രൂപ നൽകിസെന്റ് ആൻസ് മഠം സന്ദർശിച്ചു, അമ്മമാരുടെ കൂടെ സമയം ചിലവഴിച്ചു, ഭക്ഷണ കിറ്റ് നൽകി. വെള്ളപ്പൊക്കത്തിൽ ദുരിതമനുഭിക്കുന്നവരെ സന്ദർശിച്ചു. എക്സിക്യൂട്ടീവ് ചേർന്നു. സ്നേഹദീപം ചാരിറ്റബിൾ ട്രസ്റ്റിലേക്ക് 1000/-രൂപ നൽകി. രോഗീസന്ദർശനം നടത്തി.

കുറുമണി

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ, അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. തോമസ് നാമധാരികൾ, പ്രായമായ മാതാപിതാക്കൾ എന്നിവരെ ആദരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

പുതിയിടംകുന്ന്

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ദുക്റാന തിരുനാളിൽ തോമസ് നാമധാരികളെ ആദരിച്ചു. രോഗി സന്ദർശനം നടത്തി. യാക്കോബ് ശ്ലീഹായുടെ തിരുനാൾ, വി.യോവാക്കിം - അന്നാ തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ നാമധാരികളെ ആദരിച്ചു. ഗ്രാൻഡ് പാരന്റ്സിനെ ആദരിച്ചു. ചൂരൽമല, മുണ്ടക്കൈ ഉരുൾപ്പൊട്ടൽ എന്നിവയിൽ വിഷമിക്കുന്നവർക്കു വേണ്ടി അഖണ്ഡ ജപമാല ചൊല്ലി പ്രാർത്ഥിച്ചു, ദേവാലയ സന്ദർശനങ്ങൾ നടത്തി.

ഫാ. ജോസഫ് പരുവുമ്മേൽ
ഫാ. ബിനു വടക്കേൽ

സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ഓഗസ്റ്റ് 02 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥിച്ചൊരുങ്ങി, സീയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 50 ശുശ്രൂഷകർ പങ്കെടുത്തു. ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 വരെ സീയോൻ പൊതുസമ്മേളനം നടന്നു.

കൺവെൻഷൻ

ഓഗസ്റ്റ് 03ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബഹു. ബ്രദർ ജോസഫ് സ്തുതി ആരാധന നയിച്ചു. ബ്രദർ ബിജു പുളിക്കൽ, സി. അനറ്റ് SKD, സി. റിറ്റി FCC എന്നിവർ ഗാനശുശ്രൂഷക്കും, ബഹു. സിസ്റ്റർ ആൻസി SCV, സിസ്റ്റർ സ്മിത CMC, സിസ്റ്റർ നവ്യ SH, എന്നിവർ മറ്റു ശുശ്രൂഷകൾക്കും നേതൃത്വം നൽകി.

കൗൺസിലിങ്

ഓഗസ്റ്റ് 10 ശനി രാവിലെ 09.30 മുതൽ 01 മണിവരെ പൊതു കൗൺസിലിങ് ശുശ്രൂഷ നടന്നു.

ആന്തരീക സൗഖ്യ ധ്യാനം

ഓഗസ്റ്റ് 15 വ്യാഴം മുതൽ 18 ഞായർ വരെ താമസിച്ചുള്ള ആന്തരീക സൗഖ്യ ധ്യാനം നടത്തപ്പെട്ടു.

ജാഗരണ പ്രാർത്ഥന

ഓഗസ്റ്റ് 23 വെള്ളി വൈകുന്നേരം 07 മുതൽ രാത്രി 10.30 വരെ ജാഗരണ പ്രാർത്ഥന നടത്തി.

അഖണ്ഡ ജപമാല

ഓഗസ്റ്റ് 23 വെള്ളി രാവിലെ 08 മുതൽ വൈകുന്നേരം 07 വരെ അഖണ്ഡ ജപമാല നടത്തി സീയോൻ ചാപ്പലിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 10.15 ന് കുരിശിന്റെ വഴിയും 11 ന് ആരാധനയും കുമ്പസാരവും, 12 മണിക്ക് വി. കുർബാനയും നടന്നു വരുന്നു.

സെപ്റ്റംബർ മാസത്തിലെ താമസിച്ചുള്ള ധ്യാനം: 19 വ്യാഴം 04 മണിമുതൽ 22 ഞായർ 01 മണിവരെ For Booking: 8281132195

ഫാ. ജിന്റോ തട്ടുപറമ്പിൽ
ഡയറക്ടർ, സീയോൻ സി. ആർ. സി – 9544606936

സാമൂഹ്യ സേവനരംഗം (WSSS)

മുണ്ടക്കൈ, ചൂരൽമല ദുരന്തത്തിൽ മാനന്തവാടി രൂപത നടത്തിയ ഇടപെടലുകൾ ദുരന്തം സംഭവിച്ച ദിവസം മുതൽ തന്നെ രൂപതയിലെ സംഘടനകളും സജീവമായി ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഇടപ്പെട്ടു. ഈ പ്രവർത്തനങ്ങൾ ഇന്നും തുടരുന്നു.

1. ചൂരൽമല ഇടവക – ദുരന്ത സമയം മുതൽ ആളുകളുടെ സുരക്ഷാകേന്ദ്രമായി ഇടവക മാറി, ദുരിതാശ്വാസ ക്യാമ്പായും രക്ഷാപ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്ന ഇടമായും മാറി. രാത്രിയിൽ തന്നെ അവിടെ ക്ലിനിക് ആരംഭിച്ചു. സർക്കാർ സംവിധാനങ്ങളും പൊതുപ്രവർത്തകരും ഉൾപ്പെടെ രക്ഷാപ്രവർത്തനങ്ങളുടെ ഓഫീസായി മാറി. ഭക്ഷണം, വസ്ത്രം എല്ലാം ഒരുക്കി നൽകി. പിന്നീട് കേന്ദ്ര സേനകളുടെ വിശ്രമകേന്ദ്രമായും മാറി. എല്ലാ പ്രവർത്തനങ്ങൾക്കും വികാരി ഫാ. ജിബിൻ വട്ടുകുളത്തിൽ നേതൃത്വം നൽകി.

2. ആദ്യദിവസം തന്നെ ഭക്ഷണ വിതരണത്തിനുള്ള ക്രമീകരണം നടത്തി. രക്ഷാപ്രവർത്തകർക്കും പരിക്കേറ്റവർക്കും ക്യാമ്പുകളിലേക്ക് മാറിയവർക്കും ഭക്ഷണം തയ്യാറാക്കി വിതരണം നടത്തി. നെടുമ്പാല, തൃക്കൈപ്പറ്റ, ബത്തേരി, റിപ്പൺ ഇടവകകളാണ് ഇത് ഏറ്റെടുത്തത്. ഭക്ഷണ ക്രമീകരണത്തിനായി അധികാരികൾ വിളിച്ചതും രൂപതയെ ആണ്.

3. ആദ്യദിനം തന്നെ രൂപതാ നേതൃത്വത്തിലുള്ള വൈദികരും PRO, WSSS, ബയോവിൻ, ജീവസ്സ് & കെ.എൽ.എം ഡയറക്ടർമാരും കൽപ്പറ്റ ഫൊറോന വികാരിയും സ്ഥലം സന്ദർശിച്ച് രൂപതാ കേന്ദ്രത്തിന് വിവരങ്ങൾ കൈമാറി.

4. ഇതിന്റെ അടിസ്ഥാനത്തിൽ രൂപതയിലെ സംഘടനകളെയും സംവിധാനങ്ങളെയും നേതൃത്വത്തിലുള്ളവരുടെയും അടിയന്തര യോഗം പിതാവ് വിളിച്ച് ചേർക്കുകയും കർമ്മപദ്ധതികൾക്ക് നേതൃത്വം നൽകുകയും ചെയ്തു. രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ WSSSലൂടെ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിക്കുകയും വികാരി ജനറാൾ ചെയർമാനും WSSS ഡയറക്ടർ ഫിനാൻസ് ഓഫീ

സറും KLM ഡയറക്ടർ വൈസ് ചെയർമാനുമായി ഒമ്പതംഗ കോർ കമ്മിറ്റിയും 20 അംഗ ജനറൽ കമ്മിറ്റിക്കും രൂപം നൽകി. ഈ യോഗത്തിൽ വെച്ച് അടിയന്തര പ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും തയ്യാറാക്കി.

5. പരിക്കേറ്റവർക്ക് ബൈസ്റ്റാൻഡർമാരായി ജീസസ്സ് യൂത്ത് പ്രവർത്തകരെ വിട്ടുനൽകി. 50 പേരെയാണ് നൽകിയത്.

6. ക്യാമ്പുകളിൽ വോളണ്ടിയർമാരായി 100 KCYM യുവാക്കളെ അധികാരികൾ ആവശ്യപ്പെട്ട സ്ഥലങ്ങളിൽ വിന്യസിച്ചു.

7. ക്യാമ്പുകളിൽ ഭക്ഷണം തയ്യാറാക്കുന്നതിനും മറ്റ് സേവനങ്ങൾ നൽകുന്നതിനുമായി AKCC, മാതൃവേദി, CML സംഘടനകളിൽ നിന്നും 80 പേരുടെ സേവനം വിട്ടുനൽകി. മേപ്പാടി എൽ.പി സ്കൂൾ, കൽപ്പറ്റ ഡി പോൾ, കൽപ്പറ്റ SD MLP എന്നീ ക്യാമ്പുകളിൽ ഭക്ഷണം ഉണ്ടാക്കുന്ന ചുമതലയും ഏറ്റെടുത്തു.

8. വോളണ്ടിയേഴിസിനും രക്ഷാപ്രവർത്തകർക്കും വിതരണം ചെയ്യുന്നതിനുള്ള ഭക്ഷണം തൃക്കൈപ്പറ്റ, നെടുമ്പാല, തെനേരി, റിപ്പൺ എന്നീ ഇടവകകളിൽ നിന്നും തയ്യാറാക്കി. ഇത് അധികാരികൾ ആവശ്യപ്പെടുന്ന സമയത്ത് എത്തിച്ച് നൽകാൻ വോളണ്ടിയേഴ്സിനെയും ചുമതലപ്പെടുത്തി.

9. കൗൺസിലിംഗിനായി ആ മേഖലയിലെ വിദഗ്ദരായ 70 സിസ്റ്റേഴ്സ് അടങ്ങുന്ന ടീം രൂപീകരിക്കുകയും രണ്ടാം ദിനം മുതൽ ക്യാമ്പുകളിലും വീടുകളിലും ആശുപത്രികളിലും എത്തിക്കുകയും ചെയ്തു. രൂപതയാണ് ഏറ്റവും ആദ്യം കൗൺസിലിംഗ് രംഗത്ത് എത്തിയത്.

10. കുട്ടികൂട്ടം- ക്യാമ്പുകളിലെ കുട്ടികളെ ഒരുമിച്ച് ചേർത്ത് മാനസിക ഉല്ലാസത്തിനും ഗ്രൂപ്പ് കൗൺസിലിംഗിനുമുള്ള ടീമിനെ ജീസ്സസ് യൂത്തിലൂടെ വിന്യസിച്ചു. ഇതും ആദ്യം ആരംഭിച്ചത് രൂപതയാണ്.

11. നീഡ് അസസ്സ്മെന്റിനായി ഒരു ടീമിനെ നിശ്ചയിച്ചു. അവർ ഫീൽഡിൽ നിന്നും അറിയിക്കുന്ന സ്ഥലത്തേക്ക് സേവനങ്ങളും പ്രവർത്തനങ്ങളും ലഭ്യമാക്കി. AKCC പ്രവർത്തകരാണ് ഈ ദൗത്യം ഏറ്റെടുത്തത്.

12. പിതാവ്, ജനറാൾ അച്ചൻ, PRO, WSSS, ബയോവിൻ ഡയറക്ടർമാർ എന്നിവരടങ്ങിയ ടീം രണ്ടാം ദിവസം സ്ഥലം സന്ദർശിക്കുകയും മന്ത്രിമാർ, ജില്ലാ കളക്ടർ, മറ്റ് അധികാരികൾ, ജനപ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തി സഹായങ്ങൾ വാഗ്ദാനം ചെയ്തു.

13. അവശ്യസാധനങ്ങളുടെ ശേഖരണത്തിനായി കൽപ്പറ്റ ഡി

പോൾ സ്കൂളിൽ കളക്ഷൻ സെന്റർ തുറക്കുകയും വിതരണം വോളണ്ടിയർമാർ നടത്തുകയും ചെയ്തു.

14. അധികാരികളുടെ ആവശ്യപ്രകാരം കൽപ്പറ്റ ഡി പോൾ സ്കൂളിൽ ക്യാമ്പ് തുറക്കുകയും നടത്തിപ്പ് ഏറ്റെടുക്കുയും ചെയ്തു.

15. ഇടക്കാല താമസത്തിനുള്ള വീടുകൾ കണ്ടെത്തി ലിസ്റ്റ് അധികാരികൾക്ക് കൈമാറി.

16. പുനരധിവാസ പ്രവർത്തനങ്ങൾക്കായി ഭവന നിർമ്മാണം, സ്ഥലം ലഭ്യമാക്കൽ, ഫർണ്ണിച്ചർ, പാത്രങ്ങൾ ഇവയുടെ ശേഖരണം, സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പാക്കൽ, വിദ്യാഭ്യാസ സഹായം മുതലായവ ഏറ്റെടുക്കാനും അതിനുള്ള വിഭവ സമാഹരണം നടത്താനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

17. വികാരി ജനറാൾ ചൂരൽമലയിലെ ഇടവക ജനങ്ങളുമായി കൂടിക്കാഴ്ച നടത്തുകയും വിശുദ്ധബലി അർപ്പിക്കുകയും ചെയ്തു.

18. തെരച്ചിൽ സംഘത്തിൽ AKCC, KCYM, CML എന്നീ സംഘടനയിലെ പ്രവർത്തകർ പങ്കുചേർന്നു.

19. രൂപതാ കോർ ടീം ചൂരൽമലയിൽ എത്തി ചർച്ച നടത്തി.

20. തുടർപ്രവർത്തനങ്ങളിൽ ഏതു വിധമുള്ള പങ്കാളിത്തമാണ് ആവശ്യമെന്ന് നോഡൽ ഓഫീസർ ഉൾപ്പെടെയുള്ളവരുമായി ആശയവിനിമയം നടത്തുകയും തുടരുകയും ചെയ്യുന്നു.

21. ഡോക്ടർമാർ, നഴ്സുമാർ, വോളണ്ടിയർമാർ, കൗൺസിലർമാർ എന്നിങ്ങനെ 10 പേർ ഉൾപ്പെടുന്ന മെഡിക്കൽ സംഘങ്ങൾക്ക് രൂപം നൽകുകയും ക്യാമ്പുകളിലും ദുരിതബാധിത പ്രദേശങ്ങളിലും വൈദ്യസഹായം ലഭ്യമാക്കുകയും ചെയ്തു. സെന്റ് ജോസഫ്സ് മാനന്തവാടി, ഫാത്തിമ മാതാ കൽപ്പറ്റ, അസംപ്ഷൻ ബത്തേരി, സെന്റ് മാർട്ടിൻ അമ്പലവയൽ എന്നീ ഹോസ്പിറ്റലുകൾ സഹകരിച്ചു. അഞ്ച് സംഘങ്ങളായാണ് പ്രവർത്തനം നടത്തിയത്.

സ്ത്രീകളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമമെന്നിവ മെച്ചപ്പെട്ട രീതിയിൽ തിരികെ കൊണ്ടുവരുന്ന പദ്ധതിയുടെ ഭാഗമായി മെഗാ ഈവന്റ് സംഘടിപ്പിച്ചു

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി യു. എൻ വിമൺ, സ്പൈസസ് ബോർഡ് ഓഫ് ഇന്ത്യ, ദി ജെൻഡർ പാർക്ക്, സംസ്ഥാന വനിതാ ശിശുക്ഷേമ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ സ്ത്രീകളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ മെച്ചപ്പെട്ട

രീതിയിൽ തിരികെ കൊണ്ടുവരിക എന്ന പദ്ധതിയുടെ ഭാഗമായി മെഗാ ഈവന്റ് സംഘടിപ്പിച്ചു. തവിഞ്ഞാൽ പാരീഷ് ഹാളിൽ നടന്ന മെഗാ ഈവന്റ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക് സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാ ടനം ചെയ്തു. തവിഞ്ഞാൽ ഇടവക വികാരി റവ. ഫാ. ആന്റോ മമ്പ ള്ളിൽ അദ്ധ്യക്ഷതവഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ പദ്ധതി വിശദീകരണം നടത്തി. ബിന്ദി ഇന്റർനാഷണൽ പ്രോഗ്രാം ഓഫീസർ പരംജിത്കൗർ മുഖ്യ പ്രഭാഷണം നടത്തി. മെഗാ ഈവന്റിന്റെ ഭാഗമായി വിവിധ മത്സരങ്ങൾ, ശിൽപ്പശാല, ഗ്രൂപ്പ് ചർച്ച, കേസ് സ്റ്റഡി തയ്യാറാക്കൽ, എന്നിവ നടത്തി. അടുത്ത 05 വർഷക്കാലം യു.എൻ വിമന്റെ സാമ്പത്തിക സഹായ ത്തോടെ വയനാട് ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് മെഗാ ഈവന്റ് സംഘടിപ്പിച്ചത്. പരിപാടിക്ക് പ്രൊജക്ട് ടീം അംഗങ്ങളായ റോബിൻ ജോസഫ്, ദീപു ജോസഫ്, ചിഞ്ചു മരിയ പീറ്റർ, ജാൻസി ജിജോ, ഷീന ആന്റണി, ആലീസ് സിസിൽ, ബിൻസി വർഗീസ്, ജിനി ഷിനു, ഷില്ലി ജോസഫ് എന്നിവർ നേതൃത്വം നൽകി. സ്ത്രീക ളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ മെച്ചപ്പെട്ട രീതിയിൽ തിരികെ കൊണ്ടുവരുന്ന പദ്ധതിയുടെ വീഡിയോ ഡോക്യുമെന്റേ ഷൻ നടത്തി.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി യു, എൻ വിമൺ, സ്പൈസസ് ബോർഡ് ഓഫ് ഇന്ത്യ, ദി ജെൻഡർ പാർക്ക്, സംസ്ഥാന വനിതാ ശിശുക്ഷേമ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ സ്ത്രീ കളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ മെച്ചപ്പെട്ട രീതിയിൽ തിരികെ കൊണ്ടുവരിക എന്ന പദ്ധതിയുടെ വീഡിയോ ഡോക്യു മെന്റേഷൻ നടത്തി. യു.എൻ വിമൻ, ബിന്ദി ഇന്റർനാഷണൽ പ്രതി നിധികൾ എന്നിവർ ഡോക്യുമെന്റേഷൻ ടീമിന് ഒപ്പം ഉണ്ടായിരുന്നു. പരിപാടിക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സി ക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, പ്രൊജക്റ്റ് ടീം അംഗങ്ങളായ റോബിൻ ജോസഫ്, ദീപുജോസഫ്, ചിഞ്ചുമരിയ, ജാൻസിജിജോ, ഷീനആന്റണി, ജിനി ഷിനു, ആലീസ് സിസിൽ, ബിൻസി വർഗീസ് എന്നിവർ നേതൃത്വം നൽകി.

സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)

യൂണിറ്റ് മീറ്റിംഗുകൾ ചെറുകാട്ടൂർ, കമ്മന, പടമല, പയ്യമ്പള്ളി, തൃശിലേരി, കണിയാരം, കുറുമണി, മംഗലശ്ശേരി, പ്രശാന്തിഗിരി, കാരയ്ക്കാമല, തവിഞ്ഞാൽ, ആലാറ്റിൽ, കല്ലോടി, മൊതക്കര, പോരൂർ, ജൂഡ്സ് മൗണ്ട്, യവനാർകുളം, പട്ടാണികൂപ്പ്, നടവയൽ, കബനിഗിരി, ചുങ്കക്കുന്ന്, കൊട്ടിയൂർ, പാറത്തോട്ടം, വാളേരി, എന്നിവിടങ്ങളിൽ നടത്തിയ യൂണിറ്റ് മീറ്റിംഗുകളിൽ ചെറുകാട്ടൂർ യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോസ് കപ്യാരുമലയിൽ, ചുങ്കക്കുന്ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല എന്നിവർ അനുഗ്രഹ പ്രഭാഷണം നടത്തി. റീജിയണൽ കോഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, ബിൻസി വർഗ്ഗീസ്, ഷില്ലി ജോസഫ്, ജിനി ഷിനു എന്നിവർ യോഗങ്ങൾക്ക് നേതൃത്വം നൽകി.

സ്വാശ്രയ സംഘ രൂപീകരണം

WSSS ന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഭാഗങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അരിഞ്ചേർമല, കൽപ്പറ്റ, വെള്ളമുണ്ട യവനാർകുളം, വഞ്ഞോട്, പുൽപ്പള്ളി, കാപ്പിസെറ്റ്, കാട്ടിക്കുളം, അമ്പുകുത്തി, ആറാട്ടുത്തറ, എന്നിവിടങ്ങളിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

സോപ്പുൽപ്പന്ന നിർമ്മാണ പരിശീലനം

ഓരോ കുടുംബങ്ങളിലും നിത്യോപയോഗ വസ്തുക്കളായ വിവിധതരം സോപ്പുല്പന്നങ്ങൾ വളരെ കുറഞ്ഞ ചെലവിൽ നിർമ്മിക്കുന്നതിനുള്ള പരിശീലനം യവനാർകുളം, പെരുവക, പുൽപ്പള്ളി, പാടിച്ചിറ, മരകാവ്, വീട്ടിമൂല, ശാന്തിഗിരി, ചുങ്കക്കുന്ന്, വാളേരി എന്നിവിടങ്ങളിൽ നടത്തി. റീജിയണൽ കോഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, ബിൻസി വർഗ്ഗീസ്, ഷില്ലി ജോസഫ്, ജിനി ഷിനു എന്നിവർ യോഗങ്ങൾക്ക് നേതൃത്വം നൽകി.

സജീവം പദ്ധതി

കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ കേരള സോഷ്യൽ സർവ്വീസ് ഫോറം മാനന്തവാടി രൂപതയിലൂടെ നടപ്പിലാക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി പുൽപ്പള്ളി, തൃശ്ശിലേരി, ചെന്നലായി, വെള്ളൂന്നി, കൊട്ടിയൂർ, ചുങ്കക്കുന്ന്, കാരയ്ക്കാമല എന്നിവിടങ്ങളിൽ ബോധവത്ക്കരണ സെമിനാറുകൾ നടത്തി. ആശാകിരണം പദ്ധതി കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക

സഹായത്തോടെ കേരള സോഷ്യൽ സർവ്വീസ് ഫോറം മാനന്തവാടി രൂപതയിലൂടെ നടപ്പിലാക്കുന്ന ക്യാൻസർ ബോധവത്ക്കരണ പദ്ധതിയുടെ ഭാഗമായി സീതാമൗണ്ട്, പയ്യമ്പള്ളി, ചെറുകാട്ടൂർ, കാരയ്ക്കാമല, കുറുമണി, മൊതക്കര, പാറത്തോട്ടം, എന്നീ യൂണിറ്റുകളിൽ ബോധവത്ക്കരണ സെമിനാറുകൾ നടത്തി.

ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2024-2026 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. SSLC യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645430856, 9048229197 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

ഫാ. ജിനോജ് പാലത്തടത്തിൽ
ഡയറക്ടർ, WSSS

ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

പാരീഷ് സെമിനാറുകൾ

ജൂലൈ 21 ന് മണിമൂളി ക്രിസ്തുരാജാ ഫൊറോന ഇടവകയിൽ നടന്ന സെമിനാർ സിഞ്ചുല്ലൂസ് ഫാ. ബെന്നി മുതിരക്കാലായിൽ ഉദ്ഘാടനം ചെയ്തു. സെബാസ്റ്റ്യൻ പാലം പറമ്പിൽ ക്ലാസ് നയിച്ചു. കോഡിനേറ്റർ അനീഷ് വിത്തുവെട്ടിക്കൽ നേതൃത്വം നൽകി. ജൂലൈ 28 ന് തലഞ്ഞി, പൂളപ്പാടം, പുഴമുടി ഇടവകകളിൽ സെമിനാർ നടന്നു. തലഞ്ഞി ഇടവകയിലെ സെമിനാർ ഫാ. ജയ്നേഷ് പുതുക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ടീമംഗവും റിട്ടയേർഡ് പ്ലാന്റേഷൻ ഇൻസ്പെക്ടറുമായ ശ്രീ. ജോബി മാത്യു ക്ലാസെടുത്തു. ഇടവക കോഡിനേറ്റർ ബിജു കോട്ടേപ്പറമ്പിൽ നേതൃത്വം നൽകി. പൂളപ്പാടം ഇടവകയിലെ സെമിനാർ വികാരി ഫാ. അഗസ്റ്റിൻ നിലയ്ക്കപ്പള്ളി ഉദ്ഘാടനം ചെയ്തു. രൂപതാ ടീം അംഗവും റിട്ട. ഹെൽത്ത് ജില്ലാ സൂപ്രുമായ ബേബി നാപ്പള്ളിൽ ക്ലാസ്സെടുത്തു. പുഴമുടി ഇടവകയിൽ നടന്ന സെമിനാർ വികാരി ഉദ്ഘാടനം ചെയ്തു. രൂപതാ ടീം അംഗം സാലു അബ്രാഹം മേച്ചേരിൽ ക്ലാസ് നയിച്ചു. കോഡിനേററർ ജെസ്സി ജോണി നേതൃത്വം നൽകി. ഓഗസ്റ്റ് 11 ന് കണിയാമ്പറ്റ ഇടവകയിലെ സെമിനാർ വികാരി ഫാ. പോൾ കൊരണ്ടിയാർക്കുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ സെമിനാർ നയിച്ചു. കോഡിനേറ്റർ ബേബി നാപ്പള്ളിൽ നേതൃത്വം നൽകി.

പാരീഷ് ക്യാമ്പുകൾ

ജൂലൈ 20 ന് നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഇടവകയിൽ സുരക്ഷാ ക്യാമ്പ് സംഘടിപ്പിച്ചു. വികാരി ഫാ. ജെയ്സൺ കുഴികണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് വികാരി ഫാ. അനീഷ് പുരയ്ക്കൽ, കോഡിനേറ്റർ ജോയി ചാച്ചിറയിൽ എന്നിവർ സംസാരിച്ചു. എഴുപത് കുടുംബങ്ങൾ പോസ്റ്റൽ ഇൻഷൂറൻസ് പദ്ധതിയിൽ അംഗങ്ങളായി. ഓഗസ്റ്റ് 13 ന് തലഞ്ഞി ഇടവകയിൽ നടന്ന ക്യാമ്പിൽ വിവിധ പദ്ധതികളിലായി എൺപത് കുടുംബങ്ങൾ അംഗങ്ങളായി. പോസ്റ്റോഫീസ് ഇൻഷൂറൻസ്, ഫിനാൻഷ്യൽ ലിറ്ററസി ജീവനക്കാർ പങ്കെടുത്തു. വികാരി ഫാ. ജയ്നേഷ് പുതുക്കാട്ടിൽ ഉദ്ഘാടനവും കോഡിനേറ്റർ പദ്ധതികൾ വിശദീകരിക്കുകയും ചെയ്തു.

ഓഗസ്റ്റ് 17 ന് മണിമൂളി ഇടവകയിൽ നടന്ന ക്യാമ്പ് സിഞ്ചല്ലൂസ് ഫാ. ബെന്നി മുതിരക്കാലായിൽ ഉദ്ഘാടനം ചെയ്തു. പോസ്റ്റൽ ഇൻഷൂറൻസ് ഉദ്യോഗസ്ഥർ സംബന്ധിച്ചു. മുള്ളൻകൊല്ലി ഫൊറോനയിലെ ജനസേവന കേന്ദ്രവും ലേബർ ഫസിലിറ്റേഷൻ സെന്ററും പുൽപ്പള്ളി ടൗൺ ചർച്ചിൽ പ്രവർത്തനം ആരംഭിച്ചു. കോഡിനേറ്റർ വിൽസൺ തൊണ്ണംമാക്കലിന്റെ ഉടമസ്ഥതയിലുള്ള സെന്ററിന്റെ ഉദ്ഘാടനം വികാരി ഫാ. ജോർജ്ജ് മൈലാടൂർ നിർവ്വഹിച്ചു. രൂപതാ ഡയറക്ടർ, ഫൊറോന കോഡിനേറ്റർ മാത്യു ഞൊണ്ടൻമാക്കൽ എന്നിവർ സംബന്ധിച്ചു.

ചൂരൽമല ദുരന്തഭൂമിയിൽ

വയനാടിനെ കണ്ണീരിലാഴ്ത്തിയ ഉരുൾപൊട്ടൽ ദുരന്തത്തിൽ ചൂരൽമല ഇടവക കോഡിനേറ്റർ റെജി തേക്കിലക്കാട്ടിലിന്റെ വീട് പൂർണ്ണമായും ഒലിച്ചുപോയി. റെജിയും കുടുംബവും പരുക്കുകളോടെ രക്ഷപ്പെട്ടു. റെജിയെ രൂപതാ ഡയറക്ടർ സന്ദർശിച്ചു. ദുരന്തത്തിൽപ്പെട്ടവർക്കും രക്ഷാപ്രവർത്തകർക്കും ആദ്യദിനം ഭക്ഷണം നൽകാനും കഴിഞ്ഞു. പുനരധിവാസ പ്രവർത്തനങ്ങൾക്കായി രൂപതാ വികാരി ജനറാൾ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു.

കെ.എൽ.എം സുവർണ്ണ ജൂബിലി

കെ.എൽ.എം സുവർണ്ണ ജൂബിലിയുടെ സമാപനം എറണാകുളത്ത് ഓഗസ്റ്റ് 18ന് നടന്നു. കേന്ദ്ര മന്ത്രി കുര്യൻ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. KCBC ലേബർ കമ്മീഷൻ ചെയർമാൻ ബിഷപ്പ് സിൽവസ്റ്റർ പൊന്നുമുത്തൻ, വൈസ് ചെയർമാൻമാരായ ബിഷപ്പ് ജോസ് പൊരുന്നേടം, ബിഷപ്പ് ജോർജ്ജ് മഠത്തിക്കത്തിൽ, മന്ത്രി പി. രാജീവ് തുടങ്ങി സാമൂഹിക, രാഷ്ട്രീയ രംഗത്തെ ഒട്ടേറെ നേതാക്കൾ സംബന്ധിച്ചു. മാനന്തവാടി രൂപതയെ പ്രതിനിധികരിച്ച് രൂപതാ ടീം അംഗങ്ങളിൽ നിന്നും കോഡിനേറ്റർമാർ ഉൾപ്പെടെ പതിനഞ്ച് പേർ പങ്കെടുത്തു.

സെബാസ്റ്റ്യൻ പാലംപറമ്പിൽ
രൂപതാ ഡയറക്ടർ, KLM

നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

1. NABARD Programmes

NABARD CGM Inspection: നബാഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കിയ ആടുവളർത്തൽ പദ്ധതിയുടെ ഗുണഭോക്താക്കളെ നേരിൽ കാണുന്നതിനും, പദ്ധതിയുടെ വിശദാംശങ്ങൾ ചോദിച്ചറിയുന്നതിനുമായി NABARD CGM Mr. R. ആനന്ദ്, DDM തിരുമലൈ റാവു 10.08.2024 ന് എരുമാട് വെട്ടുവാടി പ്രദേശങ്ങളിലെ ജാനകി, ജെസി വർഗീസ്, അന്നമ്മ ജോസഫ് എന്നിവരുടെ ഭവനങ്ങളിൽ സന്ദർശനം നടത്തി LEDP പ്രോജക്ടിനെകുറിച്ചും, അതിന്റെ ഗുണങ്ങളെകുറിച്ചുമെല്ലാം അദ്ദേഹം അവരോട് ചോദിച്ചറിയുകയും ചെയ്തു.

NABARD JLG's Programme: നബാഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് വിമലഗിരി യൂണിറ്റിന്റെ നേതൃത്വത്തിൽ 6 ഗ്രൂപ്പുകൾ രൂപീകരിക്കുകയും, ഗ്രൂപ്പുകളുടെ മീറ്റിംഗ് 16.08.2024 ന് ഉച്ചകഴിഞ്ഞ് 3.00 മണിക്ക് വിമലഗിരി സെന്റ്. മേരീസ് ദേവാലയ അങ്കണത്തിൽ വെച്ച് നടത്തുകയും ചെയ്തു. ഗൂഡല്ലൂർ കാനറാ ബാങ്ക് മാനേജർ സുഷമ മേഡം മീറ്റിംഗിൽ പങ്കെടുക്കുകയും, JLG ലോണുകളെ കുറിച്ചും, ബാങ്കിന്റെ വിവിധ സേവനങ്ങളെക്കുറിച്ചും വളരെ വിശദമായി ക്ലാസ് നയിച്ചു. NDS അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, വിമലഗിരി യൂണിറ്റ് ഡയറക്ടർ ഫാ. റെജി മുതുകത്താനിയിൽ, സ്റ്റാഫ് ജോഷി എന്നിവർ മീറ്റിംഗിന് നേതൃത്വം നല്കി.

NABARD Watershed Project: നബാഡിന്റെ സഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന Watershed പ്രോജക്ടിന്റെ ഏരിയമാപ്പിംഗ് 22.07.2024 ന് നടത്തി. വാട്ടർ ഷെഡ് ഏരിയാ സന്ദർശിച്ച് സ്ഥലങ്ങൾ അടയാളപ്പെടുത്തുകയും ചെയ്തു. WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസി. ഡയറക്ടർ ഫാ. അനൂപ്. വർഗീസ്, WSSS സ്റ്റാഫംഗങ്ങളായ ജോസ്, ദീപു, NDS സ്റ്റാഫംഗങ്ങളായ ജോഷി, ജൂഡ് മാർട്ടിൻ എന്നിവർ Watershed ഏരിയ മാപ്പിംഗ് നടത്തുന്നതിന് പങ്കാളികളായി. നബാഡിന്റെ സഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന Watershed പ്രോജക്ടുമായി ബന്ധപ്പെട്ട പ്രാഥമിക

കമ്മറ്റി രൂപീകരിക്കുന്നതിനുള്ള ഒരു മീറ്റിംഗ് 16.08.2024 ന് കൊട്ടാട് സെന്റ് മേരീസ് ഹാളിൽവെച്ച് നടത്തപ്പെട്ടു. NDS അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, സ്റ്റാഫംഗങ്ങളായ ജോഷി, ശ്രീമതി. ലൂസി ആന്റണി, വാർഡ് മെമ്പർ ശ്രീ. അനീഷ് ജോസഫ് NDS കൽപ്ര യൂണിറ്റ് പ്രസിഡ് ശ്രീ. ജോസഫ്, ശ്രീ. റോബിൻ, ശ്രീമതി. ജാൻസി ഡെന്നി, ശ്രീമതി. സെലീന ഫ്രാൻസിസ് എന്നിവർ മീറ്റിംഗിൽ പങ്കെടുക്കുകയും Watershed കമ്മറ്റി രൂപീകരിക്കുകയും ചെയ്തു.

2. NDS ഇവാലുവേഷൻ മീറ്റിംഗ്

2024 ആഗസ്റ്റ് മാസം 10-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ഈ മാസത്തെ ഇവാലുവേഷൻ മീറ്റിംഗ് മേഖല ഓഫീസിൽ വച്ച് നടത്തപ്പെടുകയുണ്ടായി. മീറ്റിങ്ങിന് NDS അസിസ്റ്റൻറ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ നേതൃത്വം കൊടുത്തു. NDS പെരിയശോല, വിമലഗിരി, കൽപ്ര, ധർമ്മഗിരി, ബോസ്പാറ, കയ്യൂന്നി യൂണിറ്റുകളിൽ നിന്നും കടന്നുവന്ന യൂണിറ്റ് പ്രതിനിധികൾ കഴിഞ്ഞ രണ്ടു മാസത്തെ യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. NDS-ന്റെ നേതൃത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന NABARD JLG പ്രോജക്ടിന്റെ പുരോഗതിയെകുറിച്ച് അച്ചൻ സംസാരിച്ചു. കൂടാതെ ആഗസ്റ്റ് മാസത്തിൽ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ സ്വതന്ത്രദിനാഘോഷം നടത്തണമെന്നും വീഡിയോ എടുത്ത് മേഖലക്ക് അയച്ചുതരണമെന്നും അറിയിച്ചു.

3. Staff Meeting

2024 ആഗസ്റ്റ് 12 ന് രാവിലെ 9:30ന് NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ സ്റ്റാഫ് മീറ്റിംഗ് നടത്തി. NDS സ്റ്റാഫംഗങ്ങളായ ജൂഡ് മാർട്ടിൻ, ജോഷി എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. തലേ ആഴ്ച്ചയിലെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും അവയുടെ വിശദാംശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. തുടർന്ന് വരുന്ന ആഴ്ച്ചകളിൽ നടപ്പിലാക്കേണ്ട വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

4. NDS അക്കൗണ്ട്സ് ഓഡിറ്റിംഗ്

2023-24 സാമ്പത്തിക വർഷത്തെ വരവ് ചിലവ് കണക്കുകളുടെ ഓഡിറ്റിംഗ് 26.07.2024 ന് ഓഡിറ്റേഴ്സിന്റെ നേതൃത്വത്തിൽ നടത്തി.

5. BSW കുട്ടികൾക്കുള്ള പരിശീലനം

ഗൂഡല്ലൂർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ മൂന്നാം വർഷം BSW കോഴ്സിന് പഠിക്കുന്ന 3 വിദ്യാർത്ഥിനികൾക്കുവേണ്ടി, അവരുടെ കോഴ്സിന്റെ ഭാഗമായുള്ള ഒരു മാസത്തെ പരിശീലന പരിപാടികൾക്ക് NDS ട്രെയിനിംഗ് ഹാളിൽവെച്ച് തുടക്കം കുറിച്ചു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ, പ്രോജക്ട് കോഡിനേറ്റർ ജോഷി എന്നിവർ ഈ പരിശീലന പരിപാടികൾക്ക് നേതൃത്വം നല്കി. പരിശീലനത്തിന്റെ ഭാഗമായി കൽപ്ര, വിമലഗിരി, കയ്യൂന്നി യൂണിറ്റുകൾ സന്ദർശിച്ചു. മാവനള്ള, തെപ്പക്കാട് ആദിവാസി കോളനികൾ സന്ദർശിക്കുകയും അവിടുത്തെ ആദിവാസി വിഭാഗത്തിൽപ്പെട്ട ആളുകളുടെ ജീവിതാവസ്ഥ നേരിട്ട് കണ്ട് റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തു.

6. സമൃദ്ധകുടുംബം പദ്ധതി: Phase 2

WSSS ഉം ബയോവിൻ അഗ്രോ റിസേർച്ച് സെന്ററും സംയുക്തമായി നടപ്പിലാക്കുന്ന സമൃദ്ധകുടുംബം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്ക് ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെട്ട 25 പേരുടെയും ഭവനങ്ങൾ നേരിട്ട് സന്ദർശനം നടത്തുകയും, അവർക്ക് ആദ്യ ഘഡുവായി ലഭിച്ച തുകകൊണ്ട് നടപ്പിലാക്കിയ വരുമാന ഉത്പാദന മാർഗ്ഗങ്ങളെകുറിച്ച് ചോദിച്ചറിയുകയും, ഫോട്ടോ എടുക്കുകയും ചെയ്തു. പ്രവർത്തനങ്ങൾക്ക് NDS അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, പ്രോജക്ട് കോഡിനേറ്റർ ജോഷി എന്നിവർ നേതൃത്വം നല്കി.

7. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ & കരുണെ ആംബുലൻസ് സർവ്വീസ്

പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഭാഗമായി നീലഗിരി റീജിയണിലെ പന്തല്ലൂർ താലൂക്കിൽ പാട്ടവയൽ, ബെക്കി, ദേവർഷോല, കുന്നലാടി, കയ്യൂന്നി, ദേവാല എന്നീ പ്രദേശങ്ങളിൽ വിവിധ കുടുംബങ്ങളിലായി 15 ലധികം രോഗികളെ സന്ദർശിക്കുകയും രോഗീപരിചരണം നടത്തുകയും ചെയ്തു. 9 പ്രാവശ്യത്തോളം വിവിധ രോഗികൾക്കുവേണ്ടി ആംബുലൻസ് സർവ്വീസ് നല്കി. വിവിധ സ്ഥലങ്ങളിൽ പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് പോകുമ്പോൾ അതാത് പ്രദേശങ്ങളിലെ ഇടവകകളിൽ നിന്നും സജീവമായി സഹകരണം ഉണ്ടാകുകയും ബഹു. വൈദീകരുടെ പ്രത്യേകമായ താല്പര്യം ഇക്കാര്യങ്ങളിൽ ലഭിക്കുകയും ചെയ്യുന്നുണ്ട്. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ

വിലയിരുത്തൽ മീറ്റിംഗ് 2024 ഓഗസ്റ്റ് 04 -ാം തീയതി പാട്ടവയൽ അമല ആശുപത്രിയിൽ വെച്ച് റീജണൽ വികാർ ബിജു പൊൻപാറ യ്ക്കൽ അച്ചന്റെ നേതൃത്വത്തിൽ ഒരുമിച്ച് കൂടുകയും വിവിധ വിഷ യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. പ്രസ്തുത മീറ്റിംഗിൽ NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, സി. നിർമ്മല, സി. ആനി ട്രീസ, സി. മെർലിൻ, സി. റോസ്ന ജോൺ, സി. ജൂലിയ, സി. നിർമ്മൽ എന്നിവരങ്ങുന്ന കമ്മിറ്റി അംഗങ്ങൾ പങ്കെടുക്കുകയും, മുന്നോട്ടുള്ള പ്രവർത്തനങ്ങളെകുറിച്ച് ചർച്ചകൾ നടത്തി തീരുമാന ങ്ങൾ എടുക്കുകയും ചെയ്തു. ഇനി വരുന്ന എല്ലാമാസവും മൂന്നാം ശനിയാഴ്ച്ച പാലിയേറ്റിവ് ഡേ ആയി ആചരിക്കുവാനും അന്നേ ദിവസം വിവിധ പ്രദേശങ്ങളിൽ നിന്നുമുള്ള രോഗികളെ ആശുപത്രി യിൽ കൊണ്ടുവരുവാനും അവർക്കാവശ്യമായ ചികിത്സാ സൗകര്യ ങ്ങൾ നല്കുവാനും തീരുമാനിച്ചു.

8. യൂണിറ്റ് തല പ്രവർത്തനങ്ങൾ

ബോസ്പാറ യൂണിറ്റ്: യൂണിറ്റ് ഇവാലുവേഷൻ മീറ്റിംഗ് നടത്തി. മഴവിൽ മനോരമയുടെ ഒരു ചിരി ഇരു ചിരി യിൽ പങ്കെടുത്ത യൂണിറ്റ് അംഗങ്ങളെ ആദരിച്ചു. രോഗീസഹായം നല്കി. മഴക്കാല രോഗ ങ്ങളും പ്രതിവിധികളും എന്ന വിഷയത്തിൽ ഗ്രൂപ്പുകളിൽ ക്ലാസും, ചർച്ചയും നടത്തി.

വിമലഗിരി യൂണിറ്റ്: യൂണിറ്റ് ഇവാലുവേഷൻ മീറ്റിംഗ് നടത്തി. വീടും പരിസരവും വൃത്തിയാക്കി. റോഡ് സൈഡ് വൃത്തിയാക്കി. വൃക്ഷ തൈകളും, ചെടികളും നട്ടു. രോഗീ സഹായം സമാഹരിച്ച് നല്കി. 6 JLG ഗ്രൂപ്പുകൾ രൂപീകരിച്ചു. യൂണിറ്റ് കമ്മിറ്റി മീറ്റിംഗ് നടത്തി.

ധർമ്മഗിരി യൂണിറ്റ്: യൂണിറ്റ് കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗ് എന്നിവ നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, ലോൺ വിതരണം നടത്തുകയും ചെയ്തു. അജമാംസ രസായന നിർ മ്മാണവും വിതരണവും നടത്തി. പച്ചമരുന്ന് നിർമ്മാണത്തെക്കുറിച്ച് ക്ലാസ് നടത്തി. ഔഷധകഞ്ഞി ഉണ്ടാക്കി അംഗങ്ങൾക്ക് നല്കുകയും ചെയ്തു. ഒരു കുടുംബത്തിന് സാമ്പത്തിക സഹായം നല്കി. കർക്കിടക കിറ്റിന്റെ വിതരണം നടത്തി.

കയ്യൂന്നി യൂണിറ്റ്: യൂണിറ്റ് കമ്മിറ്റി മീറ്റിംഗും, ഇവാലുവേഷൻ മീറ്റിംഗും നടത്തി. മഴക്കാല രോഗങ്ങളെക്കുറിച്ചും, രോഗ പ്രതിരോധ പ്രവർ ത്തനങ്ങളെക്കുറിച്ചും സിസ്റ്റർ സുശീല ക്ലാസ് നയിച്ചു. JLG ഗ്രൂപ്പു കൾ രൂപീകരിച്ചു. പത്താം തരം പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാ ക്കിയ യൂണിറ്റ് അംഗത്തിന്റെ മകളെ ആദരിച്ചു. രോഗീ സഹായം നല്കി.

കൽപ്ര യൂണിറ്റ്: യൂണിറ്റ് കമ്മിറ്റി മീറ്റിംഗും, ഇവാലുവേഷനും നടത്തി. നിർദ്ധനരായ 2 കുട്ടികൾക്ക് പഠനസഹായം നല്കി. കിഡ്നി രോഗിയായ ഒരാൾക്ക് ചികിത്സാ സഹായം നല്കി. വയനാട് ദുരന്തത്തിൽ പെട്ടവർക്ക് സാമ്പത്തിക സഹായം നല്കി.

പെരിയശോല യൂണിറ്റ്: ഗ്രൂപ്പ് മീറ്റിംഗ് നടത്തി. പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് വൃക്ഷതൈ നട്ടു. പെരിയശോല പള്ളിയുടെ പരിസരം കാടുവെട്ടി വൃത്തിയാക്കി.

ഫാ. ബിനോയി കെ സെബാസ്റ്റ്യൻ
(ഡയറക്ടർ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

കേരള ചരിത്രം നാളിതുവരെ കാണാതിരുന്ന അതിദാരുണമായ പ്രകൃതിദുരന്തമാണ് മുണ്ടക്കൈ ചൂരൽമല പ്രദേശത്ത് സംഭവിച്ചത്. സ്വപ്നങ്ങൾ കണ്ട് കിടന്നുറങ്ങിയവരുടെ സ്വപ്നങ്ങളെയെല്ലാം ചെളിയിൽ താഴ്ത്തികൊണ്ട്, മണ്ണും, വെള്ളവും, പാറയും, മരങ്ങളും എല്ലാം മനുഷ്യ മനസ്സിന്റെ സ്വപ്നങ്ങളെ മുഴുവൻ ഇല്ലായ്മ ചെയ്തതിന്റെ മലവെള്ളപ്പാച്ചിലാണ് സംഭവിച്ചത്. ജീവിതം കെട്ടിപ്പടുക്കുന്നതിനായി പകലന്തിയോളം പറമ്പിലും, പാടത്തും, ഫാക്ടറികളിലും, ഹോസ്പിറ്റലുകളിലും, കച്ചവട സ്ഥാപനങ്ങളിലും, കടകളിലും എല്ലാം ജോലി ചെയ്ത മനുഷ്യർ ഏതാനും മിനിറ്റുകൊണ്ട് മണ്ണിനടിയിൽ പെട്ടുപോയ അതിദാരുണമായ സംഭവം. സ്വപ്നം കണ്ട് മെനഞ്ഞെടുത്ത ഭവനങ്ങളും, സ്വപ്നങ്ങൾ കാണാൻ കൂടെ നിന്നവരും എല്ലാം ഒരു നിമിഷം കൊണ്ട് ഇല്ലാതായപ്പോൾ മനസ്സ് മരവിച്ച കുറേ മനുഷ്യരെ മാത്രം അവശേഷിപ്പിച്ച് പ്രകൃതി താണ്ഡവമാടി. മണ്ണിനടിയിൽ മൂടിപ്പോയ മനുഷ്യരുടെ നിസ്സഹായതയുടെ മുമ്പിൽ കേരള ജനതയും വയനാട്ടിലെ മനുഷ്യരും മുളപ്പിച്ചെടുത്തത് മനുഷ്യത്വത്തിന്റെ വിത്തുകൾ ആയിരുന്നു. നഷ്ടപ്പെട്ടവരുടെ പക്ഷം ചേർന്നുകൊണ്ട് രാവും പകലും അവരോട് ചേർന്നിരിക്കുവാൻ കേരളക്കരയും, നമ്മുടെ രാജ്യവും ലോകവും, പ്രതീക്ഷയുടെയും കൈത്താങ്ങ് ആകുന്നതിന്റെയും ചരിത്രം ഒരിക്കൽ കൂടി എഴുതുകയായിരുന്നു. എല്ലാം നഷ്ടപ്പെട്ടവന്റെ കൂടെ ഇനിയും നിൽക്കുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ സമിതി ഈ ദുരന്ത ഭൂമിയിൽ കാഴ്ചവച്ച നന്മയുടെ വിത്തുകൾ എല്ലാവർക്കും മാതൃക ആകുന്നതായിരുന്നു. ഈ ദുരന്ത ഭൂമി നമ്മുടെ മുമ്പിൽ വയ്ക്കുന്ന ചില ചിന്തകളുണ്ട്.

ഉരുൾപൊട്ടലിനെ സ്വാധീനിക്കുന്ന പല ഘടകങ്ങൾ ഉണ്ട്. ചെരിവുള്ള പ്രദേശങ്ങളിൽ പൊതുവെ ഉരുൾപൊട്ടൽ സാധ്യത കൂടുതലാണ്. മണ്ണിന്റെ സ്വഭാവം, പ്രദേശത്തെ ഉയര വ്യത്യാസം എന്നിവയും സ്വാഭാവിക ഘടകമാണ്. അശാസ്ത്രീയമായ മനുഷ്യ ഇടപെടലുകൾ ഉരുൾപൊട്ടലിനെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ആഴത്തിൽ വേരോട്ടമുള്ള മരങ്ങൾ വെട്ടിമാറ്റി ഏലം പോലുള്ള ഏക

വിള കൃഷി ചെയ്യുന്നത് ആ പ്രദേശത്തെ മണ്ണിന്റെ ദുർബലതക്ക് കാരണമാകും. വേരോട്ടമുള്ള മഹാഗണി, ഈട്ടി, തേക്ക്, മരുത് പോലെയുള്ള വന്മരങ്ങളുടെ വേരുകൾ മണ്ണിന്റെ അടിത്തട്ടിലുള്ള പാറകളെയും വലിയ കല്ലുകളെയും പിടിച്ച് നിർത്താനുള്ള ശേഷി യുണ്ട്. സ്വാഭാവിക നീർച്ചാലുകൾ ബ്ലോക്ക് ചെയ്യുന്നതും ഡൈ വേർട്ട് ചെയ്യുന്നതും മലഞ്ചെരുവുകളെ അസ്ഥിരപ്പെടുത്താം. നീർചാലുകളുടെ സ്വാഭാവിക ഒഴുക്ക് തടയുന്നതാണ് ഇവിടെ പ്രശ്നമാകുന്നത്.

524 mm മഴയാണ് 48 മണിക്കൂറിൽ വയനാട്ടിൽ പെയ്തിറ ങ്ങിയത്. പഠനങ്ങൾ പ്രകാരം രണ്ട് ദിവസത്തെ മഴ നൂറ് മുതൽ നൂറ്റി ഇരുപത് മില്ലിമീറ്റർവരെ ആണെങ്കിൽ കേരളത്തിൽ പലയിട ങ്ങളിലും ഉരുൾപൊട്ടലിന് സാധ്യതയുണ്ട്. ഇതുപ്രകാരം വയനാ ട്ടിലെ ഉരുൾപൊട്ടലിന്റെ പ്രധാന പ്രേരകഘടകം അതിതീവ്ര മഴ തന്നെയാണ്. കെട്ടിട നിർമ്മാണങ്ങളും ബന്ധപ്പെട്ടു നടന്ന ഭൂമി തരം മാറ്റവും ഉരുൾപൊട്ടലിനെ സഹായിച്ചതായി കണക്കാക്കേണ്ടി വരും. അധിക ജലം സുഗമമായി ഒഴുകാൻ സാധിക്കാത്തത് താഴെ യുള്ള പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിച്ചിട്ടുണ്ടായിരുന്നോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

പുത്തുമലയിൽ നിന്ന് രണ്ട് കിലോമീറ്റർ മാത്രമാണ് ചൂരൽ മലയിലേക്ക് ഉള്ളത്. ഒരേ പ്രദേശത്ത് ഉരുൾപൊട്ടൽ ആവർത്തി ക്കുന്നതിന് പിന്നിൽ അതിൽ അസ്വഭാവികതയൊന്നുമില്ല. ഉരുൾ പൊട്ടൽ ഉണ്ടായ പ്രദേശങ്ങളിൽ പിന്നീടും ഇത് സംഭവിക്കാൻ സാധ്യതയുണ്ട്. ആ പ്രദേശത്ത് മഴ കൂടുതലാണെങ്കിൽ ഉരുൾപൊ ട്ടൽ സാധ്യത കൂടുതലാണ്. മണ്ണ് കുതിർന്നിരിക്കുന്ന ചെരിവുള്ള പ്രദേശമാണെങ്കിൽ ഉരുൾപൊട്ടൽ പ്രതീക്ഷിക്കണം. ഇത്തരം പ്രദേ ശങ്ങളിൽ താഴെ ഹാർഡ് റോക്ക് ആയതിനാൽ വെള്ളം ശേഖരി ക്കില്ല. ഹാർഡ് റോക്കിന് മുകളിൽ കളിമൺ ലേയറുമുണ്ടാകും. വെള്ളത്തിന് സഞ്ചരിക്കാൻ കഴിയാതെ കെട്ടികിടക്കുന്ന സ്ഥിതി യുണ്ടാകുന്നു. ഈ സാഹചര്യത്തിൽ രൂപപ്പെട്ട ജല മർദ്ദത്തിന്റെ ഭാരം താങ്ങാനാവാതെയാണ് ഇത് ഇടിഞ്ഞ് താഴേക്ക് വീഴുന്നത്. ഉപഗ്രഹ ചിത്രങ്ങൾപ്രകാരം മുമ്പ് ഈ പ്രദേശത്ത് ഉണ്ടായ ഉരുൾ പൊട്ടലിന്റെ അതെ പാതയിലാണ് ഇപ്പോൾ അപകടം സംഭവി ച്ചിരിക്കുന്നത്.

മഴയുടെ വിഷയത്തിൽ ഐഎംഡി നൽകുന്ന മുന്നറിയിപ്പു കളാണ് നിലവിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മറ്റു

ള്ളവർക്ക് കൈമാറുന്നത്. അത്പോലെ ഉരുൾപൊട്ടലിന്റെ കാര്യത്തിലും മുന്നറിയിപ്പ് നൽകുന്ന സംവിധാനം വരേണ്ടതുണ്ട്. ചെരിവ് ഉള്ള പ്രദേശങ്ങൾ, നേരത്തെ ഉരുൾപൊട്ടൽ ഉണ്ടായ പ്രദേശങ്ങൾ എന്നീ സ്ഥലങ്ങളിൽ സൂചന ബോർഡുകൾ സ്ഥാപിക്കുന്നതും നന്നാകും. നിരന്തരം പ്രകൃതി ദുരന്തങ്ങളുണ്ടാകുന്ന ജപ്പാനിൽ കൃത്യമായ ബോധവത്കരണ സംവിധാനമുണ്ട്. മുന്നറിയിപ്പു ലഭിച്ചാൽ എങ്ങനെ പ്രതികരിക്കണം എന്ന് ജനങ്ങൾക്ക് വ്യക്തമായ ധാരണയുണ്ട്. ഇതിനു സമാനമായി കേരളത്തിലും പ്രാദേശിക തലത്തിൽ റിസ്ക് ഇൻഫോർമേഷൻ ജനങ്ങളെ ബോധ്യപ്പെടുത്തി നടപടികൾ സ്വീകരിക്കണം.

ദുരന്ത ഭൂമിയിൽ കർമ്മനിരതരായിരുന്ന കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ സമിതിയുടെ വിവിധ പ്രവർത്തനങ്ങൾ താഴെ കുറിക്കുന്നു.

മേപ്പാടിയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ ഇന്നും മാനന്തവാടി രൂപതയുടെ സജീവ സാന്നിധ്യവും സേവനവും ഉണ്ടായിരുന്നു. മേപ്പാടി LP സ്കൂൾ ക്യാമ്പിന്റെ ഏതാണ്ട് മുഴുവൻ സേവനവും നമ്മുടെതായിരുന്നു.

എ.കെ.സി.സി രൂപതാ നേതാക്കളായ ജോൺസൺ തൊഴുത്തുങ്കൽ, സെബാസ്റ്റ്യൻ പുരക്കൽ, സജി ഫിലിപ്പ് എന്നിവരുടെ നേതൃത്വത്തിൽ തോമാട്ടുചാൽ, നടവയൽ, മൂലങ്കാവ്, വാഴവറ്റ, പഴൂർ എന്നിവിടങ്ങളിലെ പ്രവർത്തകർ ക്യാമ്പിലുടനീളം സജീവമായിരുന്നു. ഏതൊരു ജോലിയും ഒരു മടിയുമില്ലാതെ ചെയ്യുന്ന പ്രവർത്തകർ നമ്മുടെ അഭിമാനമാണ്.

കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന ഭാരവാഹികൾ മേപ്പാടി ചൂരൽമല സന്ദർശിച്ചു. സംസ്ഥാന പ്രസിഡണ്ട് ശ്രീ. രാജീവ് കൊച്ചുപറമ്പിൽ വൈസ് പ്രസിഡണ്ട് മാരായ ശ്രീ. ജോസുകുട്ടി ഒഴുകയിൽ ശ്രീ. ബെന്നി ആന്റണി ശ്രീ. രാജേഷ് ജോൺ എന്നിവർ സന്ദർശിക്കുകയും ക്യാമ്പിലുള്ള ആളുകളുമായി സംസാരിക്കുകയും ചെയ്തു.

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് കവിയിൽ അച്ചനോടൊപ്പം തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത മാർ ജോസഫ് പ്ലാപ്ലാനി പിതാവ് ദുരന്തഭൂമി സന്ദർശിക്കുകയും ദുരിതാശ്വാസ ക്യാമ്പിൽ വന്ന് ആളുകളോട് സംസാരിക്കുകയും ഉച്ചഭക്ഷണത്തിൽ പങ്കാളി ആവുകയും ചെയ്തു.

ഓഗസ്റ്റ് 10,11 (ശനി, ഞായർ) ദിവസങ്ങളിൽ 25 കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകർ ചെന്നലോട് യൂണിറ്റിൽ നിന്നും മേപ്പാടി ജി.എൽ. പി സ്കൂളിലെ ക്യാമ്പ് അടുക്കളയിൽ ഭക്ഷണം പാകം ചെയ്യാൻ പോവുകയും, ഞായറാഴ്ച ഉച്ചക്ക് ബിരിയാണി വെച്ച് കൊടുക്കുകയും ചെയ്തു.

ദുരിതാശ്വാസ ക്യാമ്പുകളിൽ ഇപ്പോഴും സജീവമായി മാനന്തവാടി രൂപതാ കത്തോലിക്കാ കോൺഗ്രസ് മാതൃവേദി പ്രവർത്തകർ സേവനം ചെയ്യുന്നു.17/8/2024 ചാരിറ്റി ഇടവക, 18/08/2024 വാഴവറ്റ ഇടവക, 19/8 /2024 കൊളവയൽ ഇടവക, 20/8/2024 പുതിയിടംക്കുന്ന്, 21/08/2024 ഒഴുക്കൻമൂല, (വെള്ളമുണ്ട) 2 2/8 /2024 പറളിക്കുന്ന്, 23/8/2024 ബത്തേരി, 24 /8 /2024 കുറുമ്പാല എന്നീ ഇടവകകളിൽ നിന്ന് പത്തിൽ കൂടുതൽ ആളുകൾ ആണ് കമ്മ്യൂണിറ്റി കിച്ചണിൽ ജോലി ചെയ്തത്.

നടവയൽ മേഖല ക്രമീകരിച്ച സഭാ ദിനാഘോഷം, പ്രവർത്തന വർഷ ഉൽഘാടനം എന്നിവക്ക് ആതിഥ്യം നൽകി. ഹെല്പ് ഡസ്ക് രൂപീകരിച്ചു, ചൂരൽ മല സന്നദ്ധ സേന രൂപീകരിച്ചു, 25 പേരോളം വരുന്ന ടീം കമ്മ്യൂണിറ്റി കിച്ചണിൽ സേവനം ചെയ്തു. കത്തോലിക്കാകോൺഗ്രസിന്റെബാനറിൽഅടിയന്തിരമായിസംഭവ ദിവസങ്ങളിൽ ധനസഹായം എത്തിച്ചു.

നടവയൽ മേഖലയിലെ വിവിധ ഇടവകകൾ ചെറുകാട്ടൂർ ഇടവകയിൽ ചേർന്ന് ജൂലൈ 3 സഭാദിനമായി ആചരിക്കുകയും പ്രവർത്തനവർഷം ഉത്ഘാടനം നടത്തുകയും ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജോബി, രൂപത നേതൃത്വത്തിൽ നിന്നും സെബാസ്റ്റ്യൻ പുരക്കൽ, നടവയൽ മേഖല ടീം, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. ഓരോ ഇടവകയിലേക്കും പതാക, കൊടി എന്നിവ വിതരണം ചെയ്തു. ഇടവകയിൽ അടിയന്തിരമായി ഹെല്പ് ഡസ്ക് രൂപീകരിക്കാൻ നിർദേശം നൽകി.

കത്തോലിക്കാ കോൺഗ്രസ് വാളവയൽ യൂണിറ്റ്

പുത്തൂർമല ഉണ്ടായ ഉരുൾപൊട്ടലിൽ ഭക്ഷണം ഉണ്ടാക്കി കൊടുക്കാൻ സഹായിച്ചു. വാളവയൽ ഇടവകയിൽ കത്തോലിക്കാ കോൺഗ്രസ് തുടങ്ങുവാൻ മുൻകൈയെടുത്ത് പ്രവർത്തിച്ച ഞങ്ങളുടെ ആദ്യ ഡയറക്ടർ ബഹു ഫാദർ ജോസ് കുളിരാനിയുടെ 41-ാം ചരമദിനം 28/08/24ന് കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ ഇടവകയിൽ ദിവ്യബലി അർപ്പിക്കാനും ജനങ്ങൾക്ക് എല്ലാവർക്കും പങ്കെടുക്കുവാനും അൾത്താരയ്ക്ക്

താഴെ ഫോട്ടോ സമർപ്പിച്ചുകൊണ്ട് പുഷ്പമർപ്പിക്കുവാനും, തീരുമാനമെടുത്തു. 21.08.2024 ബുധനാഴ്ച മേപ്പാടി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിലെ കമ്യൂണിറ്റി കിച്ചണിൽ ഒഴുക്കൻമൂല എ. കെ. സി. സി ടീമംഗങ്ങൾ സേവനം നൽകി.

അതിജീവനത്തിന്റെ ഈ കാലഘട്ടത്തിൽ ഇനിയും ക്രിസ്തു സാക്ഷികളായി കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപത മറ്റ് സംഘടനകളോട് ചേർന്നുനിന്നു പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്ന് വിനയമായി അഭ്യർത്ഥിക്കുന്നു.

സെബാസ്റ്റ്യൻ പുരയ്ക്കൽ
ജനറൽ സെക്രട്ടറി

ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSA- 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

പദ്ധതിയിൽ അംഗത്വം

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിനിൽ ചേർന്ന് പ്രവർത്തിവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (F-C-H-) ബന്ധപ്പെടാവുന്നതാണ്.

കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം, റയിൻഫോറെസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

ഇന്റെർണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാക്കുന്ന സുസ്ഥിര ജൈവമാനദണ്ഡ പ്രകാരമാണോ കൃഷിയിട

ങ്ങളിൽ കർഷകർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനുമായി നടത്തുന്ന ഇന്റെണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായത്തുകളിലും നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയന്ത്രണത്തിൽ, തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റെർണൽ ഇൻസ്പെക്ടർമാരാണ് പരിശോധന നടത്തിവരുന്നത്.

കർഷക ഗ്രൂപ്പ് ലീഡേഴ്സ് മീറ്റ് സംഘടിപ്പിച്ചു

വോഫ സംഘടനയിൽ ഉൾപ്പെടുന്ന കർഷക ഗ്രൂപ്പ് ലീഡർമാർക്കായി പഞ്ചായത്തു തലത്തിൽ യോഗങ്ങൾ നടന്നുവരുന്നു. ബയോവിൻ അസോ.ഡയറക്ടർ ഫാ.ബിനു പൈനുങ്കൽ, ശ്രീ.ഷാജി ജോസ്, ശ്രീ. ജോബി വർഗീസ്, എന്നിവർ ക്ലാസുകൾ നയിക്കുകയും ആവശ്യമായ മാർഗ്ഗ നിർദേശങ്ങൾ നൽകുകയും ചെയ്തു ഫീൽഡ് കോർഡിനേറ്റർമാരായ ശ്രീമതി. മിനി, ശ്രീമതി സോണിയ, ശ്രീമതി സുജ ജോയ്, ശ്രീമതി ലിനി അലക്സ്, ശ്രീ. ബിൻസ്, ശ്രീ. ജോസ്, ശ്രീമതി ജിൻസി, ശ്രീ. എൽദോ എന്നിവർ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും കർഷകരെ ഏകോപിപ്പിക്കുകയും ചെയ്തു. മുള്ളൻകൊല്ലി, പുൽപള്ളി, പൂതാടി, മേപ്പാടി, മൂപ്പൈനാട്, അമ്പലവയൽ, മീനങ്ങാടി, നെന്മേനി, തരിയോട്, കോട്ടത്തറ, വൈത്തിരി, വെങ്ങപ്പള്ളി, ബത്തേരി, നൂൽപ്പുഴ, കൽപ്പറ്റ, പൊഴുതന, പടിഞ്ഞാറത്തറ, മുട്ടിൽ, കണിയാമ്പറ്റ എന്നീ പഞ്ചായത്തുകളിലെ ലീഡേഴ്സ് മീറ്റിങ്ങുകളാണ് ജൂലൈ മാസം 9, 10, 11, 12 മുള്ളൻകൊല്ലി മിൽക്ക് സൊസൈറ്റി ഹാൾ, സെന്റ്. സെബാസ്റ്റ്യൻ പാരിഷ് ഹാൾ കേണിച്ചിറ, അസംഷൻ ചർച്ച് സുൽത്താൻ ബത്തേരി, തോമാട്ടുചാൽ വ്യാഭാര ഭവൻ, സെന്റ്.ജോസഫ് പാരിഷ് ഹാൾ റിപ്പൺ, ലൂർദ് മത പാരിഷ് ഹാൾ കാവും മന്ദം, പടിഞ്ഞാറത്തറ മിൽക്ക് സൊസൈറ്റി ഹാൾ, ഫാത്തിമ മാത ചർച്ച് തെനേരി എന്നിവിടങ്ങളിൽ വച്ച് നടന്നത്. ഫെയർട്രേഡ് ഓഡിറ്റ് ക്രമീകരണങ്ങൾ, ഗ്രൂപ്പ് മീറ്റിങ്ങുകളുടെ ആവശ്യകത, ഫാം ഡയറി പൂരിപ്പിക്കേണ്ട രീതികൾ, തുടങ്ങിയ വിഷയങ്ങൾ പ്രതിപാദിച്ചായിരുന്നു മീറ്റിങ്ങുകൾ നടത്തപ്പെട്ടത്.

സംഭരണം

ജൂലൈ മാസം കർഷകരിൽ നിന്നും 298705.3 കിലോ ഉണക്ക കാപ്പി കിലോയ്ക്ക് 222 രൂപ നിരക്കിലും ഉണക്ക കുരുമുളക് 1282.8 കിലോ 700 രൂപ നിരക്കിലും സംഭരിച്ചു. ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം) കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക

വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ
ചെയർമാൻ,
ബയോവിൻ അഗ്രോ റിസേർച്ച്

എന്റെ അക്ഷരലോകം - സമ്മാനദാനം

വായനാ പക്ഷാചരണത്തോടനുബന്ധിച്ച്, കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയുടെ ആഭിമുഖ്യത്തിൽ ജൂൺ 29 ന് സംഘടിപ്പിച്ച എന്റെ അക്ഷര ലോകം പുസ്തകാസ്വാദന മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ പനമരം ക്രസന്റ് പബ്ലിക് സ്കൂളിലെ അസ്സൈഖയ്ക്ക് ഓഗസ്റ്റ് 9 നും, രണ്ടാം സ്ഥാനം നേടിയ കണിയാരം സെന്റ് ജോസഫ്സ് ടി.ടി.ഐ യിലെ അന്ന എലേന ബിജു വിന് ജൂലായ് 11 നും സ്കൂളുകളിലെത്തി ക്യാഷ് അവാർഡ് നൽകി. റേഡിയോ മാറ്റൊലി അസി. ഡയറക്ടർ ഫാ ടോണി ഏലംകുന്നേൽ മാനേജ്മെന്റ് കമ്മിറ്റി അംഗം ശ്രീ ഷാജൻ സെബാസ്റ്റ്യൻ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

ഓറിയന്റേഷൻ ക്ലാസ്

ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിത പ്രദേശങ്ങളിലെ കുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്നതിനായി വിവിധ മേഖലയിലുള്ളവർക്ക് ഓറിയന്റേഷൻ ക്ലാസ് നടത്തി. വനിതാ ശിശു വികസന വകുപ്പ്, യൂണിസെഫ്, റേഡിയോ മാറ്റൊലി എന്നിവയുടെ സഹകരണത്തോടെ ഓഗസ്റ്റ് 8 ന് കൽപറ്റയിലാണ് ക്ലാസ് സംഘടിപ്പിച്ചത്. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, അസി. ഡയറക്ടർ ഫാ . ടോണി ഏലംകുന്നേൽ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

പുതിയ പ്രക്ഷേപണ പരിപാടികൾ

ഓഗസ്റ്റ് 1 മുതൽ റേഡിയോ മാറ്റൊലിയിൽ പുതിയ പ്രോഗ്രാമുകളുടെ പ്രക്ഷേപണം ആരംഭിച്ചു. സംഗീത പരിപാടികളായ അമര സംഗീതം, ഹൃദയരാഗം, ഇസൈഇരവ്, ഇന്നിസൈ, കാവ്യധാര, മധുരിക്കും ഓർമ്മകളേ, മൂൺലൈറ്റ്, നന്തുണി, നിശാഗന്ധി, പാട്ടുകഥ, ദിൽ കി ധഡ്കൻ, ഗസൽനിലാവ്, എന്നിവ ആരംഭിച്ചു.

ദേശനായകർ

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ മുഖ്യധാരാ സമരനേതാക്കളായി രേഖപ്പെടുത്താത്ത സമരനേതാക്കളെ പരിചയപ്പെടുത്തുന്ന ദേശനായകർ എന്ന പ്രോഗ്രാം ഓഗസ്റ്റ് 1 മുതൽ 15 വരെ പ്രക്ഷേപണം ചെയ്തു.

പരേഡ് ടു പാരീസ്

പാരിസിൽ നടന്ന ഒളിംപിക്സിന്റെ വിശേഷങ്ങൾ പങ്കുവെയ്ക്കുന്ന പരേഡ് ടു പാരീസ് എന്ന പരിപാടി പ്രക്ഷേപണം ചെയ്തു.

പാലമൃത്

മുലയൂട്ടൽ വാരാചരണത്തിന്റെ ഭാഗമായി ഓഗസ്റ്റ് 1 മുതൽ 7 വരെ പാലമൃത് എന്ന പേരിൽ പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.

വെള്ളിത്തിര

തിയേറ്ററുകളിലെത്തുന്ന പുതിയ സിനിമകളുടെ വിശേഷങ്ങൾ പങ്കുവെയ്ക്കുന്ന പരിപാടി.

ജയിൽ മിനിസ്ട്രി

റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി ജൂലായ് 29 ന് ജയിൽ മിനിസ്ട്രിയുടെ ഭാഗമായി ജയിൽ അന്തേവാസികൾക്ക് ക്ലാസ് എടുത്തു.

ദുരന്തബാധിത മേഖല സന്ദർശനം

ചൂരൽമല, മുണ്ടക്കൈ ദുരന്തബാധിത പ്രദേശങ്ങൾ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, അസി.ഡയറക്ടർ ഫാ. ബിവാൾഡിൻ തേവർക്കുന്നേൽ, പ്രോഗ്രാം പ്രൊഡ്യൂസർ ജോബിഷ് ജോസ് എന്നിവർ ജൂലായ് 31 ന് സന്ദർശിച്ചു.

പഠന സന്ദർശനം

ലക്കിടി ഓറിയന്റൽ സ്കൂൾ ഓഫ് ഹോട്ടൽ മാനേജ്മെന്റ് BAMM ഡിപ്പാർട്മെന്റ് വിദ്യാർത്ഥികൾ ഓഗസ്റ്റ് 9 ന് പഠനത്തിന്റെ ഭാഗമായി റേഡിയോമാറ്റൊലി സന്ദർശിച്ചു.

ഫാ. ജോസ് കാവുങ്കൽ
അസ്സി. ഡയറക്ടർ, റേഡിയോ മാറ്റൊലി

Mary Matha Arts & Science College

We, the Mary Matha College community, come together with heavy hearts to offer our heartfelt prayers for the souls lost in the Wayanad landslides. May their families find strength, and may those departed rest in eternal peace.

After the devastating landslides in Wayanad, our college, through the dedicated efforts of our NSS volunteers and NCC cadets, stepped into help. With compassion and care, they delivered essential relief to the affected families, offering support during this difficult time.

Appointments:

We are pleased to announce that Prof. Thomas Monoth, from the Department of Computer Science, has been selected as a Syndicate Member of Kannur University.

DHEEKSHARAMBH-2024

The IQAC organized a five-day orientation program for first-year FYUGP students, which took place from July 26 to 31, 2024. The program aimed to introduce students to the academic and social life at the college.

Day Celebrations

• **Pi Approximation Day:** The Department of Mathematics observed Pi Approximation Day with a Pi-Hunt, challenging students to figure out an approximation of Pi on July 22, 2024.

• **Kargil Vijay Diwas:** On July 26, 2024, the NCC observed Kargil Vijay Diwas by lighting candles in honor of the martyred soldiers, accompanied by a prayer.

• **Premchand Dinacharan:** The Department of Hindi, in collaboration with IQAC, conducted a quiz competition on August 5, 2024.

• **Hiroshima and Nagasaki Day:** On August 6, 2024, the Department of Social Science (Economics) conducted a slogan writing competition on the theme Humanity First – Say No to War. Additionally, the

Department of Chemistry organized a Sadako bird-making event as part of the remembrance. The NCC conducted an essay competition on August 6, followed by a documentary screening and speech writing competition on August 9, 2024, to further observe the day.

• **International Youth Day:** As part of the celebration on August 12, 2024, the NCC organized a quiz competition and administered a pledge against drug abuse as part of the Nasha Mukt Bharat Abhiyan.

• **Partition Horrors Remembrance Day:** The NCC organized a photo exhibition as part of the observance of Partition Horrors Remembrance Day on August 14, 2024.

• **Independence Day:** The college celebrated Independence Day with the flag hoisting ceremony on campus, followed by a tree sapling plantation drive. As part of the celebrations, NCC cadets also cleaned the surroundings of FHC Appappara. Fifteen Naval NCC cadets visited the Karuna Bhavan Old Age Home in Kattikulam and spent time with the residents.

Paper Publications

• Prof. Thomas Monoth and Sr. Nisha C. D. co-authored a research paper titled A Novel Approach for the Enhancement of Payload Capacity in Pixel Value Differencing Image Steganography Schemes. The paper was published in the International Journal of Information Technology by Springer.

Student Achievements

• Nandana N., from the Department of Commerce, secured 2nd Rank in the Kannur University Final Year UG Examination.

• Several NCC cadets were selected for prestigious camps:

- UO. Nandana Chalil was selected for Pre-TSC 2 (Firing).
- CDT. Nihala Ferwin and CDT. Najiya Nasrin were selected for RDC Pre IGC 2.
- CPL. Prakil K. P. and LCPL. Sanjo Shiju successfully completed the 2nd Madras Army Attachment Camp.
- LCPL. Abhijith Shiju completed the Army Attachment Camp held at Pangode Military Station, Trivandrum.

Dr. Geetha Antony Pullen
Principal in Charge

വിദ്യാലയ വാർത്തകൾ

എൽ. പി വിഭാഗം

I ദേവമാതാ എ. എൽ. പി സ്കൂൾ ആടിക്കൊല്ലി

ചാന്ദ്രദിനം വിവിധ പരിപോടികളോടെ ആഘോഷിച്ചു. കായികമേള നടത്തി. സ്വാതന്ത്ര്യദിനം സമുചിതമായി ആചരിച്ചു.

II സെന്റ് തോമസ് എൽ. പി സ്കൂൾ അരിഞ്ചേർമല

സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. ബഷീർ ദിനം, ചാന്ദ്രദിനം, ഹിരോഷിമ നാഗസാക്കി ദിനം, കിറ്റ് ഇന്ത്യ ദിനം, സ്വാതന്ത്ര്യദിനം എന്നിവ വ്യത്യസ്തങ്ങളായ പരിപാടികളോടെ സമുചിതമായി നടത്തപ്പെട്ടു. ചൂരൽമല, മുണ്ടക്കൈ ദുരന്തത്തിൽ ജീവനും ജീവിതവും നഷ്ടപ്പെട്ടവർക്കായി സർവമത പ്രാർത്ഥന നടത്തി.

III എ. എൽ. പി സ്കൂൾ കണിയാരം

സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തി. മുണ്ടക്കൈ ഉരുൾ പൊട്ടലിൽ ദുരിതമനുഭവിക്കുന്നവർക്ക് കൈത്താങ്ങായി ധന സമാഹരണം നടത്തി. സ്കൂൾ കായികമേള നടത്തി.

IV സെന്റ് ജോർജ് എൽ. പി സ്കൂൾ കൊളവയൽ

സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. വിദ്യാലയത്തിലെ കായികമേള ആവേശപൂർവം നടത്തപ്പെട്ടു.

V സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ വാഴവറ്റ

ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. പി.ടി. എ ജനൽ ബോഡി നടത്തി. വിദ്യാർത്ഥികളുടെ വായനാശീലം വളർത്തുന്നതിനായി വായനക്കളരി ആരംഭിച്ചു.

VI സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ ഏലപ്പീടിക

ചാന്ദ്രദിനത്തിൽ ചാന്ദ്രദൗത്യങ്ങൾ ഉൾപ്പെടുന്ന ഫോട്ടോ പ്രദർശനം നടത്തി. ഹിരോഷിമ നാഗസാക്കി കിറ്റ് ഇന്ത്യ ദിനങ്ങൾ സമുചിതമായി ആചരിച്ചു. സ്കൂൾ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി ചെടിത്തോട്ട പരിപാലനം ആരംഭിച്ചു.

VII സെന്റ് പോൾസ് എൽ. പി സ്കൂൾ പുതിയിടംകുന്ന്

ഹിരോഷിമ നാഗസാക്കി ദിനത്തിന്റെ പ്രാധാന്യം വിദ്യാർഥികളിലെത്തിക്കാൻ വിവിധ മത്സരങ്ങൾ നടത്തുകയും സന്ദേശങ്ങൾ നൽകുകയും ചെയ്തു.

VIII സെന്റ് മാർട്ടിൻസ് എൽ. പി സ്കൂൾ ഒണ്ടയങ്ങാടി

ഹിരോഷിമ നാഗസാക്കി ദിനാചരണം സംഘടിപ്പിച്ചു. മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കുരുന്നുകൾ സംഭാവന നൽകി.

IX സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ പോരൂർ

ചാന്ദ്രദിനം വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു. ഹിരോഷിമ നാഗസാക്കി ദിനങ്ങൾ വിപുലമായി ആചരിച്ചു. യുദ്ധവിരുദ്ധ സന്ദേശം നൽകി. വയനാട് ഉരുൾപൊട്ടലിൽ വേദനിക്കുന്നവർക്കായി സഹായഹസ്തം നീട്ടിയ കുരുന്നുകളെ ആദരിച്ചു.

X നിർമ്മല എൽ. പി. എസ് ആലാറ്റിൽ

വിദ്യാർത്ഥികൾക്കായി യോഗ പരിശീലനം, ഡാൻസ് ക്ലാസ് എന്നിവ നടത്തിവരുന്നു. ഗോത്രവിഭാഗം വിദ്യാർത്ഥികളുടെ ഗൃഹ സന്ദർശനം പൂർത്തിയായി. കബ്ബ് ബുൾബുൾ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സ്കൂളിലേക്ക് ആവശ്യമായ ഡിഷ്വാഷ് നിർമിച്ചു. മഴക്കെടുതിയിൽ ദുരിതം അനുഭവിക്കുന്ന വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ചു. വയനാട്ടിലെ ഉരുൾപ്പോട്ടലിൽ ദുരിതമനുഭവിക്കുന്നവർക്കായി ധനസമാഹരണം നടത്തി. ലഹരിവിരുദ്ധ വാരാചരണ പ്രവർത്തനങ്ങൾ നടത്തി. രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ്സ് നൽകി.

XI സി. കെ. എൽ. പി. എസ് മണിമൂളി

ചാന്ദ്രദിനം വിവിധ പരിപാടികളോടെ നടത്തപ്പെട്ടു.

XII പ്രോവിഡൻസ് എൽ. പി സ്കൂൾ വെള്ളൂന്നി

ചാന്ദ്രദിനം, ഹിരോഷിമ നാഗസാക്കി ദിനം, സ്വാതന്ത്ര്യദിനം എന്നിവ സമുചിതമായി ആചരിച്ചു. അക്കാദമിക നിലവാരം ഉറപ്പ് വരുത്തുന്നതിനായി യൂണിറ്റ് പരീക്ഷ നടത്തി.

XIII സെന്റ് ജോർജ് എൽ. പി സ്കൂൾ അമ്പായത്തോട്

വിവിധ മത്സരങ്ങളോടെ ചാന്ദ്രദിനം ആചരിച്ചു. ഇംഗ്ലീഷ് പരിജ്ഞാനം ഉറപ്പിക്കുന്നതിനായി പ്രത്യേക പരിശീലനം ആരംഭിച്ചു. ഹിരോഷിമ ദിനത്തിൽ യുദ്ധവിരുദ്ധ സന്ദേശം പകരുന്ന പ്രവർത്തനങ്ങൾ നടത്തി.

XIV സെന്റ് തോമസ് എൽ. പി സ്കൂൾ നടവയൽ

വിദ്യാലയത്തിലെ ദുരിതാശ്വാസകൃാമ്പിൽ അധ്യാപകരുടെ സജീവമായ പങ്കാളിത്തം ഉണ്ടായിരുന്നു. പ്രവൃത്തിപരിചയ മേള നടത്തി. ചാന്ദ്രദിനം, ലഹരിവിരുദ്ധ വാരാചരണം, സ്വാതന്ത്ര്യദിനം എന്നിവ സമുചിതമായി നടത്തപ്പെട്ടു.

യു. പി വിഭാഗം

I സെന്റ് ആന്റണീസ് യു. പി സ്കൂൾ കോട്ടത്തറ

വിദ്യാർത്ഥികൾക്കായി ദുരന്തനിവാരണ ബോധവത്കരണ സന്ദേശം നൽകി. ബഷീറനുസ്മരണം നടത്തി. ശാസ്ത്രാവ ബോധം വളർത്തുന്ന വിവിധ പരിപാടികൾ നടത്തി. സ്കൂൾ ലീ ഡർ തെരഞ്ഞെടുപ്പ് സംഘടിപ്പിച്ചു.

II സെന്റ് തോമസ് എ. യു. പി സ്കൂൾ ഇടിവണ്ണ

ചാന്ദ്രദിനം സമുചിതമായി ആഘോഷിച്ചു. സ്കൂൾതല ശാസ് ത്രമേള നടത്തി. സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി വിവിധ മത്സര ങ്ങൾ സംഘടിപ്പിച്ചു.

III അസംപ്ഷൻ എ. യു. പി സ്കൂൾ ബത്തേരി

രക്ഷിതാക്കളുടെ വാർഷിക ജനറൽബോഡി യോഗം സംഘടി പ്പിക്കുകയും പ്രതിനിധികളെ തെരഞ്ഞെടുക്കുകയും ചെയ്തു. ഹിരോഷിമ നാഗസാക്കി ദിനം വിവിധ പരിപാടികളോടെ നടത്തി. സന്നദ്ധസേവനത്തിന് തയ്യാറായുള്ള രക്ഷിതാക്കളുടെ കൂട്ടായ്മ രൂപീകരിച്ചു.

IV സെന്റ് തോമസ് എ. യു. പി സ്കൂൾ മുള്ളൻകൊല്ലി

ചാന്ദ്രദിനം സമുചിതമായി ആഘോഷിച്ചു. സ്കൂൾതല ശാസ് ത്രമേള നടത്തി. ഹിരോഷിമ നാഗസാക്കി ദിനത്തിൽ വിവിധ പ്രവർ ത്തനങ്ങൾ സംഘടിപ്പിച്ചു. നല്ലപാഠം ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്ലാസ്റ്റിക്ക് ഫ്രീ മുള്ളൻകൊല്ലി പ്രവർത്തനത്തിന്റെ ഭാഗമായി തുണി കവറുകൾ വിതരണം ചെയ്തു.

V അമ്പായത്തോട് യു. പി സ്കൂൾ

ചാന്ദ്രദിനം, ഹിരോഷിമ ദിനം, സ്വാതന്ത്ര്യദിനം എന്നിവ വിവിധ പരിപാടികളോടെ ആചരിച്ചു. ഒളിമ്പിക്സ് ദീപശിഖ തെ ളിയിച്ചു.

VI സെന്റ് ആന്റണീസ് യു. പി സ്കൂൾ പഴൂർ

ചാന്ദ്രദിനം, അബ്ദുൾ കലാം ഓർമദിനം, ഹിരോഷിമ നാഗ സാക്കി ദിനം എന്നിവ വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു. വിദ്യാലയ തലത്തിൽ കലാമേള കായികമേള എന്നിവ നടത്തപ്പെട്ടു.

VII സെന്റ് ജോസഫ്സ് യു. പി സ്കൂൾ കല്ലോടി

വിദ്യാലയത്തിലെ രക്ഷിതാക്കളുടെ പ്രഥമ ജനൽബോഡി യോഗവും തെരഞ്ഞെടുപ്പും സംഘടിപ്പിച്ചു. ലഹരിവിരുദ്ധ വാരാ ചരണത്തിന്റെ ഭാഗമായി രക്ഷിതാക്കൾക്കായി നടത്തിയ മത്സരങ്ങ ളുടെ സമ്മാനം വിതരണം ചെയ്തു. വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം വിവിധ പരിപാടികളോടെ നടന്നു. സ്കൂൾ പാർ ലമെന്റ് തെരഞ്ഞെടുപ്പ് നടത്തി. ചാന്ദ്രദിന പരിപാടികൾ വിപു ലമായി സംഘടിപ്പിച്ചു.

VIII സെന്റ് മേരീസ് എ. യു. പി സ്കൂൾ തരിയോട്

സംസ്ഥാന സ്കൂൾ വിളംബര ദീപശിഖ തെളിയിച്ചു. അക്കാദമിക പ്രവർത്തനങ്ങൾ മികവാർന്ന രീതിയിൽ നടന്നുവ രുന്നു. ശാസ്ത്രമേള സംഘടിപ്പിച്ചു. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സഹായികളായി. ചാന്ദ്രദിനം ആചരിച്ചു.

IX സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ പാടിച്ചിറ

ചാന്ദ്രദിനം, ഹിരോഷിമ നാഗസാക്കി ദിനം എന്നിവ വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. വിദ്യാർത്ഥികളുടെ ഗൃഹസന്ദർ ശനം ആരംഭിച്ചു. കായികമേളയും ഗണിതശാസ്ത്ര പ്രവർത്തിപരി ചയ മേളയും സംഘടിപ്പിച്ചു. ഒളിമ്പിക്സിന് ഐക്യദാർഢ്യമായി ദീപശിഖാ പ്രയാണം നടത്തി.

X എ. യു. പി സ്കൂൾ ദ്വാരക

ഒളിമ്പിക്സിന് ഐക്യദാർഢ്യവുമായി വിദ്യാലയത്തിലെ ജില്ലാ സംസ്ഥാന കായികതാരങ്ങൾ അണിനിരന്നു. അധ്യാപകർ സന്ദേശം നൽകി. സ്വാതന്ത്ര്യദിനം വിപുലമായ പരിപാടികളോടെ ആഘോഷപൂർവം നടത്തപ്പെട്ടു.

XI സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ കൊമ്മയാട്

ലോകജനസംഖ്യാ ദിനത്തിൽ കൊളാഷ് നിർമ്മാണ മത്സരം നടത്തി. കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി നടത്തിയ പുസ്ത കാസ്വാദന മത്സരത്തിലും അറബിക് ടാലന്റ് ടെസ്റ്റിലും വിദ്യാർ ത്ഥികൾ വിജയികളായി. വിവിധ മത്സരങ്ങളോടെ ചാന്ദ്രദിനം ആചരിച്ചു.

XII സെന്റ് മേരീസ് യു. പി സ്കൂൾ കമ്പനിഗിരി

മലയാള മനോരമയുടെ നല്ലപാഠം പ്രവർത്തനങ്ങൾക്കുള്ള പുര സ്കാരം ഏറ്റുവാങ്ങി. ചാന്ദ്രദിനം, ഹിരോഷിമ നാഗസാക്കി ദിനം, സ്വാതന്ത്ര്യദിനം എന്നിവ സമുചിതമായി ആചരിക്കുകയും വിവിധ

മത്സരങ്ങൾ നടത്തുകയും ഓരോ ദിനത്തിന്റെയും പ്രാധാന്യം വ്യക്തമാക്കുന്ന സന്ദേശങ്ങൾ നൽകുകയും ചെയ്തു. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാലയത്തിലേക്കാവശ്യമായ ലോഷൻ നിർമിച്ചു. ഗോത്രവിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം ആരംഭിച്ചു.

XIII സെന്റ് തോമസ് യു. പി സ്കൂൾ തവിഞ്ഞാൽ

സ്കൂൾ ഡേ ആഘോഷവും വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഉദ്ഘാടനവും വിപുലമായ രീതിയിൽ സംഘടിപ്പിച്ചു. സ്കൂൾ ലീഡർ, പി.ടി.എ ഭാരവാഹികൾ എന്നിവരെ തെരഞ്ഞെടുത്തു. മലയാള മനോരമയുടെ നല്ലപാഠം പ്രവർത്തനങ്ങൾക്കുള്ള A പ്ലസ് പുരസ്കാരം ഏറ്റുവാങ്ങി. ചാന്ദ്രദിനം വിപുലമായി ആചരിച്ചു.

XIV സെന്റ് ജോസഫ്സ് ടി. ടി. ഐ മാനന്തവാടി

വായനപക്ഷാചരണ സമാപനവും ബഷീർദിനവും ചാന്ദ്രദിനവും സമുചിതമായി ആചരിച്ചു. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. ചൂരൽമലയിലെ ഉരുൾപൊട്ടലിൽ മരണമടഞ്ഞവർക്ക് ആദരാഞ്ജലി അർപ്പിച്ചു.

ഹൈസ്കൂൾ വിഭാഗം

I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ

ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര മേള സംഘടിപ്പിച്ചു. കലോമേളയുടെ ഭാഗമായുള്ള സാഹിത്യമത്സരങ്ങൾ നടത്തി. ലിറ്റിൽ കൈറ്റ്സ് പ്രീലിമിനിറി ക്യാമ്പ് സംഘടിപ്പിച്ചു. കാർഗിൽ ജവാന്മാരെ അനുസ്മരിച്ചു. ഇംഗ്ലീഷ് ഭാഷാ പരിശീലനം ആരംഭിച്ചു. ചെസ്സ് ടൂർണമെന്റ് നടത്തി. വയനാട് ജില്ലാ ക്രിക്കറ്റ് അസോസിയേഷനിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരെ അനുമോദിച്ചു.

II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി

ചാന്ദ്രദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. വിദ്യാർത്ഥികൾക്കായി ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. 2024-25 YIP അവാർഡിനായി വിദ്യാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടു. പെൺകുട്ടികൾക്കായി ബാസ്ക്കറ്റ് ബോൾ പരിശീലനം ആരംഭിച്ചു. സ്കൂൾ കായികമേള നടത്തപ്പെട്ടു.

III ഐ. ജെ. എം ഹൈസ്കൂൾ കൊട്ടിയൂർ

ചാന്ദ്രദിനാഘോഷം നടത്തി. ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രംചന്ദ് ജയന്തി ആഘോഷിച്ചു. ഹിരോഷിമ നാഗസാക്കി ദിനമാ

ചരിച്ചു. SPC യുടെ നേതൃത്വത്തിൽ അഗതിമന്ദിരത്തിലുള്ളവർക്ക് എല്ലാ ആഴ്ചയും പോതിച്ചോർ നൽകിവരുന്നു. കലോത്സവത്തിന്റെ ഭാഗമായി രചനാമത്സരങ്ങൾ നടത്തി.

IV സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കോത്തോട്

ലഹരിവിരുദ്ധ ഷോർട്ട് ഫിലിം തയ്യാറാക്കി. ഒളിമ്പിക്സിന് ഐക്യദാർഢ്യമായി ദീപശിഖാ പ്രയാണം നടത്തി. ഫുട്ബോൾ മാച്ച് നടത്തി. വിവിധ ദിനാചരണങ്ങൾ സമുചിതമായി നടത്തപ്പെട്ടു. സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം ആരംഭിച്ചു.

V ജി. കെ. എം ഹൈസ്കൂൾ കണിയാരം

സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. യൂണിറ്റ് പരീക്ഷകളുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനപിന്തുണ നൽകിവരുന്നു. പി.ടി.എ ജനറൽബോഡി യോഗം ചേർന്ന് ഭാരവാഹികളെ തിരഞ്ഞെടുത്തു. വിവിധ ദിനാചരണങ്ങൾ വ്യത്യസ്ത പരിപാടികളോടെ നടത്തപ്പെട്ടു.

VI അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി

സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. പി.ടി.എ ജനറൽ ബോഡി, ക്ലാസ് പി.ടി.എ യോഗങ്ങൾ ചേർന്നു. ബഷീർ ദിനം സമുചിതമായി ആചരിച്ചു. ലഹരിവിരുദ്ധ വാരാചരണത്തിൽ വ്യത്യസ്തങ്ങളായ നിരവധി പ്രവർത്തനങ്ങൾ നടത്തി. സ്കൂൾ കലോത്സവം സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ ഭവനസന്ദർശനം ആരംഭിച്ചു. ഗണിത ശാസ്ത്ര, സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയ മേളകൾ നടത്തപ്പെട്ടു. ജില്ലാ ജാവലിങ് ചാമ്പ്യൻഷിപ്പിൽ വിദ്യാലയം റണ്ണറപ്പ് വിജയം നേടി.

VII സി. കെ. എച്ച്. എസ് മണിമൂളി

ഹിരോഷിമ നാഗസാക്കി ദിനങ്ങളോടനുബന്ധിച്ചു വിവിധ പരിപാടികൾ സംഘടിപ്പിച്ചു. സ്കൂൾതല ശാസ്ത്രമേള നടത്തി. ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി തപാൽ പോരാട്ടം ആരംഭിച്ചു. സ്കൗട്ട് ആൻഡ് ഗൈഡ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഞാറ് നട്ട് കൃഷിയിൽ പങ്കുചേർന്നു. സ്വാതന്ത്ര്യദിനം ആഘോഷിച്ചു. ചൂരൽമല, മുണ്ടക്കൈ ദുരന്തത്തിൽ പ്പെട്ടവർക്കായി സർവമത പ്രാർത്ഥന നടത്തി.

ഹയർസെക്കണ്ടറി വിഭാഗം

I സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ കല്ലോടി

NSS ന്റെ ആഭിമുഖ്യത്തിൽ തൈകൾ നട്ടുപിടിപ്പിച്ചു. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. യുദ്ധവിരുദ്ധറാലി, സന്ദേശം,

പോസ്റ്റർ രചന മത്സരം എന്നിവ നടത്തി. മെഗാ ക്വിസ് പ്രാഗ്രാം കലാമേള സ്റ്റേജിതര മത്സരങ്ങൾ എന്നിവ നടത്തി. വോളിബോൾ പരിശീലനം അത്‌ലറ്റിക് പരിശീലനം എന്നിവ ആരംഭിച്ചു രക്ഷാ കർതൃയോഗം ചേർന്ന് ഭാരവാഹികളെ കണ്ടെത്തി.

II സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി

ബഷീർ അനുസ്മരണം നടത്തി. എൻ.സി.സി യുടെ പ്രാഥമിക സെലക്ഷൻ നടന്നു. എൻ.സി.സി. യൂണിറ്റിന്റെ നേതൃത്വത്തിൽ കാർഗിൽദിന അനുസ്മരണം നടത്തി.

III ഐ. ജെ. എം ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ

NSS യൂണിറ്റിന്റെ നേതൃത്വത്തിൽ അഗതിമന്ദിരം സന്ദർശിച്ച് വേണ്ട സഹായങ്ങൾ ചെയ്തു. ചാന്ദ്രദിനാചരണത്തിന്റെ ഭാഗമായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. രക്ഷിതാക്കളുടെ യോഗം ചേർന്ന് ഭാരവാഹികളെ തെരഞ്ഞെടുത്തു.

IV സി. കെ. എച്ച്. എസ്. എസ് മണിമൂളി

ലഹരിവിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടത്തപ്പെട്ടു. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. പൂന്തോട്ടനിർമ്മാണം ആരംഭിച്ചു. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ബോധവത്കരണ ക്ലാസ്സുകൾ നൽകി.

വിദ്യാലയത്തിലെ അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് നേതൃത്വം നൽകുന്ന പ്രധാനാധ്യാപകർക്കും അവർക്ക്പിന്തുണയുമായി സജീവമായി പ്രവർത്തിക്കുന്ന അധ്യാപകർക്കും വിദ്യാലയ പ്രവർത്തനങ്ങൾ ഏറ്റെടുത്തു വിജയിപ്പിക്കുന്ന വിദ്യാർത്ഥികൾക്കും കരുത്തേകുന്ന രക്ഷിതാക്കൾക്കും ആശംസകൾ.

ഫാ. സിജോ ഇളംകുന്നപ്പുഴ
കോർപ്പറേറ്റ് മാനേജർ

ഫെഡാർ ഫൗണ്ടേഷൻ

ഫെഡാർ ഫൗണ്ടേഷനിലെ സ്റ്റാഫ് അംഗങ്ങൾക്ക് വേണ്ടിയുള്ള ട്രെയിനിംഗ് പ്രോഗ്രാം ജൂലൈ 31ന് കാട്ടിക്കുളം ജയമാത കൃാമ്പസിൽ വച്ച് നടത്തപ്പെട്ടു. ശ്രീ. തോമസ് ജോസഫ് ഇലഞ്ഞിക്കൽ, ഫാ. നോബിൾ തോമസ് പാറക്കൽ എന്നിവർ ട്രെയിനിംഗിന് നേതൃത്വം നൽകി. തുടർന്ന് രൂപത സേഫ് എൻവിയോൺമെന്റ് കമ്മിറ്റി ഫെഡാർ സ്റ്റാഫ് അംഗങ്ങൾക്ക് ക്ലാസ്സുകൾ നൽകുകയും സർട്ടിഫിക്കറ്റ് വിതരണം നടത്തുകയും ചെയ്തു.

ജർമൻ പ്രോഗ്രാം

വീണ്ടും തിളക്കമാർന്ന വിജയവുമായി ഫെഡാർ ജർമൻ ലാംഗ്വേജ് സ്കൂൾ. ജൂലൈ മാസത്തെ റിസൾട്ടുകളിൽ ഫെഡാറിന്റെ വിവിധ കൃാമ്പസുകളിൽ പഠിച്ച 7 കുട്ടികൾക്ക് B2 ഫുൾ മോഡ്യൂളുകളും 4 കുട്ടികൾക്ക് B1 ഫുൾ മോഡ്യൂളുകളും ലഭിച്ചു. പുതിയ റെസിഡെൻഷ്യൽ ബാച്ച് ആഗസ്റ്റ് 25-ാം തിയതി ആരംഭിക്കും.

ഫെഡാർ കണക്ട്

വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള സ്ട്രെസ് റിലീഫ് ക്ലാസുകൾ കാട്ടികുളം കൃാമ്പസിൽ ജൂലൈ 31 ന് നടത്തപ്പെട്ടു. സി. റെജിൻ MSMI ക്ലാസുകൾക്ക് നേതൃത്വം നൽകി. ഈ വർഷം നഴ്സിംഗ് പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്കായുള്ള ഓറിയന്റേഷൻ പ്രോഗ്രാം MedPro 2K24 ന്റെ മൂന്നാമത്തെ ബാച്ച് പരിശീലനം ആഗസ്റ്റ് 18, 31 തീയതികളിൽ നടത്തപ്പെടുന്നു.

ഫാ. അരുൺ മഠത്തിപറമ്പിൽ
ജി. എം, ഫെഡാർ ഫൗണ്ടേഷൻ

Bishop's Programme

September 2024

04 Wed:.....Emmaus Villa: Inauguration of Training Programme

06 Fri - 07 Sat:..... Good Shepherd Major Seminary, Kunnoth: Class

08 Sun :..... Edappetty: Jubilee Conclusion

Evening: Cathedral: Jubilee Conclusion

08 Sun- 13 Fri:..... Priests' Annual Retreat

14 Sat: .....Kalpetta: AKCC Netru Sangamam

18 Wednesday:..... Presbyteral Council

Afternoon : Forane Vicars' Meeting

26 Thursday:..... Kalpetta: Blessing of De Paul School Building

28 Saturday:..... Nadavayal: Blessing of School Auditorium

October 2024

01 Tue - 06 Sun:.... Engaged

07 Mon:..... Neikuppa: Blessing of Dominican Convent

09 Wed: ..... Kottiyoor: Ordination: Deacon Binix Kadappur, Rosmenian

12 Saturday:..... Dwaraka: Pastoral Council

14 Monday:..... Bishop's House; Consultors and Finance Council Meeting

17 Thursday:..... Kallody: FCC Vestition

20 Sunday:..... Mahe Basilica: Holy Mass

30 Wednesday:..... Chithragiri: Ordination: Deacon Ebin Thaddeus Mankuzhiyil OFM Cap.

31 Thursday:..... Kallumukku: Ordination: Deacon Justin Joseph Vattakkunnel OFM Cap.

Auxiliary Bishop's Programme

September 2024

06 Friday: ..... Mapranam: Iringalakuda: Holy Mass

07 Saturday: ..... Cherupuzha: Krupalayam: Holy Mass

08 Sunday: Morning:.. Karani: Pastoral Visit

Evening:... Nadavayal: Holy Mass

08 Sun- 13 Fri:..... Priest's Retreat- Batch 2

14 Saturday: Morning: Deepthigiri: Holy Mass

Evening:.... Kaniyaram: Baptism

16 Monday:..... Valavayal: Baptism

18 Wednesday:..... Presbyteral Council

19 Thursday:..... Nadavayal: La Sallete: Holy Mass

22 Sunday:..... Manjoora: Pastoral Visit

29 Sunday:.....Kalpra:Pastoral Visit

October 2024

02 Wednesday: Morning: Panamaram: Padre Pio Ashram: Festal Mass

Afternoon: Chempery: Mission Rally

06 Sunday:..... Meenangadi: Holy Mass

12 Saturday:..... Dwaraka: Pastoral Council

14:Monday:..... Bishop's House:Consultors and Finance Council Meeting

20 Sunday:..... Venniyoor: Festal Mass